# ക്രൈസ്തവ കാഹളം



ആർച്ചുബിഷപ് തിരുമേനി പ. പിതാവിനെ സന്ദർശിച്ചപ്പോൾ

1965
January
Vol. 24. No. 1.

വരിസംഖ്യ മുൻകൂർ 2ക. 50 പ.
വിദേശങ്ങളിൽ 3ക. 50 പ.

# CHRISTHAVA KAHALAM

(An Organ of the Catholic Re-union Movement)

## ഈ ലക്കത്തിൽ


| | | | |
|---|---|---|---|
| 1 | പേപ്പൽമംഗളം | (കെ. ടി. തോമസ് കല്ലുപ്പാറ) | |
| 2. | പത്രാധിപക്കുറിപ്പുകൾ | | |
| 3 | "മലങ്കരസഭ"യും അമലോത്ഭവവും | (A. A) | 3 |
| 4. | മാർപ്പാപ്പാതിരുമേനിയുടെ മൂന്നു പ്രഭാഷണങ്ങൾ | | 5, 7, 8 |
| 5 | ദിവ്യകാരുണ്യബലി—യഥാർത്ഥബലി | ഫാദർ ജോസ് തച്ചിൽ) | 9 |
| 6. | കർതൃപ്രാർത്ഥന | (റവ. ഫാ. തോമസ് പാഴൂർ, M. A., B D., L. T.) | 11 |
| 7. | ധ്യാനചിന്തകൾ | (വി. സി. ഗീവറുഗീസ് കോറെപ്പിസ്കോപ്പാ) | 16 |
| 8. | ബൈബിൾ ആധുനിക ഇസ്രായേലിൽ | (ജെ പാറയന്നിലം, മംഗലാപുരം) | 18 |
| 9. | ആധുനികലോകം സുന്നഹദോസിന്റെ കാഴ്ചപ്പാടിൽ | (ഒ അയ്മനത്ത്) | 21 |
| 10. | ദിവ്യശിശു (കവിത) | (ഫാദർ വറുഗീസ്സ് കാരിക്കോട്ട്) | 24 |
| 11. | അമലോത്ഭവ (കവിത) | (ചാരുംമൂട്) | 24 |
| 12. | ആരാധനക്രമം നമ്മുടെ ജീവിതത്തിൽ | (ഫാദർ ജേക്കബ് ഞായല്ലൂർ) | 25 |
| 13. | ചോദ്യോത്തരപംക്തി | (J G) | 29 |
| 14. | ലോകവാർത്തകൾ | | 30 |
| 15. | അതിരൂപതാവാർത്തകൾ | | |


**For favours received. Inserted by**





Mathai V. G. Typist, Elecon Engg Co. Ltd.
Vallabha Vidyanagar (via) Anad
Kaira District, Gujarat State.

*Chief Editor*: Rt. Rev. Msgr. Philipose Remban.
*Sub*: ,, Rev. Fr. Jacob Gnayalloor,

*Publishing Editor*:
Rev. Fr. C. A. Abraham,
Mar Ivanios College,
Trivandrum-15.

DHARMARAM COLLEGE LIBRARY, BANGALORE. 20048

# ക്രൈസ്തവകാഹളം

| പുസ്തകം 24. | ജനുവരി 1965. | ലക്കം 1. |
|---|---|---|

## വേപ്പൽ മംഗളം

(കെ. ടി. തോമസ് കല്ലുപ്പാറ)

പത്രാസിൻ സ്ഥാനിയായിയെളിമയിലമരും പുണ്യവാൻ, ശുദ്ധപാപ്പാ-
പൗലൂസാം നാമധാരി തിരുസഭതലവൻ 'റോമിലെ സത്യമെത്രാൻ'
പാരെല്ലാം സ്വർഗ്ഗമാക്കിത്തിരുസഭ ഭരണം സ്തുത്യമായ് നിർവ്വഹിപ്പാൻ-
പാർത്തിട്ടനേകനാഥൻ, തിരുവടി മ്ശിഹാ! മംഗളം ചേർത്തിടട്ടെ.

## പത്രാധിപക്കുറിപ്പുകൾ

### ആർച്ചുബിഷപ്പ് തിരുമേനിക്ക് ആദരാജ്ഞലികൾ:

തിരുവനന്തപുരം അതിരൂപതയുടെ അഭിവന്ദ്യ ആർച്ചുബിഷപ്പ് തിരുമനസ്സിലെ നാമഹേതുകനായ നിസ്സായിലെ മാർ ഗ്രീഗോറിയോസിന്റെ തിരുനാളാണ് ഈ ജനുവരി പത്താം തീയതി. മലങ്കര സുറിയാനികത്തോലിക്കാസഭയിലെ ഓരോ അംഗത്തിനും സന്തോഷദായകമായ ഒരു സുദിനമാണന്ന്. പൈതൃകമായ സ്നേഹവാത്സല്യങ്ങളോടുകൂടി അതിരൂപതാംഗങ്ങളുടെ ആധ്യാത്മികവും ലൌകികവുമായ ക്ഷേമകാര്യങ്ങളിൽ ദത്താവധാനനായും ക്രിസ്തീയ സഭകളുടെ ഐക്യം കൈവരുത്തുന്നതിന് തീക്ഷ്ണതയുള്ള ഒരു പ്രേഷിതനായും അനേക വിധത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അഭിവന്ദ്യ തിരുമേനി തിരുവനന്തപുരം അതിരൂപതയെ അഭിവൃദ്ധിയിലേക്കു നയിച്ചുകൊണ്ടിരിക്കുന്നു.

അഗാധമായ ഭക്തജീവിതം, അന്യാദൃശമായ എളിമ, ഹൃദയാഹ്ലാദജനകമായ പെരുമാററം, ലളിതമായ ജീവിതം, വിഷമസന്ദർഭങ്ങളിലുള്ള സമചിത്തത, പ്രതിബന്ധങ്ങളുടെ മുൻപിലുള്ള ധീരത, സർവ്വോപരി പൈതൃകവാത്സല്യത്തി

കവ്വ്—ഇവയെല്ലാം തിരുമനസ്സിലെ പ്രത്യേക സിദ്ധികളാണ്. തിരുമനസ്സിലെ പ്രവർത്തനങ്ങൾ മതകീയ മണ്ഡലങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കുന്നവയല്ല. കേരളത്തിലെ സാംസ്കാരികവും വിദ്യാഭ്യാസപരവും ബുദ്ധിപരവുമായ മണ്ഡലങ്ങളിൽ തിരുമനസ്സിലേക്കു സവിശേഷമായ സ്ഥാനമുണ്ട്.

രണ്ടാം വത്തിക്കാൻ സൂനഹദോസിൽ സജീവമായ ഒരു പങ്ക് തിരുമേനി വഹിക്കുന്നുണ്ട്. പാശ്ചാത്യലോകത്ത് ഇന്ന് തിരുമേനി സുപ്രസിദ്ധനായ ഒരു വ്യക്തിയാണ്. ഈയിടെയാണല്ലോ ബോംബെയിൽവച്ച് രാജ്യാന്തരപ്രശസ്തിക്കുള്ള മറെറാരവസരം ദൈവപരിപാലനയിൽ തിരുമേനിക്കും മലങ്കര കത്തോലിക്കർക്കും ലഭിച്ചത്. തിരുമേനിക്കു ഇനിയും ആദ്ധ്യാത്മികവും ലൗകികവുമായ കൂടുതൽ നന്മകൾ വന്നുചേരുന്നതിനായി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

ക്രൈസ്തവകാഹളത്തിൻെറ നടത്തിപ്പിൽ തിരുമേനി പ്രത്യേകം ശ്രദ്ധാലുവാണ്. തിരുവനന്തപുരം അതിരൂപതയിലെയും തിരുവല്ലാ രൂപതയിലെയും ഓരോ ഭവനത്തിലും ക്രൈസ്തവകാഹളം ചെന്നെത്തണമെന്നാണ് തിരുമനസ്സിലെ ആഗ്രഹം. ഈ ആഗ്രഹം പൂർത്തിയാക്കേണ്ട ചുമതല നമുക്കുണ്ട്.

അഭിവന്ദ്യപിതാവേ, അങ്ങയുടെ നാമഹേതുകനായ മാർ ഗ്രീഗോറിയോസിൻെറ തിരുനാളിൽ, അങ്ങേയ്ക്ക് ആയുരാരോഗ്യങ്ങളും സർവ്വവിധ ദൈവികാനുഗ്രഹങ്ങളും നേർന്നുകൊണ്ട് ക്രൈസ്തവകാഹളം ആദരാഞ്ജലികളർപ്പിക്കുന്നു.

## ദിവ്യകാരുണ്യകോൺഗ്രസിൻെറ ദൂത്—

ചരിത്രത്തിൻെറ ഭാഗമായി കഴിഞ്ഞിരിക്കുന്ന ബോംബെ ദിവ്യകാരുണ്യസമ്മേളനം മലങ്കരസുറിയാനി കത്തോലിക്കാവിഭാഗത്തെ സംബന്ധിച്ചിടത്തോളം അതുല്യപ്രാധാന്യം അർഹിക്കുന്ന ഒന്നായിരുന്നു. നമ്മുടെ അഭിവന്ദ്യ തിരുമേനിമാർ, വികാരി ജനറൽമാർ, പട്ടക്കാർ, കന്യാസ്ത്രീകൾ, ജനപ്രതിനിധികൾ ഇവരടങ്ങിയ പല ശതം ആളുകൾക്ക് ബോംബെ കോൺഗ്രസിൽ സംബന്ധിക്കുന്നതിനുള്ള ഭാഗ്യം ലഭിച്ചു. അവരുടെയെല്ലാം മനസ്സിൽ മായാത്ത മുദ്രകൾ പതിഞ്ഞുകാണും എന്നു നിസ്സംശയം പറയാം. മാർപ്പാപ്പാതിരുമേനി ഇരുകരങ്ങളും ഉയർത്തി ജനലക്ഷങ്ങളെ അനുഗ്രഹിച്ചുകൊണ്ട് അവരുടെ മദ്ധ്യത്തിൽക്കൂടെ സാവധാനത്തിൽ യാത്രചെയ്തതിൻെറ ഓർമ്മമാത്രം മതി ബോംബെ തീർത്ഥാടകർക്കു സംതൃപ്തി നൽകുന്നതിനു്. മലങ്കര സുറിയാനിക്കാരുടെ ഭാഗ്യം ഇതുമാത്രമായിരുന്നില്ല. അവരുടെ വി. കുർബാനയിൽ ആദ്യവസാനം മാർപ്പാപ്പാതിരുമേനി സംബന്ധിച്ചിരുന്നു. തിരുവല്ലാ മെത്രാൻ റൈററ് റവ. സഖറിയാസ് മാർ അത്താനാസ്യോസ് തിരുമേനിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട ഭക്തിസാന്ദ്രമായ സ്ലീബാവന്ദനയുടെ ശുശ്രൂഷാവേളയിൽ ഹൂസായൊ പാപമോചന പ്രാർത്ഥന നടത്തിയതു് മാർപ്പാപ്പാതിരുമേനി ആയിരുന്നു. തിരുവനന്തപുരം ആർച്ചുബിഷപ്പ് തിരുമേനി അർപ്പിച്ച വി. കുർബാന സമയത്ത് മാർപ്പാപ്പാ തിരുമേനി ധൂപക്കുററിയിൽ കുന്തിരിക്കം ഇടുകയും, എവൻഗേലിയോനുശേഷം പ്രസംഗിക്കുകയും, അവസാന ആശീർവ്വാദം നൽകുകയും ചെയ്തു. പ്രാരംഭത്തിൽ "തോബാശ്ലോം" എന്ന സുറിയാനിഗീതം മലങ്കര ഗായകസംഘം പാടിക്കൊണ്ടിരുന്ന പ. പിതാവിനെ സ്വീകരിച്ചതു്. ഗായകസംഘത്തെയും അവരുടെ സമീപം സ്ഥാനം പിടിച്ചിരുന്ന മലങ്കരയിലെ ജനങ്ങളെയും പ. പിതാവു പ്രത്യേകം ആശീർവ്വദിച്ചു. അതുകൊണ്ടു അനുഗ്രഹസമൃദ്ധിയുടെ ഒരവസരമായിരുന്നു ഡിസംബർ 4-ാം തീയതിയിലെ സായാഹ്നം എന്നു ചുരുക്കിപ്പറയാം. രണ്ടു മണിക്കൂർ നീണ്ടുനിന്ന മലങ്കര സുറിയാനിശുശ്രൂഷ ഓവൽ മൈതാനത്തു തടിച്ചുകൂടിയിരുന്ന മൂന്നു ലക്ഷം ജനങ്ങൾക്കു പുതിയതായ ഒരു ആത്മീയസംതൃപ്തി നൽകി എന്നു ആത്മപ്രശംസ കൂടാതെ പറയാം. "Your Mass is a gem of the Church" (നിങ്ങളുടെ വി. കുർബാന സഭയുടെ ഒരു രത്നമാണ്) എന്നു യൂറോപ്പിലെ ഒരു സഭാനേതാവു പറയുകയുണ്ടായി.

മലങ്കരസഭാംഗങ്ങൾക്കു ലഭിച്ച അനുഗ്രഹകരമായ മറെറാരനുഭവം ലോകവ്യാപകമായ ക

പാർശ്വവീക്ഷണം:

# "മലങ്കരസഭ"യും അമലോത്ഭവവും

[A. A.]

വാദപ്രതിവാദംകൊണ്ടു് അധികം വലിയ പ്രയോജനം ഉണ്ടാകാറില്ലെന്നുള്ളതു് ഒരു സത്യമാണ്. എന്നാലും തെറ്റായ അഭിപ്രായങ്ങളും വ്യാഖ്യാനങ്ങളും ഏതെങ്കിലും സഭയുടെ നേതൃസ്ഥാനങ്ങളിൽനിന്നു പുറപ്പെടുമ്പോൾ അവയെപ്പറ്റി പരാമർശിക്കേണ്ടതു് ആവശ്യമായി വരും. സത്യാന്വേഷണത്തിന്റെ ആത്മാവിൽ ഇതു ചെയ്യണമെന്നു മാത്രം. അപ്രകാരം ചെയ്യുന്നതിനാണ് ഈ കുറിപ്പിൽക്കൂടി ശ്രമിക്കുന്നതു് എന്നു് ആദ്യമെ പറഞ്ഞുകൊള്ളട്ടെ.

ഓർത്തഡോക്സ് സുറിയാനി സഭയുടെ ഒരു മാസികയായ "മലങ്കരസഭ"യിൽ (ഡിസംബർ ലക്കം) റവ. ഫാദർ എം. വി. ജോർജ്ജിന്റെ ഒരു ലേഖനത്തിൽ വിവാദപരമെന്നു് ഈ ലേഖകൻ കരുതുന്ന ഒരു വ്യാഖ്യാനം കാണാനിടയായി. ദൈവമാതാവിന്റെ അമലോത്ഭവത്തിനെതിരായ പുതിയതും ശക്തിയുള്ളതുമായ ഒരു വാദമാണ് തന്റെ വ്യാഖ്യാനമെന്നു് ഫാദർ ജോർജ്ജ് പറഞ്ഞിട്ടുണ്ട്. വി. തോമസ് അക്വിനാസിന്റെ വാദങ്ങൾക്കു തുല്യമാണതു് തന്റേതു് എന്നുപോലും അദ്ദേഹം അവകാശപ്പെടുകയും ചെയ്യുന്നു. എന്താണീ പുതിയ വാദമുഖം? "കൃപ നിറഞ്ഞ മറിയമേ, നിനക്കു സമാധാനം" എന്നു കന്യകമറിയാമിനോടു മാലാഖാ പറഞ്ഞു. കൃപ നൽകുന്നതു് എന്തെങ്കിലും ന്യൂനതയോ അനർഹതയോ (അതായതു പാപം) ഉള്ളിടത്താണ്. ദൈവമാതാവ് അമലോത്ഭവയല്ലായിരുന്നതുകൊണ്ടാണ് അവൾക്കു കൃപ ലഭിച്ചതു്; അമലോത്ഭവയായിരുന്നെങ്കിൽ കൃപ ലഭിക്കേണ്ട ആവശ്യമോ അതിനുള്ള അർഹതയോ ഇല്ലായിരുന്നു. ഇതാണ് ഫാ. എം. വി. ജോർജ്ജിന്റെ വ്യാഖ്യാനം.

കൃപ (തൈബൂസാ) എന്ന വാക്കിനെപ്പറ്റി ഉപന്യസിക്കാതെ തന്നെ—അതു് ഇനിയൊരവസരത്തിലാവാം—ബ. അച്ചന്റെ വ്യാഖ്യാനം സ്വീകരിക്കാനുള്ള വൈഷമ്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. 1) നിനക്കു ഞാൻ കൃപ നൽകുന്നു, ഇപ്പോൾ കൃപകൊണ്ടു നീ നിറയപ്പെടുന്നു, പരിശുദ്ധാത്മാവു വരുമ്പോൾ നിനക്കു കൃപ ലഭിക്കും, എന്നൊന്നും മാലാഖാ പറഞ്ഞിട്ടില്ല. "കൃപനിറഞ്ഞവളെ" എന്നു് പൂർവ്വകാല സൂചനയോടെയാണ് മാലാഖാ പറയുന്നതു്. മാലാഖ വരുന്നതിനു മുമ്പുതന്നെ മറിയാം കൃപനിറഞ്ഞവളായിരുന്നു. യോഹന്നാൻ മാം

---

കത്തോലിക്കാ സഭയുടെ വിവിധത്വത്തെയും ഏകത്വത്തെയും ഒരേ സമയം ദർശിക്കുവാൻ അവർക്കു സാധിച്ചു എന്നുള്ളതാണ്. കത്തോലിക്കാ സഭയുടെ ഐക്യത്തിൽ വന്നുചേർന്നതിന്റെ അർത്ഥം ബോംബെ കോൺഗ്രസ് വ്യക്തമാക്കിത്തന്നു എന്നു് അതിശയോക്തികൂടാതെ പറയാം. എത്ര വലിയ പദവിയാണ് നമുക്കു ലഭിച്ചിരിക്കുന്നതു്! സാർവ്വലൗകികതയുടെയും ഐക്യത്തിന്റെയും ആത്മീയസമൃദ്ധിയുടെയും പുളകം കൊള്ളിക്കുന്ന ഈ അനുഭവം പകർന്നുകൊടുക്കാൻ വേറൊരു സഭയ്ക്കും സമൂഹത്തിനും സാധിക്കുകയില്ല. ലോകവ്യാപകമായ കത്തോലിക്കാസഭയിൽ പൗരസ്ത്യർ അതിഥികളല്ല, മക്കൾ തന്നെയാണ് എന്നും ബോംബെ കോൺഗ്രസ് പ്രഖ്യാപിച്ചു എന്നു പറയാം.

ബോംബെയിലെ നമ്മുടെ പ്രത്യേക പരിപാടികൾ സംഘടിപ്പിക്കുന്നതിലും നടത്തുന്നതിലും പങ്കുവഹിച്ച എല്ലാവരെയും ഞങ്ങൾ പ്രത്യേകം അനുമോദിക്കുകയും, ബോംബെ കോൺഗ്രസ് പുറപ്പെടുവിച്ചിരിക്കുന്ന നവചൈതന്യം നമ്മെ നയിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ദാനായ്ക്കു് മാതാവിന്റെ ഉദരത്തിൽ വച്ചുതന്നെ കൃപലഭിച്ചു. ദൈവമാതാവായി തിരഞ്ഞെടുക്കപ്പെട്ടിരുന്ന മറിയാമിനു് മാതാവിന്റെ ഉദരത്തിൽ ഉരുവായ നിമിഷം മുതൽ ഈ കൃപലഭിച്ചു എന്നാണു സഭ പഠിപ്പിക്കുന്നതു്. ഇതു സ്വീകാര്യമല്ലെങ്കിൽ, പിന്നെ എപ്പോഴാണു കൃപ ലഭിച്ചതെന്നു തെളിയിക്കേണ്ടിയിരിക്കുന്നു.

(2) കൃപകൊണ്ടു നിറയുക അല്ലെങ്കിൽ കൃപ ലഭിക്കുക എന്നുള്ളതു് അതിനു മുമ്പുള്ള പാപാവസ്ഥയെ തെളിയിക്കുന്നു എന്നാണല്ലോ ഫാ. ജോർജ്ജ് പറയുന്നതു്. അങ്ങനെയെങ്കിൽ, യേശുക്രിസ്തുവിലും പാപമുണ്ടായിരുന്നു എന്നു പറയേണ്ടിവരുമെന്നു തോന്നുന്നു. "പൈതൽ വളർന്നു, ആത്മാവിൽ ബലപ്പെട്ടു, വിവേകംകൊണ്ടു നിറഞ്ഞും വന്നിരുന്നു. ദൈവത്തിന്റെ കൃപയും അവന്റെ മേൽ ഉണ്ടായിരുന്നു." (വി. ലൂക്കാസ് 2, 40). "യേശു പ്രായത്തിലും ജ്ഞാനത്തിലും മനുഷ്യരുടെയും മുമ്പിൽ കൃപയിലും വളർന്നുവന്നു", (2, 52). യേശുക്രിസ്തുവിന്റെ മനുഷ്യസ്വഭാവം കൃപനിറഞ്ഞതായിരുന്നു. പാപമുണ്ടായിരുന്നതു കൊണ്ടാണു് യേശുക്രിസ്തുവിൽ കൃപയുണ്ടായിരുന്നതെന്നു പറയാൻ കഴിയുമോ? ആദാമിനെയും ഹവ്വായെയും പ്രസാദവരത്തോടുകൂടെ (Sanctifying grace) യാണു ദൈവം സൃഷ്ടിച്ചതു്. പാപം ചെയ്യുന്നതിനു മുമ്പുണ്ടായിരുന്ന കൃപയുടെ ഈ അവസ്ഥ അവർ നഷ്ടപ്പെടുത്തുകയത്രെ ചെയ്തതു്. പാപമുള്ളിടത്തു് ദൈവത്തിന്റെ കൃപ ലഭിച്ചിട്ടുണ്ടു്, ലഭിക്കുന്നുണ്ടു്. അതുകൊണ്ടു കൃപലഭിക്കുന്നിടത്തെല്ലാം പാപമുണ്ടായിരിക്കണം എന്നു പറഞ്ഞാൽ അതു ശരിയാകുമോ?

(3) "ദൈവം ഉയർന്നവരെ താഴ്ത്തുകയും, താഴ്മയുള്ളവർക്കു കൃപനൽകുകയും ചെയ്യുന്നു" (സദൃശവാക്യങ്ങൾ 3, 34; വി. യാക്കോബു് 4, 6; വി. പത്രോസ് 1. 5, 6.) "...... അവൻ തന്റെ ദാസിയുടെ താഴ്മയെ തൃക്കൺ പാർത്തു ......ശക്തനായവൻ എനിക്കു വലിയകാര്യങ്ങൾ ചെയ്തു" (വി. ലൂക്കാസ് 1, 48). ദൈവത്തിന്റെ കൃപലഭിക്കാൻ പാപം ഉണ്ടായിരുന്നാ മതിയാവൂ എന്നു പറയുന്നതു് എത്ര വിശകാ

ണെന്നു് മുകളിൽ വ്യക്തമാക്കിയല്ലോ. താഴ്മയുള്ളവർക്കു കൃപലഭിക്കുന്നു എന്നു് മേൽ കൊടുത്തിരിക്കുന്ന വാക്യങ്ങൾ സൂചിപ്പിക്കുന്നു. ദൈവകൃപയുടെ വ്യാപാരം പലവിധത്തിലുള്ളതായി ദൈവവചനം പറയുന്നു. അതിൽനിന്നു് ഒന്നുമാത്രം വേർതിരിച്ചു് തെറ്റായി വ്യാഖ്യാനിക്കുകയാണു് ബ. എം. വി. ജോർജ്ജച്ചൻ ചെയ്തിരിക്കുന്നതെന്നു ഖേദപൂർവ്വം പറയേണ്ടിയിരിക്കുന്നു.

"കൃപനിറഞ്ഞവളേ" എന്ന ഒരു പദപ്രയോഗത്തിന്മേലാണു് അമലോത്ഭവ വിശ്വാസം ഉറപ്പിച്ചിരിക്കുന്നതു് എന്നു് എനിക്കു തോന്നുന്നില്ല. എന്നാൽ ഈ പദപ്രയോഗം അമലോത്ഭവത്തിനെതിരായ ഒരു ശക്തിയേറിയ വാദമുഖമായി ഉപയോഗിക്കുന്നതു് അല്പം സാഹസമാണു് എന്നു പറയാതിരിക്കാനും നിവൃത്തിയില്ല. എങ്ങനെയെങ്കിലും കത്തോലിക്കാ വിശ്വാസത്തെ എതിർക്കണം എന്നതിനേക്കാൾ അതിനെ താഴ്മയോടെ പഠിക്കുകയും പരിശോധിക്കുകയും ചെയ്യുന്നതല്ലേ കൂടുതൽ പ്രയോജനകരം?

മുമ്പൊരവസരത്തിൽ ഫാ. എം. വി. ജോർജ്ജ് പുറപ്പെടുവിച്ച വേറൊരു വ്യാഖ്യാനം ഈയവസരത്തിൽ ഓർത്തുപോവുകയാണു്. "പിതാവെ, നീയും ഞാനും ഒന്നായിരിക്കുന്നതു പോലെ....ഇവരും....ഒന്നാകണം" എന്നു് യേശുക്രിസ്തു പ്രാർത്ഥിച്ചു. (വി. യോഹ. 17, 21). പിതാവും പുത്രനും സമന്മാരാണു്. അതുപോലെ പാത്രിയർക്കീസന്മാർ എല്ലാവരും സമന്മാരായിരിക്കണം", എന്നായിരുന്നു ബ. അച്ചന്റെ വ്യാഖ്യാനം! എല്ലാ വിശ്വാസികളും ഒന്നായിരിക്കേണ്ടതിനാണു് കർത്താവു പ്രാർത്ഥിച്ചതു്. അതുകൊണ്ടു് പാത്രിയർക്കീസന്മാർ സമന്മാരായിരിക്കണം എന്നു പറയുന്നതിനേക്കാൾ ശരിയായിട്ടുള്ളതു് പെന്തിക്കോസ്തുകാർ പറയുന്നതുപോലെ എല്ലാ വിശ്വാസികളും സമന്മാരായിരിക്കണം, അല്ലെങ്കിൽ അച്ചന്മാരും കാതോലിക്കാമാരും തുല്യരായിരിക്കണം, എന്നൊക്കെ പറയുന്നതല്ലേ എന്നു് ഈ ലേഖകൻ ബ. എം. വി. ജോർജ്ജച്ചനോടു് എഴുതിച്ചോദിച്ചു. ബ. അച്ചൻ പറഞ്ഞതു് സ്വന്തം അഭിപ്രായമാണോ, വല്ല പിതാക്കന്മാരു

## മൂന്നു പ്രഭാഷണങ്ങൾ

അടുത്ത കാലത്തു് ബോംബായിൽവച്ചു് മാർപ്പാപ്പാതിരുമേനി ചെയ്ത മൂന്നു പ്രഭാഷണങ്ങളുടെ പരിഭാഷയാണു് ഞങ്ങൾ താഴെ ചേർക്കുന്നതു്. ഒന്നാമത്തേതു് സിറോമലങ്കരറീത്തിലുള്ള ആരാധനാവേളയിൽവച്ചു് ചെയ്തതാണു്. രണ്ടാമത്തേതു് അകത്തോലിലിക്കാ സമുദായങ്ങളുടെ പ്രതിനിധികളെ സ്വീകരിച്ചപ്പോൾ ചെയ്തതു്. മൂന്നാമത്തേതു് അക്രൈസ്തവസഹോദരങ്ങളെ സ്വീകരിച്ച സന്ദർഭത്തിൽ ചെയ്തതു്. (പത്രാധിപർ)

## സാർവ്വത്രിക സഭയിലെ ആരാധനാ വൈവിധ്യവും വിശ്വാസ ഐക്യവും—

## (മാർപ്പാപ്പാതിരുമേനി മലങ്കരസുറിയാനി കുർബ്ബാനമദ്ധ്യേ ബോംബെയിൽ ചെയ്ത പ്രസംഗം)

I

വന്ദ്യ സഹോദരന്മാരെ, ക്രിസ്തുവിൽ പ്രിയ മക്കളെ,

ആരാധനയിൽ ഒന്നിച്ചുകൂടിയിരിക്കുന്ന ഈ വലിയ ജനസമൂഹത്തെ നാം കാണുമ്പോഴും ഇവിടെ അർപ്പിക്കപ്പെടുന്ന വി. കുർബ്ബാനയിലെ പ്രാർത്ഥനകളും ഗാനങ്ങളും നമ്മുടെ കർണ്ണങ്ങളിൽ മുഴങ്ങുമ്പോഴും നമ്മുടെ കർത്താവിൻെറ വാക്കുകൾ നമ്മുടെ മനസ്സിൽക്കൂടി കടന്നുപോകുന്നു: "ഞാൻ നിങ്ങളോടു പറയുന്നു, കിഴക്കുനിന്നും പടിഞ്ഞാറുനിന്നും അനേകർ വന്നു് അബ്രഹാമിനോടും ഇസഹാക്കിനോടും യാക്കോബിനോടും കൂടെ സ്വർഗ്ഗരാജ്യത്തിൽ വിരുന്നിനിരിക്കും". (മത്താ. 8: 11) നമ്മുടെ കർത്താവിൻെറ വാക്കുകൾ പരിപൂർണ്ണമായി നിവർത്തിയാക്കപ്പെടുന്ന ആ സന്തോഷകരമായ ലക്ഷ്യത്തിൽ നാം എത്തിയിട്ടില്ലെങ്കിലും ഇന്നിവിടെ സന്നിഹിതമായിരിക്കുന്ന ജനതതിയിൽ ലക്ഷ്യത്തിലേക്കുള്ള ചുവടുവെപ്പ് ദൃശ്യമായ രീതിയിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ടെന്നുള്ള വസ്തുത നമുക്കു സന്തോഷം നൽകുന്നുണ്ടു്. കിഴക്കുനിന്നും പടിഞ്ഞാറുനിന്നും അനേകംപേർ വന്നിട്ടുണ്ടു്. അവർ കർത്താവിൻെറ മേശക്കു ചുററും ഒന്നിച്ചു ചേർന്നിരിക്കുന്നു. അ

---

ടെയും അഭിപ്രായമാണോ എന്നു ഞാൻ അന്വേഷിച്ചു. എഴുത്തിനു മറുപടികിട്ടി.

പക്ഷെ, വേദപുസ്തക വ്യാഖ്യാനത്തെപ്പററി ഒന്നും അതിലില്ലായിരുന്നു! കാലംചെയ്ത കാതോലിക്കാബാവാ തിരുമേനിക്കു് ബ. അച്ചനോടുണ്ടായിരുന്ന വാത്സല്യത്തെ സ്മരിച്ചു് എഴുതിയ ഒരു ലേഖനത്തിലാണു് ബ. അച്ചൻ അദ്ദേഹത്തിൻെറ പുതിയ വ്യാഖ്യാനം പ്രകാശിപ്പിച്ചിരിക്കുന്നതു്. ജബ്ബൽപൂർ, ഡ്രൂ യൂണിവേഴ്സിററി മുതലായ സ്ഥലങ്ങളിൽ നിന്നു ലഭിക്കുന്ന വേദശാസ്ത്രത്തെപ്പററി ബാവാ തിരുമേനിക്കുണ്ടായിരുന്ന അഭിപ്രായം കൂടെ ബ. അച്ചൻ സ്മരിക്കുമെന്നു പ്രത്യാശിക്കുന്നു.

ദൈവമാതാവിനു കൊടുക്കുന്ന ബഹുമാനത്തിൽ ഓർത്തഡോക്സ് സഭകൾ മററാരുടെയും പിന്നിലല്ല. ഓർത്തഡോക്സ് സുറിയാനിസഭയിലെ പട്ടക്കാരും മേല്പട്ടക്കാരും നമസ്കാരത്തിൻെറ അവസാനത്തിൽ ജനങ്ങളെ ആശിർവ്വദിച്ചുകൊണ്ടു ചൊല്ലുന്ന മനോഹരമായ പ്രാർത്ഥന ശ്രദ്ധിക്കുക: "കരുണയുള്ള മാതാവും ജയം ധരിച്ചിരിക്കുന്നവളും, രണ്ടാമത്തെ സ്വർഗ്ഗവും, സത്യക്രിസ്ത്യാനികളുടെ പുകഴ്ചയും ആയിരിക്കുന്ന മാലിന്യമില്ലാത്ത വിശുദ്ധ കന്യകയും ദൈവമാതാവുമായ മറിയാമിൻെറ പ്രാർത്ഥനകളാലും അപേക്ഷകളാലും നിങ്ങൾ സാത്താൻെറ കൈകളിൽ നിന്നും ദുർവ്വികാരങ്ങളിൽ നിന്നും വീണ്ടുകൊള്ളപ്പെട്ടവരാകട്ടെ".

ഇത്തരത്തിലുള്ള പ്രാർത്ഥനയുടെയും അതിലടങ്ങിയിരിക്കുന്ന വിശ്വാസത്തിൻെറയും ചൈതന്യത്തിനു ദൂഷ്യംവരുത്തുന്ന യാതൊന്നും, കത്തോലിക്കാ വിരോധത്തിൻെറ പേരിൽ പോലും, ഓർത്തഡോക്സ്സഭയിൽ കയറിപ്പററാതിരിക്കട്ടെ എന്നാശംസിക്കുന്നു.

നേകപാരമ്പര്യങ്ങളും സംസ്കാരങ്ങളും ഇവിടെ പ്രതിനിധാനം ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ, ഇവിടെ സമർപ്പിക്കപ്പെടുന്ന ദിവ്യബലി ഏകമാണ്. അതു സൂചിപ്പിക്കുകയും കെട്ടിപ്പടുക്കുകയും ചെയ്യുന്ന ഐക്യമാകട്ടെ, യേശു ക്രിസ്തുവിൽ ദൈവത്തോടുള്ള മനുഷ്യവർഗ്ഗം മുഴുവന്റെയും ഐക്യമാണ്.

നമ്മൾ ഇന്ന് ഇവിടെ അർപ്പിക്കുന്ന ദൈവാരാധന സഭയിലെ പുരാതനമായ ഒരു പാരമ്പര്യത്തിൽ നിന്നാണ് ഉളവായിട്ടുള്ളതു്. ആദ്യമായി, അതു് നമ്മെ ശക്തിപൂർവ്വം അനുസ്മരിപ്പിക്കുന്ന വസ്തുത കർത്താവിന്റെ ജന്മദേശമായ പലസ്തീനായിൽനിന്ന് ബഹുമാന്യമായ പാരമ്പര്യങ്ങളിൽക്കൂടി കൊണ്ടുവരപ്പെട്ട നിലയിൽ അപ്പസ്തോലികകാലം മുതൽ ക്രിസ്തുമതം മഹത്തായ ഈ നാട്ടിൽ ഉണ്ടെന്നുള്ളതാണ്. സുറിയാനി എന്നുള്ള നാമം അവരുടെ ഉത്ഭവത്തെ സൂചിപ്പിക്കുന്നുവെങ്കിൽ ഇൻഡ്യയുടെ മണ്ണിൽ അവർ ആഴമായി വേരിറക്കിയിട്ടുണ്ടെന്നുള്ളതാണ് കർമ്മങ്ങളും ഭാഷയും വ്യക്തമായി കാണിക്കുന്നതു്. നൂറ്റാണ്ടുകളിൽക്കൂടി, അവ പലപ്പോഴും വിഷമങ്ങൾ നിറഞ്ഞതായിരുന്നു, അവർ തങ്ങളുടെ ചൈതന്യവും ശക്തിയും പരിരക്ഷിച്ചു. തൽഫലമായി ഇന്ന് അവർ ക്രിസ്തുവിന്റെ സുവിശേഷത്തിന്റെ നിത്യസുഭഗമായ ശക്തിവിശേഷതയുടെ സജീവ സാക്ഷികളാണ്.

ഈ രാജ്യത്തിലെ ക്രിസ്തീയ ജീവിതത്തിന് കഴിഞ്ഞ നൂറ്റാണ്ടുകൾ പല സംഭാവനകളും നൽകിയിട്ടുണ്ട്. മഹാനായ വി. ഫ്രാൻസിസ് സേവിയറും അദ്ദേഹത്തിന്റെ പിൻഗാമികളായി വിവിധ സംസ്കാരങ്ങളിൽ നിന്നു തീക്ഷ്ണതയുള്ള അനേകം പ്രേഷിതരും ക്രിസ്തുവിന്റെ സമാധാനത്തിന്റെയും ദൈവവുമായുള്ള നമ്മുടെ രമ്യതയുടെയും ദൂതന്മാരായി ഈ നാട്ടിലെത്തിയിട്ടുണ്ട്. നവീനമായ ഈ പാരമ്പര്യങ്ങൾ അവയുടേതായ പല പ്രത്യേകതകളും പരിരക്ഷിച്ചിട്ടുണ്ടെങ്കിലും അവ ഈ രാജ്യത്തിന്റെ സംസ്കാരത്തിൽ നിന്നും ധാരാളം കാര്യങ്ങൾ ഉൾക്കൊള്ളാൻ ശ്രമിച്ചുകൊണ്ടാണിരിക്കുന്നതു്.

എല്ലാം സംസ്കാരങ്ങളെയും ആശ്ലേഷിക്കുന്ന ഓരോ സംസ്കാരത്തിലുമുള്ള സത്യവും സൗന്ദര്യവും പ്രത്യേകമായ വിധത്തിൽ പ്രകടിപ്പിക്കാൻ കഴിവുള്ള, എല്ലാ മനുഷ്യർക്കുംവേണ്ടിയുള്ളതുമായ, ക്രിസ്തുവിന്റെ സഭയുടെ സാർവ്വത്രികതയുടെ സജീവമായ സാക്ഷ്യമാണ് ഈ പാരമ്പര്യങ്ങളുടെ ബഹുത്വം. ഒരു പ്രത്യേകമായ രീതിയിൽ ഈ ദിവ്യകാരുണ്യകോൺഗ്രസ്സ് ഈ വസ്തുത വെളിവാക്കുന്നുണ്ട്; രണ്ടാം വത്തിക്കാൻ സൂനഹദോസിൽ സമ്മേളിച്ച പിതാക്കന്മാരോടൊത്തു് അടുത്ത കാലത്തു് നാം പ്രഖ്യാപിച്ച സത്യത്തിനു സാക്ഷ്യം വഹിക്കുന്നുണ്ട്. "ഓരോ ജനതയുടേയും ബുദ്ധിപ്രകർഷതയെ വെളിപ്പെടുത്തുന്ന പ്രാപ്തി, സമ്പത്തു, ആചാരങ്ങൾ, ഇവയിൽ നല്ലതായിട്ടുള്ളവയെ സഭ പ്രോത്സാഹിപ്പിക്കുകയും സ്വകീയമാക്കുകയും ചെയ്യുന്നുണ്ട്. അവയെ സ്വകീയമാക്കിക്കൊണ്ട് സഭ അവയെ ശുദ്ധമാക്കുകയും ശക്തിപ്പെടുത്തുകയും ഉയർത്തുകയും ചെയ്യുന്നു"

ഈ സത്യം അംഗീകരിക്കുമ്പോൾ അതു നമ്മിൽ ചുമത്തുന്ന കടമകളെ നാം ഏറ്റുപറകയാണു ചെയ്യുക. ഇവയിൽ പ്രഥമമായതു് വിഭിന്നങ്ങളായ ആരാധനക്രമപാരമ്പര്യങ്ങളിൽ പങ്കു കൊള്ളുന്നവർ തമ്മിൽ ഗാഢവും സഹോദരപരവുമായ സഹകരണത്തിന്റെ ആവശ്യകതയത്രെ. അപ്പോസ്തലന്മാരുടെയും പിതാക്കന്മാരുടെയും പ്രബോധനങ്ങൾ മുറുകെ പിടിക്കുന്നതിലും അപ്പം മുറിക്കുന്നതിലും നിങ്ങളെല്ലാവരും ഒന്നാണ്. പരസ്പരമുള്ള യോജിപ്പിലും കർത്താവു തന്റെ സഭയുടെ പ്രധാന ഇടയനായി നിയമിച്ച പത്രോസിന്റെ പിൻഗാമിയോടുള്ള യോജിപ്പിലും നിങ്ങളെല്ലാവരും ഒന്നാണ്. ഒരു പക്ഷേ, കഴിഞ്ഞ കാലങ്ങളിൽ പരസ്പരമുള്ള സഹകരണത്തോടുകൂടിയ യഥാന്യായമായ ബഹുത്വത്തെക്കുറിച്ചുള്ള ആശയം പലപ്പോഴും മങ്ങിപ്പോയിരിക്കാം. എന്നാൽ, ഇന്ന് ഈ ആശയത്തെക്കുറിച്ചു ശരിയായ അവബോധം ആവശ്യമാണ്. സഭയെക്കുറിച്ചു സൂനഹദോസ് അംഗീകരിച്ച ഘടന വ്യക്തമായി പ്രസ്താവിക്കുന്നു: "ഈ സാർവ്വത്രികത നിമിത്തം ഓരോ പ്രത്യേക ഭാഗവും അതിന്റെ പ്രത്യേകമായ ദാനങ്ങൾ മുഖേന മറ്റുള്ള ഭാഗങ്ങൾക്കും സഭയ്ക്കു മുഴുവനും നന്മ ചെയ്യുന്നു. ദാനങ്ങളുടെ പൊതുവായ പങ്കിടീൽ മുഖേനയും ഐക്യതയിൽ പൂർണ്ണമാകുവാനുള്ള പൊതുവായ പ്രയത്നം മുഖേനയും ഓരോ ഭാഗവും മുഴുവൻ സഭതന്നെയും അഭിവൃദ്ധി പ്രാപിക്കുന്നു." ഓ! ഈ വാക്കുകൾ നിങ്ങളുടെ ഹൃദയങ്ങളിൽ മുദ്രിതമാകുകയും നിങ്ങളുടെ വ്യക്തിപരവും സമൂഹപരവുമായ ജീവിതത്തിൽ ഫലമണിയുകയും ചെയ്യ്ടി

# ക്രിസ്തീയ ഐക്യത്തിനുള്ള ആഹ്വാനം

## [വിവിധ ക്രൈസ്തവസഭാദ്ധ്യക്ഷന്മാരുടെ സമ്മേളനത്തിൽ മാർപ്പാപ്പാ തിരുമേനി ബോംബെയിൽ ചെയ്ത പ്രസംഗം]

II

**ക്രിസ്തുവിൽ പ്രിയ സുഹൃത്തുക്കളെ,**

നമ്മുടെ ഈ സമ്മേളനം സന്തോഷവും പ്രാധാന്യവും ഉള്ള ഒരു സന്ദർഭമാണ്. ഇന്ത്യയിലെ അനേകം ക്രൈസ്തവ സഭകളുടെയും സമുദായങ്ങളുടെയും പ്രതിനിധികളെ കാണാൻ ബോംബെയിലേക്കുള്ള നമ്മുടെ തീർത്ഥയാത്ര സഹായിച്ചതിൽ നാം സന്തോഷിക്കുന്നു. സാഹോദര്യത്തിൻെറയും പരസ്പരധാരണയുടെയും അന്തരീക്ഷത്തിലാണ് നമ്മുടെ സമ്മേളനം നടക്കുന്നതെന്നതിൽ പ്രത്യേകിച്ചും നാം സന്തുഷ്ടനാണ്. യേശുക്രിസ്തുവിൻെറ നാമം വഹിക്കുന്ന എല്ലാവരുടെയും ഹൃദയങ്ങളിൽ പരിശുദ്ധാത്മാവ് ഒരു പ്രത്യേകതരത്തിൽ പ്രവത്തിച്ചുകൊണ്ടിരിക്കുന്നതിൻെറ അടയാളമാണിത്. പരിശുദ്ധാത്മദാനങ്ങളെ, ഈ ദിവസങ്ങളിൽ പ്രത്യേകിച്ചും, ധാരാളമായി നമുക്ക് നൽകിയതിന് നാം ദൈവത്തോട് കൃതജ്ഞരാണ്. കാരണം, തങ്ങളുടെ കത്താവിനെ വിശ്വസ്തതയോടെ സേവിക്കുവാൻ ആഗ്രഹിക്കുന്നവർക്കെല്ലാം ക്രൈസ്തവരുടെ ഇടയിലുള്ള ഭിന്നതകൾ വേദനാജനകമെങ്കിൽ, ഈ ഭിന്നതകളെ ഇല്ലാതാക്കുന്നതിനുള്ള ശ്രമങ്ങൾ ധാരാളം നടക്കുന്നുവെന്നത് സന്തോഷത്തിനും സ

രുന്നെങ്കിൽ! ക്രിസ്തു നിങ്ങൾക്കുതന്നിട്ടുള്ള ചുമതല സാക്ഷാത്കരിക്കുന്നതിനുള്ള ഉത്തേജകശക്തി ഈ വാക്കുകളായിത്തീർന്നാൽ ദൈവാനുഗ്രഹങ്ങളുടെ എത്രയധികം സമ്പത്ത് നിങ്ങൾക്കും നിങ്ങളുടെ നാടിനും ലോകം മുഴുവനുതന്നെയും ലഭിക്കാതിരിക്കയില്ല!

സഭയുടെ സാർവ്വത്രികതയെക്കുറിച്ചുള്ള ഈ അവബോധത്തിൽ നിന്ന് മുളയെടുക്കുന്ന മറ്റൊരു കടമയുണ്ട്. ആധുനികകാലത്തെ ആവശ്യങ്ങളോടു പൊരുത്തപ്പെട്ടുപോകുന്നതിനും നിങ്ങളുടെ ജന്മനാടിൻെറ ജീവിതത്തിലും സംസ്കാരത്തിലും കൂടുതൽ പങ്കുവഹിക്കുന്നതിനും നിങ്ങൾ പരിശ്രമിക്കുമ്പോൾ തന്നെ നിങ്ങളുടെ പാരമ്പര്യങ്ങളോടു നിങ്ങൾ വിശ്വസ്തരായിരിക്കണമെന്നുള്ളതാണ് ആ കടമ. നിങ്ങളുടെ പാരമ്പര്യങ്ങളോടുള്ള വിശ്വസ്തത, പഴയ കാലത്തെ നല്ലതും ശരിയുമായിട്ടുള്ളവയോടു ബന്ധം പുലത്തുന്നതിനും ഈ പാരമ്പര്യങ്ങളിൽ പങ്കുണ്ടെങ്കിലും കത്തോലിക്കാസഭയോടു പരിപൂണ്ണമായ ഐക്യതയിലല്ലാത്തവരുമായിട്ടുള്ള ബന്ധം നിലനിറുത്തുകയോ പുനഃസ്ഥാപിക്കുകയോ ചെയ്യുന്നതിനും സഹായകമായിരിക്കും. വിശ്വസ്തതയുടെയും സ്നേഹത്തിൻെറയും അരൂപിയിൽ, മത്സരബുദ്ധിയില്ലാതെയുള്ള പരസ്പരസഹകരണംവഴി, ഒന്നിച്ചു പ്രവത്തിക്കുകയും ഒന്നിച്ചു ജീവിക്കുകയും ചെയ്യുന്ന ക്രിസ്ത്യാനികളുടെ ഇടയിൽ ഐക്യം സംജാതമാകുന്നതിനുവേണ്ടി വലിയ സംഭാവനകൾ നൽകുവാൻ നിങ്ങൾക്കു കഴിയും.

എന്നാൽ, ഈ വിശ്വസ്തത ഭൂതകാലത്തോടുള്ള നിർജ്ജീവമായ ആദരമായിരിക്കരുത്. നിങ്ങളുടെ ജനങ്ങൾ തങ്ങളുടെ നാടിൻെറ ആധ്യാത്മികവും സാംസ്കാരികവുമായ ജീവിതത്തിനു സജീവമായ സംഭാവനകൾ നൽകുവാൻ തുടർന്നു യത്നിക്കുമ്പോൾ അവരുടെ ആവശ്യങ്ങളുമായി സജീവമായി പൊരുത്തപ്പെട്ടുപോകുന്നതായിരിക്കണം, ഈ വിശ്വസ്തത. സഹോദരപരമായ സഹകരണത്തിൻെറ അരൂപിയിൽ, വിവിധ ഹൈരാക്കികളും അവരുടെ വിശ്വാസികളും ഒന്നിച്ച് ഈ വിശ്വസ്തതയുടെയും പൊരുത്തപ്പെടലിൻെറയും ഐക്യതയിൽ എത്തുന്നതിലാണ് മതജീവിതത്തിലും ആധ്യാത്മിക പരിശ്രമങ്ങളിലും സമ്പന്നമായ പ്രിയ നാടായ ഇൻഡ്യയിൽ ക്രിസ്തുവിൻെറയും അങ്ങയുടെ സുവിശേഷത്തിൻെറയും യഥാത്ഥമായ സാക്ഷ്യത്തിനുള്ള ഭാവി സ്ഥിതി ചെയ്യുന്നത്.

ഈ അരൂപിയിലാണ്, ഈ പരിശുദ്ധമായ ആരാധനയിലെ കാമ്മികന്മാരുടെമേലും അവരുടെ വൈദികരുടെയും വിശ്വാസികളുടെയുംമേലും എല്ലാ റീത്തുകളിലും സംസ്കാരത്തിലുമുള്ളവരുമായി ഇവിടെ സമ്മേളിച്ചിരിക്കുന്ന മെത്രാന്മാരുടെയും വൈദികരുടെയും വിശ്വാസികളുടെയും മേലും അപ്പസ്തോലികമായ ആശിവാദം സന്തോഷം തുളുമ്പുന്ന ഹൃദയത്തോടെ നാം നൽകുന്നത്.

# ക്രിസ്തീയസഭയും ഇതര മതസംസ്കാരങ്ങളും

## (അക്രൈസ്തവ മതനേതാക്കന്മാരോട് മാർപ്പാപ്പാ തിരുമേനി ബോംബെയിൽ ചെയ്ത പ്രഭാഷണം)

## III

ചിരകാലമായുള്ള ഒരു അഭിലാഷത്തിന്റെ സാക്ഷാത്കരണമാണ് ഈ സന്ദർശനം. നിങ്ങളുടേത് പുരാതനമായ സംസ്കാരമുള്ള ഒരു രാജ്യമാണ്, മഹനീയ മതങ്ങളുടെ കളിത്തൊട്ടിലാണ്, ധ്യാനത്തിലും നിശ്ശബ്ദതയിലും നിരന്തരമായ പ്രാർത്ഥനാഗീതങ്ങളിലുംകൂടെ അടങ്ങാത്ത ആഗ്രഹത്തോടെ ദൈവത്തെ അന്വേഷിച്ചിട്ടുള്ള ഒരു ജനതയുടെ നാടാണ്. "അയഥാർത്ഥ്യത്തിൽനിന്ന് യഥാർത്ഥ്യത്തിലേക്ക്, അന്ധകാരത്തിൽനിന്ന് പ്രകാശത്തിലേക്ക്, മരണത്തിൽനിന്ന് മരണമില്ലായ്മയിലേക്ക് എന്നെ നയിക്കുക". ക്രിസ്തുവിന് അനേകം ശതകങ്ങൾക്കു മുമ്പുതന്നെ നിങ്ങളുടെ വിശുദ്ധ

(ശേഷം 23-ാം പേജിൽ)

---

മാശപ്രസത്തിനും വക നൽകുന്നുണ്ട്. ക്രിസ്തുവിന്റേതായ ഏകസഭയിലേക്ക് എല്ലാ ക്രൈസ്തവരെയും ഒരുമിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ കത്തോലിക്കാസഭയും നടത്തുന്നുണ്ട്. നമ്മുടെ അനേകം പ്രസംഗങ്ങളിലും എഴുത്തുകളിലും നാമിതു് ഉറപ്പിച്ചു് പറഞ്ഞിട്ടുണ്ട്. അടുത്തയിടെ അവസാനിച്ച രണ്ടാമത്തെ വത്തിക്കാൻ കൗൺസിലിൽ വച്ചു് അതിൽ സംബന്ധിച്ചിരുന്ന കത്തോലിക്കാസഭയിലെ പിതാക്കന്മാരും നാമും ചേർന്നു് പ്രസിദ്ധീകരിച്ച എക്യുമിനിസത്തെക്കുറിച്ചുള്ള കല്പനയിൽ ഇതു് ആവർത്തിച്ചു പ്രഖ്യാപിച്ചിട്ടുണ്ട്. പക്ഷേ, നമ്മുടെ ഈ പരിശ്രമങ്ങൾ ഒററപ്പെട്ടതാവരുതു്. നമ്മുടെ പരിശ്രമങ്ങൾ നിങ്ങളുടേതിനോടു് കൂടിച്ചേർന്നു് വിനയത്തിലും വിട്ടുവീഴ്ചയിലും പരസ്പരധാരണയിലും കൂടെ, എല്ലാവരും ഒന്നാകണമെന്ന ക്രിസ്തുവിന്റെ അഭിലാഷം സാക്ഷാത്കരിക്കപ്പെടാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്താൻ സഹായിക്കുമെന്നു് നാം പ്രത്യാശിക്കുന്നു.

കത്തോലിക്കാസഭയിലെ നവീകരണത്തിനുള്ള നമ്മുടെ പരിശ്രമങ്ങളിലും സഭയുമായി പൂർണ്ണമായ ഐക്യം ഇല്ലാത്തവരുമായുള്ള ഉള്ള തുറന്ന സംഭാഷണങ്ങളിലും സഭാപിതാക്കന്മാരിൽനിന്നും അപ്പോസ്തോലന്മാരിൽ നിന്നും നാം സ്വീകരിച്ചിട്ടുള്ള സത്യത്തോടു് വിശ്വസ്തരായിരിക്കേണ്ടതുണ്ടെന്നു് നമുക്കറിയാം. ദൈവം നമ്മെ ഏല്പിച്ചിരിക്കുന്ന ഇടയസ്ഥാനത്തിനു് പ്രത്യേകിച്ചും ഇതാവശ്യമാണ്. തന്നെ സ്നേഹത്തിലൂടെ സേവിക്കുന്ന എല്ലാവർക്കും സഹായമരുളുന്ന ദൈവം തന്റെ പുത്രന്റെ രക്തത്തിലൂടെ നാമുമായി യോജിച്ചതുപോലെതന്നെ ക്രൈസ്തവരുടെ ഇടയിൽ യഥാർത്ഥ സമാധാനവും ഐക്യവും സ്ഥാപിക്കുന്നതിനുള്ള നമ്മുടെ പരിശ്രമങ്ങളെ അനുഗ്രഹിക്കുവാൻ ആത്മാർത്ഥമായ എക്യുമിനിക്കൽ പ്രസ്ഥാനങ്ങളുടെയെല്ലാം കാതലായ ക്രിസ്തുവിനോടും അവന്റെ സുവിശേഷത്തോടുമുള്ള വിശ്വസ്തത ഇടയാക്കുമെന്നു് നമുക്കു് തീർച്ചയുണ്ട്.

ദൈവപുത്രന്റെ നാമത്തിലാണു് നാം ബോംബെയിലെ ദിവ്യകാരുണ്യകാൺഗ്രസിലേക്കു് ഒരു തീർത്ഥാടകനായി വന്നിട്ടുള്ളതു്. അതേ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽതന്നെ, നമ്മെ സന്ദർശിക്കുന്നതിനായി ഇന്നിവിടെയെത്തിയിട്ടുള്ള ഭാരതത്തിലെ ക്രൈസ്തവസഭകളുടെയും സമുദായങ്ങളുടെയും പ്രതിനിധികളായ നിങ്ങൾക്കു് നാം നന്ദിപറയുന്നു. നാം നിങ്ങളുടെ ആത്മകൾക്കു് ആശംസകൾ നേരുകയും ദൈവം നിങ്ങളെ അനുഗ്രഹിക്കുന്നതിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. സാഹോദര്യത്തോടെയുള്ള ധാരണയിൽ പഠിക്കുന്നതിനും ഒരുമിച്ചു് പ്രവർത്തിക്കുന്നതിനുമായി ഇവിടെ കൂടിയിരിക്കുന്ന നിങ്ങളുടെ എല്ലാ പരിശ്രമങ്ങളെയും അവൻ അനുഗ്രഹിക്കട്ടെ. ഈ പരിശ്രമങ്ങളെ നാം പ്രോത്സാഹിപ്പിക്കുകയും അവ വീക്ഷണത്തിലും ഫലത്തിലും കൂടുതൽ വിശാലവും ആഴമേറിയതുമാകട്ടെയെന്നു് പ്രത്യാശിക്കുകയും ചെയ്യുന്നു. തന്റെ ശരീരം വളർന്നു് വലുതാകണമെന്നഭിലഷിക്കുന്ന സഭയുടെ കർത്താവു് അതിനെ പൂർണ്ണതയിലേക്കു് നയിക്കുമെന്നു് നമുക്കുറപ്പുണ്ട്.

# ദിവ്യകാരുണ്യബലി—യഥാർത്ഥ ബലി

(ഫാദർ ജോസ് തച്ചിൽ.)

സമ്മാനങ്ങൾ കൈമാറുകയെന്നതു് സാമൂഹ്യജീവിതത്തിൽ സ്ഥലകാലഭേദമെന്യേ സർവ്വസാധാരണമാണു്. വ്യക്തിപരമായ ബന്ധം സ്ഥാപിക്കാനോ നിലവിലുള്ളതിനെ ശക്തിപ്പെടുത്താനോ നഷ്ടപ്രായമായതിനെ പുതുക്കാനോ പുനഃസ്ഥാപിക്കാനോ നാമിതു ചെയ്യാറുണ്ടു്. ഈ പ്രവൃത്തിയിൽ അന്തർലീനമായിരിക്കുന്നതു് രണ്ടു് ഉദ്ദേശ്യങ്ങളാണു്. സ്നേഹിതനു് തന്നെത്തന്നെ സമർപ്പിക്കുകയെന്നതും അയാളുമായി സുഹൃൽബന്ധത്തിലും ഐക്യത്തിലും ജീവിക്കുകയെന്നതും. ഈ ഉദാഹരണം അതിസ്വാഭാവികതലത്തിലും സർവ്വസാധാരണവും അർത്ഥവത്തുമാണു്. വിശുദ്ധ ബലിയുടെ കാര്യമെടുക്കുക. അതിന്റെ ഉദ്ദേശമെന്താണു്? ക്ലേശകരമായ വിശകലനവും അപഗ്രന്ഥനവുമൊന്നും കൂടാതെ നമുക്കു കാണാം നാം ബലിയർപ്പിക്കുന്നതു് ദൈവത്തിനു നമ്മെത്തന്നെ സമർപ്പിക്കുന്നതിനും ദൈവവുമായുള്ള ഐക്യം സംസിദ്ധമാകുന്നതിനുമാണെന്നു്. വിശുദ്ധ ബലിയിൽ ഉപയോഗിക്കപ്പെടുന്ന അപ്പവും വീഞ്ഞും ഒരർത്ഥത്തിൽ നമ്മെത്തന്നെയാണു് പ്രതിനിധാനം ചെയ്യുന്നതു്. ആ പ്രതിരൂപങ്ങൾ വഴി നാം നമ്മെത്തന്നെ ദൈവത്തിനു സമർപ്പിക്കുന്നു, ദൈവത്തിന്റെ മഹത്വവും അപരിമേയത്വവും ഔന്നത്യവും നാം വിനീതരായി അംഗീകരിക്കുന്നു. അതുകൊണ്ടാണു് വി. അഗസ്റ്റിൻ പറയുകയുണ്ടായതു് "നിന്റെ ദാനത്തേക്കാൾ ഉപരിയായി നിന്നെയാണു ദൈവം അന്വേഷിക്കുന്നതു്" എന്നു്. "ബാഹ്യമായ ബലി യഥാർത്ഥമായ ആന്തരികബലിയെ പ്രതിനിധാനം ചെയ്യുന്നു" എന്ന വി. തോമസ് അക്വിനാസിന്റെ വാക്കുകളും ഇതിനു് ഉപോൽബലകമാണു്. ഇതാണു് ബലി യഥാർത്ഥത്തിൽ.

## പഴയനിയമത്തിലെ ബലികൾ

ഈ സ്വഭാവം പഴയനിയമത്തിലെ ബലികളിലും നിഴലിക്കുന്നതായി നമുക്കു കാണാം. ആചാര്യന്മാരുടെ പുസ്തകത്തിലെ Leviticus) ആദ്യത്തെ ചില അദ്ധ്യായങ്ങൾ വായിക്കുമ്പോൾ നമുക്കു മനസ്സിലാകും ബലിയായിരുന്നു യഹൂദന്മാരുടെ മതപരമായ ജീവിതത്തിന്റെ കേന്ദ്രമെന്നു്. രക്തരഹിതവും രക്തം ചൊരിഞ്ഞുകൊണ്ടുള്ളതുമായ ബലികൾ അവർക്കുണ്ടായിരുന്നു. ധാന്യവും അപ്പവും വീഞ്ഞും ദൈവത്തിനർപ്പിക്കുകയെന്നതു് സർവ്വസാധാരണമായിരുന്നു അന്നു്. മൃഗങ്ങളെ കൊന്നുകൊണ്ടായിരുന്നു വേറൊരു തരത്തിൽ അവർ ബലിയർപ്പിച്ചിരുന്നതു്. മൃഗത്തിന്റെ രക്തം അൾത്താരയിൽ ഒഴിക്കുകയും അതിന്റെ മാംസം പൂർണ്ണമായോ ഭാഗികമായോ ദഹിപ്പിക്കുകയും ചെയ്യേണ്ടിയിരുന്നു അവർക്കു്.

അനുദിനം അർപ്പിച്ചിരുന്ന ബലിയാണു, ദഹനബലി. മൃഗത്തിന്റെ മാംസം മുഴുവനും അവർ അഗ്നിയിൽ ദഹിപ്പിച്ചുപോന്നു. ദൈവത്തിനു തങ്ങളെത്തന്നെ കലവറയില്ലാതെ പൂർണ്ണമായി സമർപ്പിക്കുന്നുവെന്നതാണു് ഇതുകൊണ്ടവർ ഉദ്ദേശിച്ചിരുന്നതു്. സമാധാനബലിയായിരുന്നു വേറൊന്നു്. ദൈവവുമായുള്ള ഗാഢമായ ഐക്യം വളരെ സമർത്ഥമായി പ്രകാശിപ്പിക്കാൻ പര്യാപ്തമായിരുന്നു ഇത്തരത്തിലുള്ള ബലി. മൃഗത്തിന്റെ രക്തം അൾത്താരയിൽ ഒഴിക്കുകയും മാംസത്തിന്റെ ഒരംശം ദഹിപ്പിക്കുകയുമായിരുന്നു ഈ ബലിയിലെ ക്രമം. ബാക്കിയുള്ള മാംസം പുരോഹിതന്മാരുടെ ആവശ്യത്തിനെടുക്കുകയോ ദരിദ്രർക്കും വിധവകൾക്കും നൽകുകയോ പതിവായിരുന്നു. ദിവ്യവിരുന്നിന്റെ അധിപനായ ദൈവവും മനുഷ്യരാശിയും തമ്മിലുള്ള അഭേദ്യബന്ധമായിരുന്നു ഈ ബലി പ്രകടിപ്പിച്ചതു്. അജ്ഞതകൊണ്ടോ മാനുഷികദൗർബല്യം കൊണ്ടോ ചെയ്ത പാപങ്ങളുടെ നിർമ്മാർജ്ജനത്തിനായുള്ള ബലിയായിരുന്നു പരിഹാരബലി. ദൈവത്തി

നെതിരായി ചെയ്യപ്പെട്ട പാപങ്ങൾക്ക പരിഹാരം ലഭിക്കുകയും ദൈവവുമായുള്ള ഐക്യം പുനഃസ്ഥാപിക്കുകയുമായിരുന്നു ഇതിന്റെ ദ്വിവിധ ലക്ഷ്യം. അൾത്താരമേൽ മൃഗത്തിന്റെ രക്തം തളിക്കുകയെന്നതും ഇതിന്റെ അവിഭാജ്യഘടകമായിരുന്നു.

രക്തത്തിനു പഴയനിയമത്തിലുണ്ടായിരുന്ന സ്ഥാനം എത്ര പ്രാധാന്യമർഹിക്കുന്നതെന്നു മുൻപറഞ്ഞതിൽനിന്നു വ്യക്തമാണ്. ജീവന്റെ പ്രതീകമായിട്ടാണ് രക്തം കണക്കാക്കപ്പെട്ടിരുന്നത്. ഇക്കാരണത്താൽ രക്തം ചൊരിയുന്നതും മനുഷ്യന്റെ, ദൈവത്തിനുള്ള സമർപ്പണത്തിന്റെ അടയാളമായിരുന്നു. മൃഗത്തെ കൊല്ലുകയെന്നത് ബലിയുടെ പ്രാഥമിക ഒരുക്കം മാത്രമായിരുന്നു. യഥാർത്ഥബലി അടങ്ങിയിരുന്നത് രക്തം അൾത്താരമേൽ തളിക്കുന്നതിലും മാംസം ദഹിപ്പിക്കുന്നതിലും.

ബലിക്കു രണ്ടു ഘടകങ്ങളാണുള്ളത്. ഒന്ന്, മനുഷ്യൻ ദൈവത്തിനു ബലിവസ്തു അർപ്പിക്കുന്നത്. മററത്, ദൈവം ആ ബലിവസ്തു സ്വീകരിക്കുന്നത്. ബലിവസ്തുവിന്റെ ദഹിപ്പിക്കൽവഴിയായിട്ടായിരുന്നു ചിലപ്പോൾ പഴയനിയമത്തിൽ ദൈവം അതു സ്വീകരിച്ചുവെന്നു കാണിച്ചിരുന്നത്.

## ക്രിസ്തുവിന്റെ ബലി

പഴയനിയമത്തിലെ പ്രതീകങ്ങളുടെയും പ്രതിരൂപങ്ങളുടെയും യാഥാർത്ഥ്യവൽക്കരണവും പൂർണ്ണതയും പ്രകടമാകുന്നത് ക്രിസ്തുവിന്റെ ബലിയിലാണ്. സ്നേഹത്താൽ പ്രചോദിതനായി (ഫിലി. 2,5) ദൈവമായിരുന്നെങ്കിലും അടിമയുടെ പ്രകൃതി സ്വീകരിച്ച് മനുഷ്യരൂപമെടുത്തു കുരിശിലെ മരണംവരെ കീഴ്വഴങ്ങി (ഫിലി. 2, 8) അവസാനം ഉയർത്തെഴുന്നേററ് മഹത്വത്തിൽ പ്രവേശിച്ചുകൊണ്ടാണ് ക്രിസ്തു തന്റെ ബലിയർപ്പിച്ചത്. രക്തം ചിന്തിക്കൊണ്ടുള്ള അവിടത്തെ മരണം യഥാർത്ഥ സമർപ്പണവും ബലിയുമായിരുന്നു (എഫേ 5, 2) പിതാവായ ദൈവത്തോടും നമ്മോടുമുള്ള അതിരററ സ്നേഹമാണ് ഈ സ്വയം സമർപ്പണത്തിന് അവിടത്തെ പ്രേരിപ്പിച്ചത്.

## ദിവ്യകാരുണ്യബലി

അന്തിമഭോജനത്തിൽ വച്ച് ക്രിസ്തു യഥാർത്ഥബലിയർപ്പിക്കുകയുണ്ടായല്ലോ. ഇന്ന് നമ്മുടെ അൾത്താരകളിൽ അർപ്പിക്കപ്പെടുന്ന ബലി ആ ബലിയുടെ നവീകരണമായതുകൊണ്ട് ഇതിന്റെ യഥാർത്ഥ ബലിപരമായ സ്വഭാവം പ്രസ്പഷ്ടമാണ്. "എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുക" എന്ന് ക്രിസ്തു തന്റെ അപ്പസ്തോലന്മാരോടും അവർവഴി അവരുടെ പിൻഗാമികളോടും ആജ്ഞാപിച്ചപ്പോൾ അവിടന്ന് ഉദ്ദേശിച്ചതും ഇതുതന്നെയായിരുന്നു.

അൾത്താരകളിൽ ഇന്നർപ്പിക്കപ്പെടുന്ന ദിവ്യകാരുണ്യബലി ക്രിസ്തുവിന്റെ ബലിയുടെ വെറുമൊരനുസ്മരണമല്ല, പിന്നെയോ പുനഃപ്രദർശനവും യഥാർത്ഥ ബലിയുമാണ്. ഇതിനുള്ള കാരണങ്ങളായി പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ 'മേദിയാത്തോർ ദേയി' എന്ന ചാക്രികലേഖനത്തിൽ ചൂണ്ടിക്കാണിക്കുന്ന കാര്യങ്ങൾ പലതാണ്. ഗാഗുൽത്തായിലെ ബലിയിലെപ്പോലെ ദിവ്യകാരുണ്യബലിയിലും അതേ പുരോഹിതനും അതേ ബലിവസ്തുവും അതേ ഉദ്ദേശങ്ങളുമുണ്ട്. ദിവ്യകാരുണ്യബലിയിൽ വൈദികൻ ക്രിസ്തുവിനെയാണ് പ്രതിനിധാനം ചെയ്യുന്നത്. പുരോഹിതാഭിഷേകം മൂലം ക്രിസ്തുവിനോടനുരൂപനായിത്തീർന്ന വൈദികൻ ക്രിസ്തുവിന്റെ ശക്തിയിലും നാമത്തിലുമാണ് ദിവ്യബലിയർപ്പിക്കുന്നത്. ബലിവസ്തുവും ഒന്നുതന്നെ. കുരിശിൽ സ്വമനസ്സാ രക്തം ചിന്തിക്കൊണ്ടാണ് ക്രിസ്തു തന്നെത്തന്നെ സമർപ്പിച്ചത്. എന്നാൽ ഇപ്പോൾ അവിടത്തെ മഹത്വീകൃതമായ സ്ഥിതി കാരണം വിശുദ്ധ കുർബാനയിൽ അതുപോലുള്ളൊരു രക്തം ചിന്തൽ സാധ്യമല്ലെന്നു നമുക്കറിയാമല്ലോ. ഇക്കാരണത്താൽ വി. കുർബാനയിലെ അപ്പം, വീഞ്ഞ് എന്നീ സാദൃശ്യങ്ങളിൻകീഴുള്ള മാംസരക്തങ്ങളുടെ വേർപാടു വഴി അവിടത്തെ മരണം ആശ്ചര്യവഹമാംവിധം പുനഃപ്രദർശിപ്പിക്കപ്പെടുകയാണിന്നു ചെയ്യുന്നത്. ആ സാദൃശ്യത്തിൻകീഴ് അവിടന്നു വീണ്ടും തന്നെത്തന്നെ പിതാവായ ദൈവത്തിനു അർപ്പിക്കുന്നു.

# കർതൃപ്രാർത്ഥന

## (റവ. ഫാ. തോമസ് പാഴൂർ, M. A., B. D., L. T.)

### (തുടർച്ച)

### മൂന്നാം അപേക്ഷ

''നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ''

വി. ലൂക്കോസിന്റെ സുവിശേഷത്തിൽ ഈ അപേക്ഷ രേഖപ്പെട്ടത്തിയിട്ടില്ല. രണ്ടും മൂന്നും അപേക്ഷകൾ സാരാംശത്തിൽ ഒന്നു തന്നെയായതുകൊണ്ടായിരിക്കണം ലൂക്കോസ് ഇതു വിട്ടുകളഞ്ഞതു്. ദൈവം മുൻകൂട്ടി

---

സ്വർഗ്ഗസ്ഥനായ പിതാവിന് മഹത്വം നൽകുക, അവിടത്തേക്കർഹമായ കൃതജ്ഞത പ്രകാശിപ്പിക്കുക, മനുഷ്യവർഗ്ഗത്തിന്റെ അപരാധങ്ങൾക്കു വേണ്ടി പരിഹാരം ചെയ്യുക, ദിവ്യാനുഗ്രഹങ്ങൾ യാചിക്കുക എന്നീ കുരിശിലെ ഉദ്ദേശങ്ങൾതന്നെ വി. ബലിയിലുമുണ്ട്.

വി. പൗലോസ് കോറിന്ത്യക്കാർക്കെഴുതിയ ആദ്യലേഖനത്തിലും വിശുദ്ധ കുർബാനയുടെ ബലിപരമായ വശം സമർത്ഥിക്കുന്നുണ്ട്. (1 കോറി. 10,14-22.) വിഗ്രഹങ്ങൾക്കർപ്പിച്ച വസ്തുക്കൾ ക്രിസ്ത്യാനികൾ ഭക്ഷിക്കുന്നതു് അനുവദനീയമാണോ എന്ന് ചിലർ അദ്ദേഹത്തോടു ചോദിക്കുകയുണ്ടായി. ഈ അവസരം ഉപയോഗിച്ചുകൊണ്ടാണ് അപ്പസ്തോലൻ ക്രിസ്ത്യാനികളുടെ വി. കുർബാനയുടെ ബലിപരമായ സ്വഭാവത്തെപ്പററി എഴുതിയതു്. വിജാതിയരുടെ ബലിയും ക്രിസ്ത്യാനികളുടെ ബലിയും തമ്മിലുള്ള ഒരു താരതമ്യമാണ് അദ്ദേഹം ഇവിടെ നടത്തുന്നതു്. രണ്ടു ബലികളിലും അർച്ചനവസ്തുക്കൾ അതിൽ സംബന്ധിക്കുന്നവർ ഭക്ഷിക്കുന്നുണ്ട്. വിഗ്രഹങ്ങൾക്കുള്ള ബലിയിൽ അർപ്പിക്കപ്പെട്ട വസ്തു ഭക്ഷിക്കുന്നവർ "പിശാചുമായി സഹചരത്വത്തിൽ ഏർപ്പെടുന്നു". സത്യദൈവത്തിനുള്ള ബലിയിലെ ബലിവസ്തുവിൽ നാം പങ്കുകൊള്ളുമ്പോൾ ദൈവവുമായുള്ള ഐക്യത്തിലും സഹചരത്വത്തിലുമാണ് നാം ഏർപ്പെടുന്നതു്. കാരണം "നാം വാഴ്ത്തുന്ന സ്തോത്രത്തിന്റെ ചഷകം, അതു മിശിഹായുടെ തിരുരക്തത്തിൽ നമ്മുടെ സഹചരത്വമല്ലേ? നാം മുറിക്കുന്ന അപ്പം, അതു മിശിഹായുടെ തിരുശരീരത്തിൽ നാം പങ്കുകൊള്ളുകയല്ലേ? (1 കോറി. 10, 16. ഇപ്രകാരം സന്ദർഭത്തിൽനിന്നും, ഉപയോഗിക്കപ്പെട്ടിരിക്കുന്ന വാക്കുകളിൽനിന്നും താരതമ്യത്തിൽ അധിഷ്ഠിതമായ വാദരീതിയിൽ നിന്നും വിശുദ്ധ പൗലോസ് ദിവ്യബലിയുടെ ബലിപരമായ സ്വഭാവത്തെയാണ് ഊന്നിപ്പറയുന്നതെന്നതു് സുവിദിതമാണ്.

### വിശ്വാസവും പ്രബോധനവും

രണ്ടാംശതകത്തിന്റെ ആരംഭത്തിൽ സിറിയായിൽവച്ചു എഴുതപ്പെട്ട ദിദാക്കെ എന്ന ഗ്രന്ഥവും അന്നു നിലവിലിരുന്ന ദിവ്യബലിയുടെ ബലിപരമായ സ്വഭാവത്തിന് വ്യക്തമായ സാക്ഷ്യം നൽകുന്നുണ്ട്. പലസ്തീനാ, എഫേസൂസ്, റോമാ എന്നീ സ്ഥലങ്ങളിലെ സഭകളിൽ ഈ വിശ്വാസവും ആചാരവും ഉണ്ടായിരുന്നതായി രണ്ടാം നൂററാണ്ടിൽ ജസ്റ്റിൻ എഴുതിയിട്ടുണ്ട്. മൂന്നാം നൂററാണ്ടിൽ വി. സിപ്രിയൻ എഴുതിയിരിക്കുന്നതും മുൻപറഞ്ഞതിന് ഉപോൽബലകമാണ്. ഇപ്രകാരം സഭയുടെ ആരംഭംമുതൽ തന്നെ ഈ വിശ്വാസവും ആചാരവും നിലവിലിരുന്നുവെന്ന് ചരിത്രം തന്നെ നമ്മെ പഠിപ്പിക്കുന്നു. 1562—ൽ ട്രെൻറിൽ നടന്ന സൂനഹദോസിൽ വച്ച് ദിവ്യബലിയുടെ ബലിപരമായ സ്വഭാവം വിശ്വാസസത്യമായി അദ്ധ്യവസാനം ചെയ്യപ്പെട്ടതോടെ ആ വിശ്വാസത്തിന് അപ്രമാദാത്മകമായ ഒരു നിലകൂടി കൈവരുകയുണ്ടായി.

നിശ്ചയിച്ചിട്ടുള്ള കാര്യങ്ങൾ സ്വർഗ്ഗത്തിലും ഭൂമിയിലും നടപ്പിൽ വരുത്തണമെന്നാണ് ഈ അപേക്ഷയുടെ സാരം. ഇതും ദൈവം തന്നെ ചെയ്യേണ്ടതാണ്. പക്ഷേ, ഒരു കാര്യം നാം ഓർത്തിരിക്കേണ്ടതുണ്ട്. ദൈവം പ്രവർത്തിക്കുന്നത് നമ്മുടെ സഹകരണത്തോടുകൂടിയാണ്. നാം വിലങ്ങുതടിയായി നില്ക്കരുത്. നാം ദൈവേഷ്ടം അനുസരിച്ചുകൊണ്ടു വേണം ഇപ്രകാരം ദൈവത്തോടു പ്രാർത്ഥിക്കേണ്ടതു്. സൃഷ്ടികർമ്മത്തിന്റെ ലക്ഷ്യം നമ്മിലും നിവ്വഹിക്കപ്പെടണം. അപ്പോൾ മാത്രമേ പൂർണ്ണത കൈവരുകയുള്ളൂ. എല്ലാററിനെയും ദൈവത്തിന്റെ തിരുവിഷ്ടത്തിനു കീഴാക്കി യേശുക്രിസ്തുവിൽകൂടി ലോകരക്ഷ നേടി, സകലത്തേയും ദൈവവുമായി രമ്യപ്പെടുത്തുകയെന്നതാണല്ലോ ദൈവേഷ്ടം. ഇതേപ്പററി വി. പൌലൊസ്ശ്ലീഹാ പറയുന്നു: "അവനിൽ (ക്രിസ്തുവിൽ) സർവ്വസമ്പൂർണ്ണതയും വസിപ്പാനും അവൻ ക്രൂശിൽ ചൊരിഞ്ഞ രക്തം കൊണ്ടു് അവൻ മുഖാന്തരം സമാധാനമുണ്ടാക്കി ഭൂമിയിലുള്ളതും സ്വർഗ്ഗത്തിലുള്ളതുമായ സകലത്തേയും തന്നോടു രമ്യപ്പെടുത്തുവാനും പിതാവിനു തിരുവിഷ്ടമുണ്ടായി" (കൊലോ 1, 20.) യേശുക്രിസ്തു മനുഷ്യാവതാരം ചെയ്തതു പിതാവിന്റെ ഇഷ്ടം ചെയ്യുവാനായിരുന്നു. (യോഹ 6,38) കർത്താവു പീഡകൾ സഹിക്കണമെന്നതു് പിതാവിന്റെ ഇഷ്ടമായിരുന്നു. "മിശിഹാ ഇവയെല്ലാം സഹിച്ച തന്റെ മഹത്വത്തിൽ പ്രവേശിക്കേണ്ടതു് ആവശ്യമല്ലായിരുന്നുവോ?" (ലൂക്കോ 24, 26) രാജ്യത്തിന്റെ സുവിശേഷം അറിയിക്കുവാൻ ശ്ലീഹന്മാരെ തിരഞ്ഞെടുത്തതും പിതാവിന്റെ ഇഷ്ടമായിരുന്നു (1 കോരി. 1, 1)

എന്നാൽ പിതാവിന്റെ ഇഷ്ടം പൂർണ്ണമായി നിറവേററുന്നതു് ക്രിസ്തുവിൽകൂടിയുള്ള രക്ഷയുടെ പൂർണ്ണതയായ "പുതിയ സ്വർഗ്ഗവും പുതിയ ഭൂമിയും" രക്ഷിക്കപ്പെട്ടവർക്കനുഭവമാകുമ്പോഴാണ്. ഇതേക്കുറിച്ചു വെളിപാടുപുസ്തകത്തിൽ ഇപ്രകാരം പറയുന്നു: "പിന്നെ ഞാൻ പുതിയ സ്വർഗ്ഗവും പുതിയ ഭൂമിയും കണ്ടു. ഒന്നാമത്തെ സ്വർഗ്ഗവും ഒന്നാമത്തെ ഭൂമിയും കടന്നുപോയി; സമുദ്രവും ഇനി ഇല്ല. പുതിയ യറുശലേം ആകുന്ന വി. നഗരം തന്റെ ഭർത്താവിനായി അണിഞ്ഞൊരുങ്ങിയ മണവാട്ടിയെപ്പോലെ ഒരുങ്ങിയവളായി സ്വർഗ്ഗത്തിൽ നിന്നു—ദൈവത്തിൽ നിന്നു ഇറങ്ങുന്നതും ഞാൻ കണ്ടു. അപ്പോൾ സ്വർഗ്ഗത്തിൽനിന്നു് ഒരു വലിയ ശബ്ദം ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടു: ഇതാ മനുഷ്യരോടുകൂടി ദൈവത്തിന്റെ കൂടാരം! അവൻ അവരോടുകൂടി വസിക്കും. അവർ അവനു ജനമായിരിക്കും; ദൈവം തന്നെ അവരോടുകൂടി അവർക്കു ദൈവമായിരിക്കയും ചെയ്യും. അവരുടെ കണ്ണുകളിൽ നിന്നു കണ്ണുനീരുകളെല്ലാം തുടച്ചുകളയും; ഇനി മരണം ഉണ്ടാകയില്ല; ദുഃഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാകുകയില്ല. ഒന്നാമത്തേതു അഴിഞ്ഞുപോയി" സിംഹാസനത്തിൽ ഇരിക്കുന്നവൻ പറഞ്ഞു: ഇതാ ഞാൻ സകലവും പുതുതാക്കുന്നു." (വെളി. 21, 1—5) നമ്മുടെ കഷ്ടതകളെല്ലാം മാറി, കണ്ണുനീരെല്ലാം തുടച്ചു ദൈവം നമ്മുടെ പിതാവായിത്തീരുന്ന ആനന്ദത്തിന്റെ കാലം വരും, നിശ്ചയം. അപ്പോൾ ദൈവത്തിന്റെ ഇഷ്ടം സ്വർഗ്ഗവാസികളിലും—മാലഖമാരിലും മനുഷ്യരിലും ഒരുപോലെ നിറവേറുകയും സകലവും ദൈവവുമായി രമ്യപ്പെടുകയും ചെയ്യും. നാം നമ്മെത്തന്നെ ദൈവത്തിനു സമർപ്പിച്ചു ദൈവകല്പനകൾ ആചരിച്ചാൽ ദൈവം അധികം താമസിക്കാതെ നമ്മെ തന്റെ പുതിയ രാജ്യത്തിലേക്കു കൊണ്ടുപോകും.

## നാലാം അപേക്ഷ

"ഞങ്ങൾക്കാവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്കു തരണമെ" ലൂക്കോസിന്റെ സുവിശേഷത്തിൽ 'ഞങ്ങൾക്കാവശ്യമുള്ള ആഹാരം തരണമെ" എന്നു മാത്രം.

"ആവശ്യമുള്ള" (Epiousios) എന്ന പദം രണ്ടു വിധത്തിൽ വ്യാഖ്യാനിക്കുന്നവരുണ്ടു്. 1) ഇതിന്റെ അർത്ഥം (Bread) needed to live or for the existing day. അതായതു് "ജീവിക്കുവാൻ ആവശ്യമായ" (ആഹാരം) (അപ്പം അല്ലെങ്കിൽ ഇന്നത്തെ ദിവസത്തേക്കുള്ള, ആഹാരം- അപ്പം (Epi + einai) 2) രണ്ടാമത്തെ വ്യാഖ്യാനമനുസരിച്ചു, ഇതിന്റെ അർത്ഥം 'നാളെത്തേക്കുള്ള (വരുവാനിരിക്കുന്ന)' (ആഹാരം) എന്നാണ്. (epi + ienai) രണ്ടു വ്യാഖ്യാനങ്ങളും അംഗീകരിക്കപ്പെട്ടിട്ടുള്ളവയാണ്. "ആവശ്യമുള്ള അപ്പം" എന്നു പറഞ്ഞാൽ 'അനുദിനമാവശ്യമായ' എന്നും ഭാവിയിലേക്കാവശ്യമായ' എന്നും വ്യാഖ്യാനിക്കാവുന്നതാണ. "അനുദിനഭോജനം" എന്ന പ

റഞ്ഞാൽ ശരീരത്തിനാവശ്യമായ അപ്പത്തെ ക്കുറിച്ചു മാത്രമെ വിവക്ഷയുണ്ടാകയുള്ളല്ലൊ. പ്രധാനമായും ഈ അപേക്ഷ ശാരീരികഭക്ഷണത്തെയാണു കുറിക്കുന്നതെങ്കിലും, അവസാനകാലത്തെ മുമ്പിൽ കണ്ടുകൊണ്ടു നടത്തുന്ന ഈ പ്രാർത്ഥനയിലാകമാനം സ്വർഗ്ഗരാജ്യത്തിലെ വാഴ്ചയുടെ ഛായ കലർന്നിട്ടുണ്ടു്. "ദൈവരാജ്യത്തിൽ അപ്പം ഭക്ഷിക്കുന്നവൻ ഭാഗ്യവാൻ" (ലൂക്കോ. 14, 15) എന്നു കർത്താവു പറഞ്ഞിരിക്കുന്നതു് വിസ്മരിക്കുവാൻ പാടില്ല. മത്താ. 8, 11-ലും ഇതേപ്പററി പരാമർശിച്ചിട്ടുണ്ടു്. ആ സ്വർഗ്ഗീയ അപ്പത്തിൻെറ അച്ചാരമായ വി. കുർബാനയപ്പത്തെയും ഇതു സൂചിപ്പിക്കുന്നുണ്ടു് എന്നു അഭിപ്രായപ്പെടുന്നവരുണ്ടു്.

ഒരു വർഷത്തേക്കുള്ള നെല്ലു് അറയിൽ കിടക്കുമ്പോൾ, ഈ അപേക്ഷ എന്തിനിണെന്നു ചിന്തിക്കാവുന്നതാണു്. കാർഷികവിളവുകളെല്ലാംതന്നെ ദൈവദാനമാണു്. അതിൽനിന്നു നമ്മുടെ ആവശ്യത്തിനു എടുക്കുന്നതു ദൈവത്തോടു ചോദിച്ചതിനുശേഷം ആയിരിക്കണം. നമ്മുടെ ആവശ്യത്തിൽ കവിഞ്ഞതു് ഇല്ലാത്തവർക്കു കൊടുക്കുകയും വേണമല്ലൊ. അങ്ങനെ ദൈവേഷ്ടമനുസരിച്ചു നമ്മുടെ സമ്പാദ്യം ചിലവഴിക്കണമെന്നു ഇതു നമ്മെ അനുസ്മരിപ്പിക്കുന്നു.

**അഞ്ചാം അപേക്ഷ.**

"ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടു ക്ഷമിക്കണമെ" ലൂക്കോസിൻെറ സുവിശേഷത്തിൽ" ഞങ്ങളുടെ പാപങ്ങൾ ഞങ്ങളോടു ക്ഷമിക്കണമെ; എന്തെന്നാൽ ഇതാ ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിക്കുന്നു" പൌരസ്ത്യവും പാശ്ചാത്യവുമായ സുറിയാനി സഭകളുടെ ആരാധനാക്രമങ്ങളിൽ ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ക്ഷമിക്കണമെ" എന്നു കാണുന്നു. അദ്ദായിയുടെ ക്രമത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കകൊണ്ടു, ഈ ആരാധനാക്രമമനുസരിച്ചുള്ള രൂപം രണ്ടാം ശതാബ്ദത്തിൽ പ്രചാരത്തിലുണ്ടായിരുന്നു എന്നു വ്യക്തമാണു്. കേരളസുറിയാനിക്കാരും പുരാതനകാലം മുതൽ ഈ രൂപമാണു് ഉപയോഗിച്ചുവരുന്നതു്. ആരാധനാക്രമത്തിലെ രൂപമാണല്ലൊ എല്ലാ അവസരങ്ങളിലും ഉപയോഗിക്കേണ്ടതു്. ആരാധനാക്രമവും ജീവിതവും തമ്മിൽ ഉററബന്ധമുണ്ടായിരിക്കണം. പൌരസ്ത്യരുടെ ഇടയിൽ പ്രചാരത്തിൽ വന്ന ഈ രൂപം ആരുടെയും കണ്ടുപിടിത്തമല്ല; മത്തായിയുടെ സുവിശേഷത്തിലെ "കടങ്ങൾ" എന്നതിനോടു ലൂക്കോസിൻെറ സുവിശേഷത്തിലെ 'പാപങ്ങൾ' കൂടെ ചേർത്തുവെന്നേയുള്ളു. ഈ രൂപം ഉപേക്ഷിക്കുന്നതു് ആരാധനക്രമത്തോടും പാരമ്പര്യത്തോടും ചെയ്യുന്ന ഒരു തെററായിരിക്കും. വേദപുസ്തകത്തിൽ രണ്ടിടത്തു രേഖപ്പെടുത്തിയിരിക്കുന്നതു തമ്മിൽ തന്നെ അല്പസ്വല്പവ്യത്യാസമുണ്ടു്. പല ഭാഷകളിൽ പ്രചാരത്തിലിരിക്കുന്ന രൂപവും വേദപുസ്തകത്തിലെ മൂലത്തിൽ നിന്നു അല്പസ്വല്പവ്യത്യസ്ഥമായിട്ടാണു കാണുന്നതു്. ആയതിനാൽ രണ്ടാം ശതാബ്ദം മുതൽ പ്രചാരത്തിൽ വന്നിരിക്കുന്നതും, ആരാധനക്രമത്തിൽ അംഗീകരിച്ചിരിക്കുന്നതുമായ പാരമ്പര്യരൂപത്തിൽ വ്യത്യാസം വരുത്താതിരിക്കുന്നതായിരിക്കും നല്ലതു്.

കടങ്ങൾ, പാപങ്ങൾ, എന്ന പദങ്ങൾ മിക്കവാറും ഒരർത്ഥത്തിലായിരിക്കണം സുവിശേഷകർ ഉപയോഗിച്ചിരിക്കുന്നതു്. വി. മത്തായിയുടെ സുവിശേഷത്തിലും ആരാധനാക്രമത്തിലും ക്ഷമിച്ചതുപോലെ എന്നാണു്. "ക്ഷമിക്കുന്നപോലെ" എന്നതിനേക്കാൾ ശരിയായതു 'ഞങ്ങൾ ക്ഷമിക്കുന്നു" ദൈവം നമ്മുടെ പാപങ്ങളും കടങ്ങളും ക്ഷമിക്കുന്നതും നാം ക്ഷമിച്ചതിൻെറ ശേഷമാണു്. "ക്ഷമിക്കുന്നപോലെ" 'ഞങ്ങളും ക്ഷമിക്കുന്നു—ക്ഷമിച്ചിരിക്കുന്നു എന്നു പറഞ്ഞാലും ആശയം ശരിയാണു്; എങ്കിലും ആരാധനാക്രമത്തിലും മത്തായിയുടെ സുവിശേഷത്തിലും കാണുന്ന, "ക്ഷമിച്ചതുപോലെ" എന്ന രൂപം തന്നെ സ്വീകരിക്കുന്നതായിരിക്കും നല്ലതു്.

ദൈവം പിതാവായതുകൊണ്ടാണു ക്ഷമിക്കണമെന്നു നാം അപേക്ഷിക്കുന്നതു്. ധൂർത്തപുത്രനോടു പിതാവു ക്ഷമിച്ച ഉപമ നമുക്കു സുപരിചിതമാണല്ലൊ. ക്ഷമിക്കുന്നതു ന്യായവിധിയോടു അനുബന്ധിച്ചുള്ള ഒന്നാണു്. തൻെറ കൂട്ടുകാരോടു ക്ഷമിക്കാതിരുന്ന ദാസൻെറ ഉപമയും നമുക്കു പരിചിതമാണല്ലൊ. (മത്താ. 18, 23-35) ലൂക്കോ 6, 37) (മത്താ. 5, 23- 26) (മത്താ. 18, 15)

നാലാം അപേക്ഷയിൽ 'ആവശ്യമുള്ള അപ്പം ഞങ്ങൾക്കു തന്നുകൊണ്ടിരിക്കണമെ" അതായതു് ആ പ്രവൃത്തി തുടർന്നുകൊണ്ടിരി

ക്കണമെന്ന ആശയം വരുന്ന ക്രിയാരൂപമാണു ഉപയോഗിച്ചിരിക്കുന്നതു്. എന്നാൽ ആദ്യത്തെ മൂന്നപേക്ഷകളിലേപ്പോലെ ഇവിടെ ക്ഷമിക്കണമെ' എന്നതു് ഒരിക്കലായുള്ളതും എന്നേക്കുമുള്ളതുമായ പ്രവൃത്തിയെ കാണിക്കുന്ന രൂപമാണു് ഉപയോഗിച്ചിരിക്കുന്നതു്. അനുദിനമുള്ള ക്ഷമയെപ്പററിയല്ല, പിന്നയോ അവസാനത്തിൽ നമ്മുടെ കടങ്ങളും പാപങ്ങളും എന്നേക്കുമായി ക്ഷമിക്കണമെന്നാണു്. മുമ്പു സൂചിപ്പിച്ച രണ്ടാശയങ്ങളും- അതായതു്, പിതാവാണു് ക്ഷമിക്കുന്നതെന്നും, ക്ഷമ അഥവാ മോചനം ന്യായവിധിയോടനുബന്ധിച്ച ഒന്നാണെന്നുമുള്ള വസ്തുത ഇതിനു ബലം കൊടുക്കുന്നു. മക്കളെന്ന അവസ്ഥയും പിതൃത്വവും അതിൻെറ പൂർണ്ണാവസ്ഥയിൽ ആകുന്നതു് അവസാനത്തെ ന്യായവിധിയിലാണല്ലൊ. ഈ അപേക്ഷയുടെ അർത്ഥം ഏതാണ്ടിപ്രകാരം സംഗ്രഹിക്കാം: വിധിദിവസം "അനേകം പാപം ചെയ്തിട്ടുള്ള ഞങ്ങളോടു സകലവും ക്ഷമിക്കണമെ. അവയെല്ലാം പരിഹാരം ചെയ്യുവാൻ ഞങ്ങൾക്കു കഴിവില്ല. ഞങ്ങൾക്കു കഴിവുള്ളതു് ഞങ്ങൾ ചെയ്തു-അഥവാ ചെയ്യുന്നു-ഞങ്ങളുടെ സഹോദരങ്ങളോടു ഞങ്ങൾ അന്യോന്യം ക്ഷമിച്ചിരിക്കുന്നു. പിതാവേ, ഞങ്ങൾ നിൻെറ മക്കളാകുന്നുവല്ലൊ; നിൻെറ മക്കളായി ഞങ്ങളെ നിൻെറ രാജ്യത്തിൽ പ്രവേശിപ്പിക്കണമെ'

## ആറാം അപേക്ഷ

"പരീക്ഷയിലേക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതെ, പിന്നയോ, തിന്മപെട്ടവനിൽനിന്നു ഞങ്ങളെ രക്ഷിക്കണമെ."

ലൂക്കോസ് "പരീക്ഷയിലേക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതെ" എന്നു മാത്രം.

"നീതിനിമിത്തം പീഡിപ്പിക്കപ്പെട്ടുന്നവർ ഭാഗ്യവാന്മാർ; എന്തെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാകുന്നു. ഞാൻ നിമിത്തം മനുഷ്യർ നിങ്ങളെ നിന്ദിക്കയും, പീഡിപ്പിക്കയും നിങ്ങൾക്കു വിരോധമായി സകല ദുഷ്കാര്യങ്ങളും വ്യാജമായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ; അപ്പോൾ നിങ്ങൾ ആനന്ദിച്ച സന്തോഷിക്കുവിൻ; എന്തെന്നാൽ സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വർദ്ധിച്ചിരിക്കുന്നു." (മത്താ. 5, 10-12) (മത്താ. 10, 16-28; 38-39) ക്രിസ്ത്യാനികൾ ധാരാളം ഞെരുക്കം അനുഭവിക്കേണ്ടതാണു്. ദൈവം തരുന്ന ഈ ഞെരുക്കങ്ങൾ വാസ്തവത്തിൽ പരീക്ഷണങ്ങളാണു്. അവയെ വിശ്വാസത്തോടുകൂടി നാം സഹിക്കയും അങ്ങനെ ക്രിസ്തുവിനോടുകൂടെ മഹത്വത്തിൽ പ്രവേശിക്കയും വേണം. ആയതിനാൽ, "പ്രലോഭനങ്ങളിൽ ഞങ്ങളെ ഉൾപ്പെടുത്തരുതെ, പരീക്ഷകൾ ഞങ്ങൾക്കുണ്ടാകരുതെ" എന്നു പ്രാത്ഥിക്കുന്നതു് ദൈവേഷ്ടത്തിനു വിപരീതമാകുന്നു. ഇപ്രകാരമുള്ള പരീക്ഷകൾ ദൈവം തരുന്നവയാകയാൽ നാം സന്തോഷത്തോടെ സ്വീകരിക്കണം. (റോമ. 8, 17-18-ം എബ്രാ 12, 5-11) കാണുക. ആകയാൽ നമുക്കുണ്ടാകുന്ന അനുദിന പ്രലോഭനങ്ങളെപ്പററിയല്ല കർത്തൃപ്രാർത്ഥനയിൽ ഉദ്ദേശിച്ചിരിക്കുന്നതു്. വി. ലൂക്കോസു്, ആവശ്യമില്ലെന്നു കരുതി വിട്ടുകളഞ്ഞിരിക്കുന്ന വാക്യം നമുക്കു വെളിച്ചം തരുന്നുണ്ടു്. അതു യഥാർത്ഥത്തിൽ "ഞങ്ങളെ പരീക്ഷയിൽ പ്രവേശിപ്പിക്കരുതെ" എന്നതിൻെറ വ്യാഖ്യാനമായി കൂട്ടിച്ചേർക്കപ്പെട്ടതാണെന്നു വേണം കരുതേണ്ടതു്. "പിന്നയോ, തിന്മപെട്ടവനിൽനിന്നു ഞങ്ങളെ രക്ഷിക്കണമെ." നാം സാത്താൻെറ പോരാട്ടത്തെ നേരിടേണ്ടതുണ്ടു്. അവസാനത്തിലാണു് ആ പോരാട്ടം അതിൻെറ ഉച്ചകോടിയിലെത്തുന്നതു്. സാത്താനെ സംബന്ധിച്ചിടത്തോളം അതൊരു ജീവന്മരണയുദ്ധം തന്നെയാണു്. ഇതിനെപ്പററി വെളിപാടു പുസ്തകത്തിൽ ഇപ്രകാരം പറയുന്നു: "എൻെറ ക്ഷമയുടെ വാക്കു് നീ കാത്തുകൊണ്ടതിനാൽ ഭൂമിയിൽ വസിക്കുന്നവരെ പരീക്ഷിക്കുവാൻ ഭൂമിയിലെങ്ങും വരുവാനിരിക്കുന്ന പരീക്ഷയുടെ നാളുകളിൽ ഞാനും നിന്നെ കാത്തുകൊള്ളും." (വെളി 3, 10) സാത്താനെ പരിപൂർണ്ണമായി കീഴടക്കി എന്നേക്കുമായി ശിക്ഷിക്കുന്നതു് കർത്താവിൻെറ രണ്ടാമത്തെ വരവിൽ മാത്രമാണു്. അതിനു മുമ്പു വലിയ പോരാട്ടമുണ്ടു്. വി. പൗലൊസു ശ്ലീഹാ ഇപ്രകാരം പറയുന്നു: "മിശിഹായാകട്ടെ പാപത്തിനുവേണ്ടി ഏക പരിഹാരബലി എന്നന്നേക്കുമായി അർപ്പിച്ചശേഷം ദൈവത്തിൻെറ വലതുഭാഗത്തു് ആരൂഢനായി ശത്രുക്കളെ തൻെറ ചവട്ടടിയ്ക്കു പാദപീഠമാക്കുവോളം കാത്തിരിക്കുകയാണു്." (എബ്രാ 10, 12-13) ശത്രുവിനെ നിർണ്ണായകമായി കീഴാക്കുന്നതു് രണ്ടാമത്തെ വരവിലത്രെ. യേശുമിശിഹാ ഇതു വ്യക്തമാക്കുന്നു: "ഇനിമേൽ മനുഷ്യപുത്രൻ ശക്തിയുടെ (ദൈവത്തിൻെറ) വലത്തുഭാഗത്തു ഇരിക്കുന്നതും വാ

നമേഘങ്ങളിൽ വരുന്നതും നിങ്ങൾ കാണുമെന്നു ഞാൻ പറയുന്നു'' (മത്താ. 26.64)

നാം പ്രാർത്ഥിക്കുന്നതു സാത്താന്റെ ഈ പോരാട്ടത്തിൽ-ഇതു് മരണസമയത്തും ഉണ്ടാകാവുന്നതാണു്. (cf. യൂദ. 1. 9) നമ്മെ സാത്താൻ തട്ടിയെടുത്തുകൊണ്ടു പോകരുതെന്നും, നാം ഏതന്നേക്കുമായി സാത്താന്റെ പിടിയിൽ—ശക്തിയിൽനിന്നു രക്ഷിക്കപ്പെടണമെന്നുമാണു്. (മത്താ. 13, 38) നമ്മുടെ കർത്താവുതന്നെ നമുക്കുവേണ്ടി ഇപ്രകാരം പ്രാർത്ഥിച്ചിട്ടുണ്ടു്: "അവരെ ലോകത്തിൽ നിന്നു് എടുക്കണമെന്നല്ല, പ്രത്യുത തിന്മപെട്ടവനിൽ നിന്നു അവരെ പരിരക്ഷിക്കണമെന്നത്രെ ഞാൻ പ്രാർത്ഥിക്കുന്നതു്." (യോ. 17, 15) ചിലർ "തിന്മപെട്ടവൻ'' എന്നതിനു പകരം 'തിന്മ'' എന്നു മനസ്സിലാക്കുന്നുണ്ടു്. H. O. Poneros എന്ന പ്രയോഗത്തിനു, തിന്മയെന്നും തിന്മപെട്ടവൻ അഥവാ സാത്താൻ എന്നും അർത്ഥമുണ്ടു്. എന്നാൽ പുതിയ നിയമത്തിൽ, ഇതു എപ്പോഴും "തിന്മപെട്ടവൻ'' എന്ന അർത്ഥത്തിലാണുപയോഗിച്ചിരിക്കുന്നതെന്നു വേദപണ്ഡിതന്മാർ പറയുന്നു. ഉദാഹരണമായി, മത്താ. 13, 19-ൽ ഇങ്ങനെ കാണുന്നു: "ആരെങ്കിലും രാജ്യത്തിന്റെ വചനം കേട്ടിട്ടു അതു ഗ്രഹിക്കാതിരുന്നാൽ ദുഷ്ടൻ വന്നു്... വചനം എടുത്തുകളയുന്നു.'' ഇവിടെ നിശ്ചയമായും 'തിന്മ''യല്ല, ദുഷ്ടൻ അഥവാ തിന്മപെട്ടവൻ തന്നെയാണു്. 1 യോഹ 3, 10,5; 18-19 II തെസ്സ 3, 3. വെളിപാടു് 8, 7 എന്നീ വാക്യങ്ങളും കാണുക. 'പരിശുദ്ധൻ' ദൈവത്തിന്റെ പര്യായമായിരിക്കുന്നതുപോലെ, സാത്താനുള്ള പേരാണു് 'തിന്മപെട്ടവൻ' അഥവാ ho Poneros.

## അവസാന സ്തുതികീർത്തനം

ഏതു പ്രാർത്ഥനയും ഒരു സ്തുതി വാക്യം ചൊല്ലിയാണു് അവസാനിപ്പിക്കുന്നതു്. യഹൂദന്മാരുടെ ഈ പാരമ്പര്യം ക്രിസ്തീയ ആരാധനക്രമത്തിലും വി വേദപുസ്തകത്തിൽ പലയിടത്തും ഉണ്ടു്. യേശുമിശിഹാ, പ്രാർത്ഥനാരൂപം മുഴവനായി പഠിപ്പിച്ചിട്ടില്ലെന്നും, ക്രിസ്ത്യാനിയുടെ പ്രാർത്ഥനയിൽ അടങ്ങിയിരിക്കേണ്ട പ്രധാന കാര്യം—ദൈവരാജ്യത്തിൽ, പുത്രൻ തമ്പുരാൻ സാത്താനെ അന്തിമമായി ജയിച്ചു, സർവ്വവും തന്റെ കീഴിലാക്കി പിതാവിന്റെ നാമം പരിശുദ്ധമാക്കണമെന്ന ആശയം—പറഞ്ഞുകൊടുക്കുകമാത്രമേ ചെയ്തിട്ടുള്ളുവെന്നും നാം നേരത്തെ കണ്ടതാണു്. ക്രിസ്ത്യാനികൾ പ്രാർത്ഥനയായി ചൊല്ലിയപ്പോൾ, ഈ പ്രാർത്ഥനയ്ക്കു യോജിച്ച ഒരു സ്തുതികീർത്തനം കൂടി ചേർത്തു. "എന്തെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതാകുന്നുവല്ലോ. ആമ്മീൻ,'' ഈ സ്തുതി വേദപുസ്തകത്തിലെ പല പ്രതികളിലും കാണുന്നുണ്ടു്. സുറിയാനി വേദപുസ്തകമായ പ്ശീത്തായിലും ഉണ്ടു്. എങ്കിലും ഇതു മൂലത്തിൽ ഇല്ലെന്നും, ആരാധനാക്രമത്തിൽ കൂട്ടിച്ചേർക്കപ്പെട്ടതാണെന്നുമാണു് ഇന്നു പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നതു്. "ആമ്മീൻ'' എന്നതും മൂലത്തിൽ ഇല്ലെന്നു പ്രത്യേകം ഓർക്കേണ്ടതാണു്. ഒന്നാം ശതകത്തിലെ ഡിഡാക്കെ എന്ന ഗ്രന്ഥത്തിൽ കർതൃപ്രാർത്ഥനയുടെ അവസാനം ഈ സ്തുതിപ്പു കാണുന്നു. പല വേദപുസ്തകപ്രതികളിലും കാണുന്നു. ആയതിനാൽ, ഇതു ഒന്നാം ശതാബ്ദം മുതൽ പ്രചാരത്തിൽ വന്നിട്ടുള്ള ഒരു പ്രാർത്ഥനാരൂപമാണെന്നും, ഉപേക്ഷിക്കുവാൻ പാടില്ലാത്തതാണെന്നും തെളിയുന്നു.

കർതൃപ്രാർത്ഥനയിൽ ഉടനീളം കാണുന്ന ദൈവരാജ്യത്തിൽ നാം പിതാവായ ദൈവത്തിന്റെ സിംഹാസനത്തിൽ മുമ്പാകെയാണല്ലൊ നിൽക്കുന്നതു്. സിംഹാസനത്തിനു ചുററും നിൽക്കുന്ന സ്വർഗ്ഗസേനകളോടുകൂടി ചേർന്നു നാമും ഇപ്രകാരം പിതാവിനെ സ്തുതിക്കണം. "ഞങ്ങളുടെ പിതാവേ, രാജ്യം നിന്റേതാകുന്നു; നീ ആകുന്നു സ്വർഗ്ഗത്തിലുള്ളതിന്റെയും, ഭൂമിയിലുള്ളവയുടെയും രാജാവ്. 'ശക്തി'—സർവ്വശക്തി-നിനക്കുള്ളതാകുന്നു. നിന്റെ ശക്തികൊണ്ടു് നീ ആകാശവും ഭൂമിയും സൃഷ്ടിച്ചു; പാപികളായ ഞങ്ങളെ നിന്റെ പുത്രൻ മുഖേന രക്ഷിച്ചു, നിന്റെ രാജ്യത്തിലാക്കി. സർവ്വമഹത്വവും നിനക്കുള്ളതാകുന്നു.'' ആനന്ദത്തോടും, സ്നേഹവും നന്ദിയും നിറഞ്ഞ ഹൃദയത്തോടും പാടേണ്ട ഒരു കീർത്തനമാണിതു്.

സ്വർഗ്ഗവാസികൾ അർപ്പിക്കുന്ന സ്തുതികീർത്തനങ്ങളിൽ ചിലതു വെളിപാടു പുസ്തകത്തിൽ നിന്നു ഉദ്ധരിക്കാം.

"ഉണ്ടായിരുന്നവനും, ഉണ്ടായിരിക്കുന്നവനും വരുവാനിരിക്കുന്നവനും സർവ്വാധിപതിയുമായിരിക്കുന്ന ദൈവമായ കർത്താവു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ'' (വെ:4, 8)

# ധ്യാനചിന്തകൾ

(വി. സി. ഗീവറുഗീസ് കോറെപ്പിസ്ക്കോപ്പാ)

## മനസ്സിൻെറ കാന്തശക്തി

കാന്തം ഉള്ള മനസ്സിൻെറ നേരെ നന്മയുടെ ഒരു പ്രവാഹം നടക്കുന്നു. ആ കാന്തം ഉണ്ടാകുന്നതുവരെ ഈ സത്യം ഒരുവൻ അറിഞ്ഞുവെന്നുവരികയില്ല. നിങ്ങൾക്കു പക്ഷെ ഇപ്പോൾ അതു കാണ്മാൻ കഴിവില്ലായിരിക്കാം. എന്തുകൊണ്ട്? മനസ്സിൻെറ കാന്തം നിദ്രാവസ്ഥയിലാണ്ടുപോയിരിക്കുന്നു. അതിനെ ഉണർത്തുന്നതിനാണു ധ്യാനം ആവശ്യമായിരിക്കുന്നതു്. റേഡിയൊ ഇല്ലാതെ വായുവിലെ സംഗീതം പിടിച്ചെടുപ്പാൻ സാദ്ധ്യമല്ലല്ലൊ. നിങ്ങളുടെ മനസ്സിനെ ഒരു റേഡിയോപോലെ നന്മകൾ പിടിച്ചെടുപ്പാൻ കാന്തശക്തിയുള്ളതാക്കിത്തീർക്കണം. എങ്ങനെ? ദോഷവികാരങ്ങളുടെ പ്രവാഹം തടഞ്ഞും ജീവിതലക്ഷ്യം തീക്ഷ്ണമാക്കിയും തന്നെ. നിങ്ങളുടെ ചുററുപാടിലും നന്മകൾ കിടപ്പുണ്ടു്. മനസ്സിൻെറ കാന്തം ക്ഷയിച്ചവർക്കു നന്മകൾ കാണുന്നതിനും ആകർഷിക്കുന്നതിനും കഴിവില്ല.

---

"ഞങ്ങളുടെ ദൈവമായ കർത്താവേ, സ്തുതിയും ബഹുമാനവും ശക്തിയും നിനക്കു യോഗ്യമാകുന്നു. (4, 1)

"സ്വർഗ്ഗത്തിലും ഭൂമിയിലും ഭൂമിക്കു താഴെയും സമുദ്രത്തിലുമുള്ള സകല സൃഷ്ടികളും സിംഹാസനത്തിൽ ഇരിക്കുന്നവനും കുഞ്ഞാടിനും സ്തോത്രവും ബഹുമാനവും മഹത്വവും അധികാരവും എന്നും എന്നേക്കും" എന്നു പറയുന്നതു് ഞാൻ കേട്ടു"

ഇവരുടെ കൂടെ "രാജ്യവും ശക്തിയും മഹത്വവും നിനക്കുള്ളതാകുന്നുവല്ലൊ" ആമ്മീൻ" എന്ന കീർത്തനം ആലപിക്കാം. അഴിഞ്ഞുപോകുന്ന ലോകത്തിൽ നമ്മുടെ ദൃഷ്ടി പതിക്കാതെ, വരുവാനിരിക്കുന്ന സ്വർഗ്ഗരാജ്യത്തിൽ നമ്മുടെ ആഗ്രഹവും മനസ്സും പതിക്കാം. കർത്താവേ! വരണമെ.

ആധാരം: Raymond E. Brown, S. S. in Theological studies 22 (1961) Theological Digest X. 1. 1961.

—o—

വിജയം ഒരുവനുണ്ടാകേണ്ടതു പുറമെ നിന്നല്ല. അകമെ നിന്നാണു്. പലരും ഗ്രഹനിലനോക്കി കാലം കളയാറുണ്ടു്. നിങ്ങൾക്കൊരു ഭാഗ്യനക്ഷത്രം ഇതുവരെ ഉണ്ടായിട്ടില്ലെങ്കിൽ നിങ്ങൾ ഒന്നുണ്ടാക്കുകതന്നെ. അതിനുള്ള മാർഗ്ഗമാണു് ശരിയായ ധ്യാനം. ഇപ്പോൾ പ്രവർത്തിക്കാത്ത പല ശക്തികളും നിങ്ങളിലുറങ്ങിക്കിടപ്പുണ്ടു് നിങ്ങളുടെ ഉള്ളിലുള്ള നിധി നാണംകൊണ്ടോ അജ്ഞാനംകൊണ്ടോ, ഭയംകൊണ്ടോ, നിങ്ങളെടുത്തുപയോഗിച്ചിട്ടില്ല. വെറും ലക്ഷ്യമില്ലാത്ത മനോരാജ്യങ്ങൾ ശക്തികളെ വൃഥാ ഒഴുക്കിക്കളയുന്നു. ശക്തമല്ലാത്ത ഒരു തീരുമാനം ഒന്നും നേടുവാൻ പോകുന്നില്ല. മേല്പറഞ്ഞവ നിങ്ങളുടെ ബുദ്ധിയെ അന്ധകാരപ്പെടുത്തിയതിനാൽ "എൻെറ വിധി" എന്നു പറഞ്ഞു് ഒരു തടവുകാരനായി നിങ്ങൾ കഴിയുകയായിരിക്കും. അടിമത്തത്തിൻെറ ചങ്ങലകൾ പൊട്ടിക്കുക, സ്വതന്ത്രനാകുക, വിജയത്തിൻെറ രംഗത്തിൽ നിങ്ങൾ നന്മകളെ ആകർഷിക്കുന്ന അയസ്കാന്തമാകും.

ഇപ്പോൾ നിങ്ങൾക്കുള്ളതിനേക്കാൾ സൗഭാഗ്യകരവും ജയകരവുമായ ഒരു രംഗത്തിലേക്കു നിങ്ങൾക്കു പ്രവേശിപ്പാൻ കഴിയും. അപജയത്തിൻെറയും നിരാശയുടെയും ദുഃഖത്തിൻെറയും ചങ്ങലകൾ പൊട്ടിച്ചു് ഒരു നവഭാഗ്യത്തിലേക്കു കുതിക്കുന്നതാണു് ശരിയായ ധ്യാനം. നിങ്ങളുടെ ആന്തരശക്തികളെ ഉണർത്തി ശക്തിപ്പെടുത്തിയാൽ ലോകം മുഴുവനും നിങ്ങൾക്കെതിരെ അണിനിരന്നാലും നിങ്ങളുടെ ജയം തീർച്ചയാണു്. എന്തുകൊണ്ടെന്നാൽ ജയം അകമെയാണു് ഉണ്ടാകുന്നതു്. രക്തസാക്ഷികൾ ജയിച്ചുവോ അവരെ വധിച്ചവർ ജയിച്ചുവോ? ക്രിസ്തു ജയിച്ചുവോ? സ്തേപ്പാനോസ് സഹദാ ജയിച്ചുവോ അദ്ദേഹത്തെ എറിഞ്ഞ കല്ലുകൾ ജയിച്ചുവോ?

## മേന്മ

നിങ്ങളുടെ ശക്തിപരിശീലനത്തിൽ ആവശ്യമായിരിക്കുന്ന രണ്ടാം കാര്യം "മേന്മ" യാകുന്നു. നിങ്ങൾ കാണുന്ന യഥാർത്ഥ

മഹാന്മാർ ഉയർന്ന രംഗത്തിലെത്തിയതു് എങ്ങനെ? തങ്ങൾ ഏതു കാര്യത്തിൽ ശ്രദ്ധ പതിച്ചിരുന്നുവോ അതിൽ മേന്മ പ്രാപിച്ചു. ആ കാര്യം ഏററം നന്നായി അവർ പഠിച്ചു. അതിനായി ഉന്നം വച്ചു മേന്മ പ്രാപിച്ചു. അതിനാൽ ആ വിഷയത്തിലുള്ള നന്മകൾ അവരിലേക്കു ആകർഷിക്കപ്പെട്ടിരുന്നു. സാമ്യമുള്ള വസ്തു പരസ്പരം ആകർഷണമുണ്ടു്.

നിപുണനായ ഒരു പ്രസംഗകനുണ്ടെങ്കിൽ അയാളെത്തന്നെ പലരും അന്വേഷിക്കുന്നു. അയാൾക്കതിലുള്ള മേന്മയാണു് പലരേയും അയാളിലേയ്ക്കാകർഷിക്കുന്നതു്. വൈദ്യനായാലും, വേലക്കാരനായാലും അങ്ങനെതന്നെ. മേന്മ ആകർഷിക്കുന്നു. ആരുടെ സംഗീതം കേൾക്കുവാനാണു് ആളുകൾ തിങ്ങിക്കൂടുന്നതു്? സംഗീതത്തിലേററവും വിദഗ്ദ്ധൻെറ അടുക്കൽ തന്നെ. നിങ്ങൾക്കു് വിദഗ്ദ്ധത ഉണ്ടാവണം. സകലത്തിലും ആവശ്യമില്ല. നിങ്ങളുടെ ജീവിതലക്ഷ്യത്തോടനുബന്ധിച്ച വിദഗ്ദ്ധതയാണാവശ്യം. വിദഗ്ദ്ധതക്കു് ഒരു മനോഹരതയുണ്ടു്, ഗാംഭീര്യമുണ്ടു്. നിങ്ങളെന്തിൽമേന്മ ആർജ്ജിച്ചിട്ടുണ്ടു്? മേന്മയിലാണു വിജയം.

ചിന്തയിലാണു മേന്മ ആദ്യം കാണേണ്ടതു്. അതാണു ധ്യാനം. ചിന്തയിലുള്ളതേ പ്രവൃത്തിയിലുണ്ടാകുകയുള്ളൂ. മനസ്സിൻെറ പ്രാധാന്യം ഗ്രഹിക്കുക. ചിന്ത പ്രവൃത്തിയിൽ പ്രതിഫലിക്കുന്നു. അതാണു് ഉന്നതമായ ധ്യാനവും ജീവിതവിജയവും തമ്മിലിത്ര പൊരുത്തമുള്ളതു്. ഒരു കാര്യത്തിൽ പ്രവേശിക്കുവാൻ തുടങ്ങുമ്പോൾ അതിൻെറ സകല വശങ്ങളും കൂലങ്കഷമായി ചിന്തിക്കുക. ഒരു യാത്ര ചെയ്യണമെന്നിരിക്കട്ടെ. ഏതു സമയം? ഏതു വിമാനത്തിൽ? എന്തെല്ലാം കൊണ്ടുപോകണം? എത്ര ദിവസം താമസം? ആ ജോലി നിർവ്വഹിപ്പാനെങ്ങനെ തയ്യാറെടുക്കണം? ഇങ്ങനെ സകല കാര്യവും ചിന്തിക്കുക. അതു ധ്യാനമാണു്. ചിന്തിച്ച ചിന്ത പരിശീലിക്കണം. അങ്ങനെ വലിയ കാര്യങ്ങളിലും നല്ലപോലെ ചിന്തിക്കാറാകും. അപ്പോൾ പ്രവൃത്തിയിൽ മേന്മ പ്രത്യക്ഷപ്പെടും.

തങ്ങളുടെ കഴിവിൻെറ 99 ശതമാനംകൊണ്ടു തൃപ്തിപ്പെട്ടാൽ പോരാ-നൂറു ശതമാനം മേന്മ തന്നെ വേണം. ആ യത്നത്തിലാണുറങ്ങിക്കിടക്കുന്ന ശക്തികൾ അല്പാല്പം ഉണരുന്നതു്. ചെയ്യുന്ന ഏതു ചെറിയ പ്രവൃത്തിയും തൻെറ കഴിവിൻെറ നൂറു ശതമാനം മേന്മയിൽ തന്നെ ചെയ്തേ മതിയാവൂ. പപ്പാതിയായി ചെയ്യുന്ന കാര്യം ശരിയാകുകയില്ല. അങ്ങനെ ചെയ്താൽ അധഃപതനം ഉണ്ടാകുന്നു. താന്താൻെറ സർവ്വശക്തിയും ഉപയോഗിച്ചു ചെയ്യു "താൻ പാതി ദൈവം പാതി" ഈ യത്നത്തിലാണു് മാഹാത്മ്യം പ്രത്യക്ഷപ്പെടുന്നതു്.

ഒരു പുരയ്ക്കു തീ പിടിച്ചാൽ വലിയ അലമാരി ഒരാൾ തനിച്ചെടുത്തു മാററും. തിരിയെ എടുത്തുവയ്ക്കുവാൻ നാലാൾ വേണം. എന്തുകൊണ്ടു തനിയെ ആദ്യം മാററി? ഉറങ്ങിക്കിടന്നിരുന്ന മനഃശക്തിയെ അഗ്നിബാധയുടെ ആപത്തുണർത്തി. പലപ്പോഴും നമ്മുടെ മനസ്സിനെ ഉണർത്തുന്ന എത്ര പ്രസംഗങ്ങൾ, പുസ്തകങ്ങൾ, സംഭവങ്ങൾ ഉണ്ടാകുന്നു- എന്നാൽ പലതും ഗണ്യമാക്കാതെ പോകുന്നു. നന്മ അവരെ അനുഗമിക്കുമ്പോൾ അവർ തട്ടിമാററിക്കളയും നിങ്ങളുടെ ഭാഗ്യനക്ഷത്രം ഉദിക്കുവാൻ എന്തു ചെയ്യണം?

1) മനസ്സിൻെറ കാന്തശക്തി വർദ്ധിപ്പിക്കണം (Magnet)

2) എല്ലാററിലും മേന്മ എന്ന പ്രമാണം പ്രായോഗികമാക്കണം (Excellence)

(തുടരും)

# ബൈബിൾ ആധുനിക ഇസ്രായേലിൽ

(ജെ. പറയന്നിലം, മംഗലാപുരം)

1948-ൽ യഹൂദർ പാലസ്തീനയിൽ രൂപീകരിച്ച ഇസ്രായേൽ ഇന്നു ലോകത്തിലെ ഏകയഹൂദരാഷ്ട്രമാണ്. ഇസ്രായേലിൻെറ സവിശേഷതകളിലൊന്നാണ് അവിടെ ബൈബിളിനു സിദ്ധിച്ചിട്ടുള്ള പ്രാധാന്യം. ക്രിസ്തുവിനെ രക്ഷകനായി അംഗീകരിച്ചിട്ടില്ലാത്ത യഹൂദലോകം പഴയ നിയമ ഗ്രന്ഥങ്ങൾ മാത്രമെ വിശുദ്ധഗ്രന്ഥസമുച്ചയത്തിൽ ഉൾപ്പെടുത്തുന്നുള്ളൂ മാത്രമല്ല, ക്രിസ്തീയലോകം പഴയനിയമത്തിൽ 45 പുസ്തകങ്ങൾ സ്വീകരിക്കുമ്പോൾ യഹൂദരുടെ ബൈബിളിൽ 39 പുസ്തകങ്ങൾ മാത്രമാണുള്ളതു്. ബൈബിളിൽ 'പഞ്ചഗ്രന്ഥി' എന്നറിയപ്പെടുന്ന 'തോറ' വിഭാഗത്തിനു മററു ഭാഗങ്ങളേക്കാൾ പ്രാധാന്യം യഹൂദന്മാർ നൽകുന്നുണ്ട്.

നൂററാണ്ടുകളായി തങ്ങളുടെ പ്രാമാണിക ഗ്രന്ഥങ്ങളുടെ ഗണത്തിൽ ബൈബിളിനു സമുന്നതമായ ഒരു സ്ഥാനം യഹൂദർ നല്കിപ്പോന്നു. എന്നാൽ തങ്ങളുടെ പൂർവ്വീകരുടെ ദേശത്തു വാസമുറപ്പിക്കുന്നതിനും അവിടെ ഒരു സ്വതന്ത്രരാഷ്ട്രം സ്ഥാപിക്കുന്നതിനും വേണ്ടി കഴിഞ്ഞ നൂററാണ്ടിൽ യഹൂദർ പാലസ്തീനയിലേയ്ക്കു തിരിച്ചു വരുവാൻ തുടങ്ങിയതോടെയാണു വാസ്തവത്തിൽ ബൈബിളിനു് ഇന്നു കാണുന്ന പ്രാധാന്യം അവരുടെ ഇടയിൽ സിദ്ധിക്കുവാൻ തുടങ്ങിയതു്. 'സിയോൻ പ്രസ്ഥാന'മെന്ന പേരിൽ ആരംഭിച്ച ഈ സംരംഭത്തിൻെറ വിജയത്തിനു് ഒരു ഏകീകരണോപാധി ആവശ്യമെന്നു മനസ്സിലാക്കിയ യഹൂദ നേതാക്കൾ ഇതിലേയ്ക്കു മൃതഭാഷയായി മാത്രം നിലനിന്നിരുന്ന ഹീബ്രുവിനെ പുനരുദ്ധരിക്കുകയും ആധുനീകരിക്കുകയും ചെയ്തു ഇപ്രകാരം ഇസ്രായേലിൽ ഹീബ്രുവിനു ചിരപ്രതിഷ്ഠ ലഭിച്ചതോടെ അവിടെ സ്ഥിരതാമസമാക്കിയ യഹൂദർ ബൈബിളിനെ കൂടുതൽ സ്നേഹിക്കുവാനും പൂർവ്വാധികം വ്യക്തമായി മനസ്സിലാക്കുവാനും തുടങ്ങി. ഇന്നു് ബൈബിൾ അവരുടെ അനുദിനജീവിതത്തിൻെറ ഒരു ഭാഗമായിത്തീർന്നിരിക്കുകയാണ്.

## രാഷ്ട്രീയ രംഗത്തു്

പാലസ്തീന എന്നതിനു പകരം 'ഇസ്രായേൽ' എന്ന കൂടുതൽ അർത്ഥവത്തായ ബിബ്ളിക്കൽ നാമം യഹൂദർ തങ്ങളുടെ നവരാഷ്ട്രത്തിനു നല്കി. 1948-ൽ ഇസ്രായേൽ നടത്തിയ സ്വാതന്ത്ര്യപ്രഖ്യാപനത്തിലെ ഒരു ഭാഗം ശ്രദ്ധേയമാണ്. "ഇസ്രായേലിലെ ദീർഘദർശികൾ വിഭാവനചെയ്തവിധം സ്വാതന്ത്ര്യം, നീതി, സമാധാനം എന്നീ തത്വങ്ങളിൽ അധിഷ്ഠിതമായിരിക്കും ഇസ്രായേൽ രാഷ്ട്രം" ഏതൊരു യഹൂദനും ഇസ്രായേലിൽ കുടിയേറുവാനും പൗരത്വം സ്വീകരിക്കുവാനും അവകാശമുണ്ടെന്നു് അവർ പ്രഖ്യാപനം ചെയ്തു. അതേതുടന്നു് അടുത്ത പതിനാറു വഷങ്ങൾക്കുള്ളിൽ ഏകദേശം നൂറിലധികം രാജ്യങ്ങളിൽ നിന്നു് യഹൂദന്മാർ ഇസ്രായേലിലേയ്ക്കു കുടിയേറി. നവരാഷ്ട്രത്തിൻെറ ജനസംഖ്യ അങ്ങനെ മൂന്നിരട്ടിയായി വർദ്ധിച്ചു. വിവിധ രാജ്യസ്ഥരായ യഹൂദരുടെ ഈ സംകർഷണം ബൈബിളിൻെറ പ്രാധാന്യത്തിനു് ലോപം പോലും കോട്ടം വരുത്തിയില്ല. ഇന്നും നിയമനിർമ്മാണത്തിൽ അവരുടെ പ്രധാന മാർഗ്ഗദർശിയും പ്രമാണവും ബൈബിളാണ്. ഉദാഹരണമായി 1958-ൽ വേതനം സംബന്ധിച്ച ഒരു നിയമം നടപ്പിലാക്കുവാൻ പാർലമെൻറു് 'ആചാര്യന്മാർ' എന്ന വിശുദ്ധ ഗ്രന്ഥഭാഗത്തിലെ ഒരു കല്പനയാണ് ആധാരമാക്കിയതു്. "നിൻെറ ശമ്പളക്കാരനുള്ള പ്രതിഫലം ഒരു രാത്രി മുഴുവനും നിൻെറ കൈവശം ആയിരിക്കരുതു്" (ആചാര്യന്മാർ 19. 13)

## വിദ്യാഭ്യാസം

പ്രാഥമിക വിദ്യാഭ്യാസകാലം മുതൽ പാഠപദ്ധതിയിൽ ബൈബിളിനു സുപ്രധാനമായ ഒരു സ്ഥാനമാണു നല്കപ്പെട്ടിരുന്നതു് തന്മൂലം സെക്കൻഡറിസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാകുന്നതോടെ ബൈബിൾ സംബന്ധമായ തികഞ്ഞ പരിജ്ഞാനം ഓരോ കുട്ടിയ്ക്കും ലഭിക്കുന്നു. ഇതിനുശേഷം ബൈബിൾ വിഷയങ്ങളിൽ പാണ്ഡിത്യം സമ്പാദിക്കാൻ

ആഗ്രഹിക്കുന്നവരെ ജെറുസലേമിലെ പ്രഖ്യാതമായ ഹീബ്ര്യൂസർവ്വകലാശാലയാണ് അവസരം നല്കി പ്രോത്സാഹിപ്പിക്കുന്നത്. ബൈബിൾ സംബന്ധിച്ച വിഷയങ്ങൾ പഠിപ്പിക്കുന്ന ലോകമഹാകലാലയങ്ങളുടെ ഇടയിൽ സമുന്നതമായ സ്ഥാനമാണ് ഈ സർവ്വകലാശാലയ്ക്കുള്ളത്. സൈനികപരിശീലനക്യാമ്പുകളിലും ബൈബിൾ പഠനത്തിനു ധാരാളം അവസരം നല്കപ്പെടുന്നു. പരിശീലനം ആരംഭിക്കുമ്പോൾ എല്ലാ യുവഭടന്മാർക്കും ഓരോ ബൈബിൾ പ്രതി സമ്മാനിക്കുന്നതു് ബൈബിളിലെ അനുശാസനകൾക്കനുസൃതമായി ഉത്തമജീവിതം നയിക്കണമെന്നുള്ള ആഹ്വാനത്തോടെയാണ്. ഇവയെല്ലാം പുറമെ ബൈബിൾ പഠനത്തിൽ ഔത്സുക്യം വളർത്തുന്നതിന് ഒരു ബൈബിൾ ഗവേഷണകേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്. സാംസ്കാരികരംഗത്തും മതപരമായ ജീവിതത്തിലും ബൈബിളിനുള്ള സ്വാധീനത്തിനു പ്രത്യക്ഷമായ ഒരു തെളിവാണ് ഇസ്രായേൽ പ്രസിദ്ധീകരിക്കുന്ന ബൈബിൾ സംബന്ധമായ നിരവധി ഗ്രന്ഥങ്ങൾ. ബൈബിളിന്റെ പരിഷ്ക്കരിച്ച ഒരു പുതിയ പതിപ്പ് ഈയിടെ ജെറുസലേമിൽ നിന്നു പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## സമ്മേളനങ്ങൾ

ബൈബിൾ വിഷയങ്ങളെക്കുറിച്ചു ചർച്ച ചെയ്യുന്നതിനു മൂന്നു വർഷത്തിലൊരിക്കൽ ജെറുസലേമിൽ സമ്മേളിക്കുന്ന സാർവ്വദേശീയ ബൈബിൾ സെമിനാർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നു പ്രഗത്ഭരായ പല ബൈബിൾ പണ്ഡിതന്മാരെയും അവിടേയ്ക്കാകർഷിക്കുന്നു. ഇസ്രായേലിൽ മാത്രമുള്ള ബൈബിൾ ഗവേഷകരെ ഉദ്ദേശിച്ചു പെസഹാക്കാലത്ത് ഒരു ദേശീയ ബൈബിൾ കൺവെൻഷൻ ഇസ്രായേലിലെ ബൈബിൾ സൊസൈററിയുടെ ആഭിമുഖ്യത്തിൽ എല്ലാ വർഷവും നടത്തിവരുന്നു. കൂടാതെ ബൈബിൾ സൊസൈററിയുടെ വിവിധ ശാഖകൾ ചേർന്ന് പലപ്പോഴായി പ്രാദേശികസമ്മേളനങ്ങൾ നടത്താറുണ്ട്. ഇസ്രായേലിലെ സ്ത്രീകളും ഈ വിധ കാര്യങ്ങളിൽ അതീവതാല്പര്യം പ്രകടിപ്പിക്കുന്നു.

## അനുദിനജീവിതത്തിൽ

ബൈബിൾ ഇസ്രായേൽ ജനതയുടെ അനുദിനജീവിതത്തിന്റെ ഒരു ഭാഗമായിത്തീർന്നിട്ടുണ്ടെന്നുള്ളതിനു മതിയായ തെളിവാണ് ഇസ്രായേൽ റേഡിയോസ്റ്റേഷന്റെ ബൈബിൾ വിഷയങ്ങളെ ആസ്പദമാക്കിയുള്ള നിരവധി പ്രക്ഷേപണങ്ങൾ. ഓരോ ദിവസവും പരിപാടികൾ ആരംഭിക്കുന്നതുതന്നെ ഒരു സങ്കീർത്തനഭാഗം ആലപിച്ചുകൊണ്ടും പഞ്ചഗ്രന്ഥിയിൽ നിന്ന് ഒരു ഭാഗം ഉദ്ധരിച്ചുകൊണ്ടുമാണ്. കൂടാതെ ബൈബിളിൽ നിന്നു തെരഞ്ഞെടുത്ത പ്രത്യേക ഭാഗങ്ങൾ വ്യാഖ്യാനസഹിതം പലപ്പോഴായി പ്രക്ഷേപണം ചെയ്യപ്പെടുന്നു. ഇസ്രായേൽഗവണ്മെൻറ് പുറപ്പെടുവിക്കുന്ന തപാൽ സ്റ്റാമ്പുകളിലെ ചിത്രങ്ങളിലും സാധാരണയായി ബൈബിളിനോടുള്ള പ്രതിപത്തി തെളിഞ്ഞു കാണാവുന്നതാണ്. ബാങ്കുനോട്ടുകളിലും നാണയങ്ങളിലും ബൈബിൾ ചിഹ്നങ്ങൾ സർവ്വസാധാരണങ്ങളാണ്. ഇസ്രായേൽ സന്ദർശിക്കുന്ന വിദേശിയരെ ആകർഷിക്കുവാൻ ടൂറിസ്റ്റ് വാഹനങ്ങളിൽ ബൈബിൾ ചിഹ്നങ്ങളും വാക്യങ്ങളും സ്ഥാനം പിടിക്കാറുണ്ട്. സംഗീതം, സാഹിത്യം ചിത്രകല തുടങ്ങിയ സുന്ദരകലാശാഖകൾ പ്രകാശനം കൊടുക്കുന്ന അക്ഷയപാത്രം എന്ന നിലയിൽ ഇസ്രായേൽകലാകാരന്മാരുടെ ഏററവും പ്രിയങ്കരമായ ഒരു കലവറയാണു ബൈബിൾ. ബൈബിളിനു പ്രത്യേകവണക്കം നൽകാതെയുള്ള തിരുനാളാഘോഷങ്ങൾ ഇസ്രായേൽ യഹൂദരുടെ ഇടയിൽ ഇല്ലെന്നുതന്നെ പറയാം.

## പേരുകൾ

ഇസ്രായേൽ എന്ന പേരിന്റെ തന്നെ ഉത്ഭവം ബൈബിളിൽ നിന്നാണെന്നു മുമ്പു സൂചിപ്പിച്ചുവല്ലോ. യഹൂദരിൽ ഗണ്യമായ ഒരു വിഭാഗം വിശുദ്ധ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്ന അതിപുരാതന നാമധേയങ്ങളോടു പ്രത്യേക പ്രതിപത്തി പ്രദർശിപ്പിക്കുന്നു. കൂടാതെ പുതുതായി സ്ഥാപിക്കുന്ന പട്ടണങ്ങൾക്കും ഗ്രാമങ്ങൾക്കും ബൈബിളിൽ പറഞ്ഞിട്ടുള്ള പേരുകൾ നല്കുവാനും പഴയ സ്ഥലനാമങ്ങൾ കഴിയുന്നത്ര വീണ്ടെടുക്കുവാനും അവർ ശ്രദ്ധാലുക്കളാണ്. ഇന്നു ഈ ചുമതല വഹിക്കുന്നതു് ചരിത്രം, ഭൂമിശാസ്ത്രം, ഗവേഷണം എന്നിവകളിലും പ്രത്യേകിച്ചു് ബൈബിളിലും വിശേഷപരിശീലനം സിദ്ധിച്ചിട്ടുള്ള ഒരു വിദഗ്ദ്ധ കമ്മിററിയാണ്. കഴിഞ്ഞ വർഷം കടലിലിറക്കിയ ഇസ്രായേലിന്റെ ഏററവും വലിയ യാത്ര

ക്കപ്പലിനു ഷാലോം (സമാധാനം) എന്നാണു നാമകാരണം ചെയ്തിരിക്കുന്നതു്.

## വികസനപദ്ധതികൾ

വിവിധ നാടുകളിൽനിന്നു കുടിയേറിപ്പാർത്ത യഹൂദർ പ്രഥമ ദൃഷ്ടിയിൽ ഇസ്രായേൽ മണ്ണിൽ തികച്ചും അസാദ്ധ്യമെന്നു തോന്നിയ ചില വിഭവങ്ങൾ ബൈബിൾ വിവരണങ്ങളുടെ സാക്ഷ്യത്തിന്മേൽ മാത്രം കൃഷി ചെയ്തു തികച്ചുംവിജയപ്രദമായിരുന്നു. ഇതുപോലെ ധാതുഖനനത്തിലും വമ്പിച്ച പരീക്ഷണങ്ങൾ നടത്തി അജ്ഞാതമായിരുന്ന ധാതു നിക്ഷേപങ്ങൾ കണ്ടെടുക്കുവാൻ സാമ്പത്തികശാസ്ത്രജ്ഞന്മാരെ പ്രേരിപ്പിച്ചതു് ബൈബിളിലെ സോളമന്റെ ചെമ്പുഖനികളെ കുറിച്ചുള്ള വിവരണങ്ങളും നിയമാവർത്തനത്തിലെ ഒരു സൂചനയും മാത്രമായിരുന്നു. "...കല്ലുകൾ ഇരുമ്പായിരിക്കുന്നതും മലകളിൽ നിന്നു ചെമ്പു കുഴിച്ചെടുക്കാവുന്നതുമായ ദേശത്തേയ്ക്കു്......" (നിയമാവർത്തനം 8 9) ഇസ്രായേലിൽ ഒരു ദേശീയ കലയായി വളർന്നുകഴിഞ്ഞിട്ടുള്ള പുരാതന വസ്തുഗവേഷണശാസ്ത്ര(ആർക്കിയോളജി)ത്തിനു മാർഗ്ഗദർശനം നല്കുന്നതു് പ്രധാനമായും ബൈബിളാണു്. യോർദ്ദനാൻ നദിയിലെ വെള്ളംകൊണ്ടു് ഇസ്രായേലിന്റെ തെക്കുഭാഗത്തുള്ള വരണ്ട പ്രദേശങ്ങൾ കൃഷിക്കുപയുക്തമാക്കി മാററുവാൻ ഇസ്രായേൽ ഗവൺമെൻറു ആസൂത്രണം ചെയ്തിരിക്കുന്ന വൻതോതിലുള്ള ജലസേചനപദ്ധതിയുടെ പൂർത്തീകരണത്തിൽ ഇസ്രായേൽ ജനങ്ങൾ വിഭാവനം ചെയ്യുന്നതു് ഏശയ്യാദീർഘദർശിയുടെ ഒരു പ്രവചനത്തിന്റെ പൂർത്തീകരണമാണു്. "വിജനപ്രദേശങ്ങളിൽ വെള്ളവും മരുഭൂമിയിൽ നീർച്ചാലുകളും പ്രവഹിക്കും". (ഏശയ്യാ 35. 6)

## മാർപാപ്പായുടെ വിശുദ്ധനാട്ടു് സന്ദർശനം

കഴിഞ്ഞ ജനുവരി മാസത്തിൽ പരിശുദ്ധ പിതാവു് പോൾ മാർപ്പാപ്പാ വിശുദ്ധ നാടുകൾ സന്ദർശിച്ച അവസരത്തിൽ ഇസ്രായേൽ അദ്ദേഹത്തിനു നല്കിയ സ്വീകരണച്ചടങ്ങുകളിൽ ഒട്ടുവളരെ ബൈബിൾ ആചാരങ്ങൾ സ്ഥാനം പിടിച്ചിരുന്നു. "അങ്ങു് അങ്ങയുടെ ആഗമനത്തിൽ അനുഗൃഹീതനാകട്ടെ" എന്ന പരമ്പരാഗതമായ ആശംസാവചനങ്ങൾ കൊണ്ടാണു് ഇസ്രായേൽ പ്രസിഡൻറു് മാർപ്പാപ്പായ്ക്കു സ്വാഗതമാശംസിച്ചതു്. മാർപ്പാപ്പാ തിരുമേനി സന്ദർശനം പൂർത്തിയാക്കിയപ്പോൾ പ്രസിഡൻറു് സമാധാനത്തിന്റെ നഗരമായ ജെറുസലേമിൽനിന്നു സമാധാനപൂർണ്ണമായ മടക്കയാത്രാമംഗളങ്ങൾ ആശംസിച്ചതിനു മറുപടിയായി പരിശുദ്ധ പിതാവു് വിശുദ്ധ ഗ്രന്ഥത്തിലെ സമാധാനത്തിന്റെ അതേ ഹീബ്രുവിൽ തന്നെ—"ഷാലോം, ഷാലോം!"-- ഇസ്രായേൽ ജനങ്ങൾക്കു നല്കിയതു് അവരെ പ്രത്യേകവിധം ആനന്ദപുളകിതരാക്കി. വിശുദ്ധ നാട്ടു സന്ദർശനാവസരത്തിൽ പരിശുദ്ധ പരിശുദ്ധ പിതാവിനു് ഇസ്രായേൽ ഗവൺമെൻറു് സമ്മാനിച്ച സ്വർണ്ണമെഡലിൽ ഒരു ബൈബിൾ വാക്യം ആലേഖനം ചെയ്യപ്പെട്ടിരുന്നു. "നിന്റെ അയൽക്കാരനെ നിന്നെപ്പോലെ നീ സ്നേഹിക്കുക". ആചാര്യന്മാർ 19. 18.

ഇസ്രായേൽ യഹൂദരുടെ ഈ ബൈബിൾ മമതയിൽ നിന്നു ക്രിസ്തീയ ലോകത്തിനും വളരെയധികം മുതലെടുക്കാൻ കഴിയുന്നുണ്ടു്. നൂതന ഗവേഷണങ്ങൾ വഴി പഴയനിയമ ഗ്രന്ഥങ്ങളുടെ പ്രാമാണികതയും വിശ്വാസനീയതയും യഹൂദർ കൂടുതലായി വെളിച്ചത്തു കൊണ്ടുവരുന്നതു് ക്രൈസ്തവർക്കു് എത്രമാത്രം സഹായകമാണെന്നു വ്യക്തമാണല്ലോ. ഇതിനും പുറമെ ബൈബിൾ വിദ്യാർത്ഥികളെ ആകർഷിക്കുന്ന മറെറാരു വസ്തുത, ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നു് യഹൂദരെന്നപോലെ നിരവധി ക്രിസ്ത്യാനികൾക്കും ദീർഘകാലം ഇസ്രായേലിൽ ചെലവഴിച്ചു ഹീബ്രുഭാഷയുടെ ഉപയോഗരീതി മനസ്സിലാക്കുവാനും ബൈബിൾ കൂടുതൽ വ്യക്തമായി പഠിക്കുവാനും സാധിക്കുന്നുവെന്നുള്ളതാണു്.

# ആധുനികലോകം സുന്നഹദോസിന്റെ കാഴ്ചപ്പാടിൽ

(ഒ. അയ്യനേത്ത്)

## II

(തുടർച്ച)

ഇപ്പുറത്തവയൊക്കെ കേവലം യാഥാർത്ഥ്യങ്ങളാണ്. അതിനു നേരേ കണ്ണടച്ചതുകൊണ്ടു ഫലമില്ല. സുന്നഹദോസിനു കളമൊരുക്കിയവർ ഇതു മനസ്സിലാക്കിയിട്ടുണ്ട്. ഐക്യത്തിന്റെ ഉദാത്തമായ ഗാംഭീര്യത്തെപ്പററി മാർപ്പാപ്പായും ഇതര പിതാക്കന്മാരും തികച്ചും ബോധവാന്മാരാണ്. ക്രൈസ്തവൈക്യമാണു സുന്നഹദോസിന്റെ മുമ്പാകെയുള്ള ആധുനിക ലോകത്തിലെ ഏററവും വലിയ പ്രശ്നം. ഐക്യമുണ്ടായിക്കഴിഞ്ഞാൽ ലോകത്തിലെ മററു പ്രശ്നങ്ങൾ പലതും പരിഹൃതമാകാനേയുള്ളു. ഏകവും+ വിശുദ്ധവും കാതോലികവും അപ്പസ്തോലികവുമായ സഭയിലുള്ള വിശ്വാസ"ത്തിന്റേതായ ഐക്യത്തിന്റെ മൂല്യം അത്ര വലുതാണ്. അതെങ്ങനെയെങ്കിലും സാധിച്ചേമതിയാവൂ.

സുന്നഹദോസിന്റെ മുമ്പിലുള്ള ആധുനികലോകത്തിന്റെ വേറൊരുവശം അക്രൈസ്തവരെ സംബന്ധിച്ചുള്ളതാണ്. ഇതിൽ യഹൂദന്മാരും ഇതരമനുഷ്യ വർഗ്ഗവും ഉൾപ്പെടുന്നു. യഹൂദന്മാരെ ഒരു അഭിശപ്ത സമൂഹമായി നമ്മൾ കരുതിവന്നിരുന്നു. ഇവിടെയും, "ശപിക്കപ്പെട്ടവർ," തെററുകാർ, "എന്നുവിട്ടും മററുള്ളവരെ മുദ്ര"യടിക്കാൻ നമുക്ക് അധികാരമില്ല. ക്രിസ്തുവിന്റെ ആത്മാവും സ്നേഹവും നമ്മെ അതിനനുവദിക്കുന്നില്ല. ക്രിസ്തുവിന്റെ കാലത്തുതന്നെ യഹൂദന്മാർ ജറുശലേമിൽത്തന്നെയല്ല താമസിച്ചിരുന്നതു്. ജറുശലേമിലുള്ള ഏതാനും യഹൂദപ്പരിഷകൾ ക്രിസ്തുവിനെ ക്രൂശിച്ചെങ്കിൽ, അതിനു ലോകമെങ്ങും വ്യാപിച്ചുകിടന്നിരുന്ന യഹൂദജാതി ഒന്നടങ്കം തെററുകാരാകുന്നതെങ്ങനെ? അതും പ്രത്യേകിച്ച്, ഇന്നുള്ള ഏതെങ്കിലും യഹൂദൻ ഇതിനുത്തരവാദിയാകുന്നതെങ്ങനെ? ആരോഗ്യകരവും അനുകമ്പാനിർഭരവുമായ ഒരു വീക്ഷണം സുന്നഹദോസ് എടുത്തിരിക്കുന്നതു് യഹൂദന്മാരെ ക്രിസ്തുവിലേക്ക് ആകർഷിച്ചടുപ്പിക്കാൻ പര്യാപ്തമാണെന്നുതീർത്തുപറയാം.

മററു മതക്കാരെയും "അജ്ഞാനികൾ" "അവിശ്വാസികൾ" "കാവ്യർ" "പതിതർ" എന്നീപദപ്രയോഗങ്ങളാൽ വ്യവഹരിച്ച് അഗണ്യകോടികളിൽ തള്ളുന്നതിൽ ഉപവിയും ഉപപത്തിയുമുണ്ടെന്നു തോന്നുന്നില്ല. ഉദാഹരണമായി നമ്മുടെ മാതൃഭൂമിയായ ഭാരതത്തിലെ പ്രധാന മതമായ ഹിന്ദുമതത്തെത്തന്നെ എടുക്കുക. ഇടക്കാലത്തു് തെല്ലു ദുരാചാരജടിലമായിപ്പോയ ഹിന്ദുമതമല്ല ഇവിടെ വിവക്ഷ. പ്രത്യുത, വേദോപനിഷത്തുകളിൽ കുടികൊള്ളുന്ന സനാതന ഹിന്ദുമതം. ഋഗ്വേദത്തിൽ ഏക ദൈവവിശ്വാസമേ കാണുന്നുള്ളു എന്നു നാം ഓർക്കണം. വേദങ്ങളിലും ഉപനിഷത്തുകളിലും, ക്രിസ്തുമത തത്വങ്ങൾക്കനുരോധമായ പല ചിന്താപദ്ധതികളും ഉണ്ടു്. അവയെപ്പററിയുള്ള അവഗാഹത്തിൽനിന്നു ഒരു മതമെന്നനിലയിൽ ഹിന്ദുയിസത്തിന്റെ മൂല്യങ്ങൾ നമുക്ക് ബോദ്ധ്യമാകും. ശങ്കരാചാര്യരുടെ തത്വനിർദ്ധാരണങ്ങളും തോമിസവും സമാന്തരമായി സഞ്ചരിക്കുന്നു; ഇതുവരെയും സന്ധിച്ചിട്ടില്ലെന്നേയുള്ളു; എന്നിങ്ങനെയുള്ള ഫാദർ ജോനാസിന്റെ പ്രസ്താവങ്ങൾ കഴമ്പില്ലാത്തവയെന്നു പറഞ്ഞുകൂടാ. ഹിന്ദുമതത്തിന്റെ ദൈവാവിഷ്കൃതസ്വഭാവത്തിന്റെ അഭാവത്തിൽ നാം ചിന്തിച്ചുനോക്കിയാൽ, ക്രിസ്തുമതംവഴി ദൈവം തന്നെയും തന്നെപ്പററിയുള്ള സത്യങ്ങളെയും ആവിഷ്ക്കരിച്ചില്ലായിരുന്നുവെങ്കിൽ, സ്വാഭാവികരീതിയിൽ ഹിന്ദുമതംപോലെ ശ്രേഷ്ഠവും ഐശ്വരപരമായ രീതിയിൽ ഉദാത്തഗംഭീരമായ ഒരു മതം വേറെ കാണുമായിരുന്നില്ല. സ്വാഭാവികമതങ്ങളിൽ ഈശ്വരനെപ്പററിയുള്ള ജ്ഞാനം ഇത്ര യുക്തിയുക്തമായും സ്വാഭാവികമായും പ്രകടമായും ഉള്ളവേറെ ഒരു മതവും ഇല്ല എന്നു തീർത്തുപറയാം. ക്രിസ്തുമതത്തിൽ ബുദ്ധികൊണ്ടു് സർവസംഗ്രാഹിയായ വിധം എല്ലാം സുഗ്രഹമാകുന്നില്ലല്ലൊ. നിശ്ച.

+ "ഏകം" എന്ന പദം നിഖ്യാവിശ്വാസപ്രമാണത്തിൽ സഭാലക്ഷണമായി പിതാക്കന്മാർ ആദ്യം വച്ചിരിക്കുന്നു. ഐക്യത്തിന്റെ പ്രാധാന്യം സ്പഷ്ടം. "ഏകം" മുമ്പിൽ തുടങ്ങാതുള്ള മലയാള തർജ്ജമ (കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവും) തെററാണ്.

ഹതയുടെയും ദിവ്യരഹസ്യങ്ങളുടെയും അയ പല തത്വങ്ങളും സത്യങ്ങളും ക്രിസ്തുമതത്തിൽ ഉണ്ട്. അവയെ നാം സ്വീകരിച്ചാദരിക്കുന്നതിലാണ് വിശ്വാസം എന്ന സംജ്ഞ നാം ഉപയോഗിക്കുന്നതു്. ഹിന്ദുമതത്തിലെ വേദാന്തവും ഈ രീതിയിൽ പോകുന്നു: Veda = Wisdom; Antha = end; Vedantha = the end of Wisdom കാച്ചുറിയുക, അധികം വിശ്വസിക്കുക. എന്ന ക്രിസ്തുമതത്തിലെ, മനുഷ്യപ്രകൃതിക്കനുരോധമായ അടിസ്ഥാനതത്വമാണീവേദാന്തപദത്തിൽ സന്നിവേശിതമായിരിക്കുന്നതു് എന്നു കാണാം. ക്രിസ്തുവിനു രണ്ടു മൂവായിരം ആണ്ടുകൾക്കു മുമ്പുതൊട്ടേ, വീട്ടും, നാട്ടും. പദവിയും പ്രതാപവും, ദേഹലാലസതയും പ്രാപഞ്ചിക സുഖങ്ങളും പരിത്യജിച്ചിട്ട് കേവലം ആത്മംഭരികളായ പരിവ്രാജകരായി ഹിമാലയത്തിന്റെ പ്രാലേയവിലസിതമായ തടങ്ങളിലും താഴ്വാരങ്ങളിലും ജീവിതകാലം മുഴുവൻ തപസ്സിരുന്നു, ധ്യാനംകൊണ്ടാത്മാവിനെ ആത്മാവിൽ കണ്ടുകൊണ്ട് ആത്മജ്ഞാനംനേടിയ മുനികളുടെ നാടാണു ഭാരതം. മററു മതങ്ങളുടെ പോരായ്മകളെയും പാകപ്പിഴകളെ പററി വിളിച്ചുപറയുന്നതിൽ ഭേദം ക്രിസ്തുമതത്തിന്റെ മേന്മയെയും നന്മയെയും കൂടുതൽ കൂടുതൽ വെളിച്ചത്തു കൊണ്ടുവരാൻ ശ്രമിക്കുന്നതാണ് ആധുനിക ജീവിതവീക്ഷണം നമ്മോടിതാവശ്യപ്പെടുന്നു. ഇപ്പറഞ്ഞുവന്ന കാര്യങ്ങളെല്ലാം മാർപ്പാപ്പാ തിരുമേനിയും സുന്നഹദോസ് പിതാക്കന്മാരും കാലേ മനസ്സിലാക്കിയിരിക്കുന്നു എന്നതു് ചാരിതാർത്ഥ്യജനകമാണ്.

മതേതരമായ ആധുനിക ലോകത്തെ സംബന്ധിച്ചിടത്തോളമുള്ള സുന്നഹദോസിന്റെ കാഴ്ചപ്പാട് വളരെയധികം ശ്രദ്ധേയമാണ്. മൊത്തത്തിൽ ആധുനികമനുഷ്യൻ ആണു പ്രശ്നം. ആധുനികമനുഷ്യൻ ഒരു പ്രശ്നമാണെന്നോ? അതേ, അവൻ ഇന്നു ക്രൈസ്തവസഭയ്ക്കുതന്നെയല്ല, അവനുതന്നെയും ഒരു പ്രശ്നമാണ്. ആ അവൻ എവിടേക്കുപോകുന്നു; എന്തിനു ജീവിക്കുന്നു, എങ്ങനെ ജീവിക്കണം എന്നതു് ഒരു വലിച്ച പ്രശ്നമായിരിക്കയാണ്. കാരണം, അവനിന്നു് നിയതവും നിഷ്കൃഷ്ടവുമായ ഒരു ജീവിതതത്വസംഹിതയില്ല: ഉണ്ടെങ്കിൽത്തന്നെ അതു നിരീശ്വരത്വത്തിന്റെയും ഭൗതികമാത്രമായ ഹ്യൂമനിസത്തിന്റെയും ആണ്.

അല്പചരിത്രം ഇവിടെ ആവശ്യമാണ്. യൂറോപ്പിലെ എന്നല്ല ലോകത്തിലെതന്നെയും ക്രൈസ്തവജീവിതത്തിൽ ആഴമായ മുറിവും പിളർപ്പുമുണ്ടാക്കിയ പ്രൊട്ടസ്റ്റന്റു മതവിപ്ലവവും തുടർന്നുവന്ന നവോത്ഥാനദശയും, ക്രമേണ ക്രമേണ മനുഷ്യൻ ദൈവത്തിൽനിന്നകന്നുപോകാൻ കളമൊരുക്കി. ശാസ്ത്രീയവും സാങ്കേതികവുമായ വിജ്ഞാനത്തിന്റെ അഭ്യുത്ഥാനം ലോകത്തിൽ പുരോഗമനാത്മകങ്ങളായ വമ്പിച്ച പരിവർത്തനങ്ങളുളവാക്കി. ഡാർവിനിസം ഇതിനു സഹായകരമായിരുന്നു. ദൈവം ഇല്ല എന്നു ഡാർവിൻ പറഞ്ഞിട്ടില്ല: പരിണാമം (evolution-not Darvinisom) ഇല്ല എന്നു ഘോഷിക്കാനിടയും. പക്ഷ, ജീവന്റെ ഉല്പത്തിയെയും, അതിമാനുഷ പ്രഭാവനായി മനുഷ്യൻ വളർച്ച പ്രാപിക്കാൻ സഹായിക്കുന്ന പുരോഗതിയെയുംപററിയുള്ള മിഥ്യാധാരണ ഒരപസ്മാരരോഗംപോലെ ആധുനിക മനുഷ്യനെ പിടികൂടുകയുണ്ടായി. ശാസ്ത്രത്തിലും പുരോഗതിയിലുമുള്ള അപ്രമാദിത്വ വിശ്വാസം സ്വീകരിച്ച ആധുനികമനുഷ്യൻ മതത്തെ കറുപ്പായും ദൈവവിശ്വാസത്തെ നൂററാണ്ടുകളുടെ വിഡ്ഢിത്തക്കൂമ്പാരമായും കരുതി. ദൈവത്തിൽനിന്നു് അവൻ അകന്നുപോയി. അത്രത്തോളം അവൻ മനുഷ്യനിൽനിന്നും തന്നിൽനിന്നുതന്നെയും അകന്നുപോയി. മനുഷ്യവ്യക്തിത്വംതന്നെയും ദ്വന്ദമാനരൂപത്തിൽവിഘടിതമായി. മനുഷ്യന്റെ ബാലൻസുതന്നെയും പൊയ്പ്പോയി. കാരണം, ദൈവത്തിലുള്ള വിശ്വാസത്തിനേ, മനുഷ്യനെ പരസ്പരവിശ്വാസത്തിലും തന്നെപ്പററിത്തന്നെയുള്ള വിശ്വാസത്തിലും നിലനിറുത്താൻ കെല്പുണ്ടാകയുള്ളു.

(തുടരും)

(8-ാം പേജിൽനിന്ന് തുടർച്ച)

പുസ്തകങ്ങളിൽ എഴുതപ്പെട്ടിരുന്ന ഈ വാക്കുകളിലുള്ളതുപോലെ ദൈവത്തിനായുള്ള കാത്തിരുപ്പ് തിരുവവതാരത്തിന്റെ പ്രഭാവം മുററിനില്ക്കുന്ന ഭാഷയിൽ വളരെ വിരളമായേ പ്രകടിപ്പിക്കപ്പെട്ടിട്ടുള്ളു

ഇതു് നമ്മുടെ കാലഘട്ടത്തിന്റെ പ്രാർത്ഥനയുംകൂടിയാണ്. ഇന്ന് മറെറന്നത്തെക്കാളും ഉപരിയായി, ഇതു് ഓരോ മനുഷ്യഹൃദയത്തിൽനിന്നും ഉയരണം. മാനവസമുദായം ഗാഢമായ വ്യതിയാനങ്ങളിലൂടെ കടന്നുപോകുകയും ഭാവിലോകത്തിലേക്ക് അതിനെ നയിക്കുന്ന പുതിയ ശക്തികൾക്കും ആദർശങ്ങൾക്കും വേണ്ടി അന്വേഷിച്ചുകൊണ്ടിരിക്കുകയും ചെയ്യുകയാണിപ്പോൾ. നിങ്ങളുടെ രാജ്യവും അതിന്റെ ചരിത്രത്തിലെ ഒരു പുതിയ അദ്ധ്യായത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. പരമ്പരാഗതമായ വ്യവസ്ഥിതികളും മൂല്യങ്ങളും വ്യത്യാസപ്പെടുന്ന മാററങ്ങളുടെ ഈ കാലഘട്ടത്തിൽ നമ്മുടെ യുഗത്തിന്റെ അരക്ഷിതാവസ്ഥ നിങ്ങൾക്കും അനുഭവപ്പെടുന്നുണ്ട്. ഇപ്പോൾ ശക്തമായ ഒരു ഭൗതികാടിസ്ഥാനത്തിൽ മാത്രമല്ല, ദൃഢമായ ഒരു ആദ്ധ്യാത്മികാടിസ്ഥാനത്തിലും കൂടെ രാഷ്ട്രത്തെ പടുത്തുയർത്തുന്ന ശ്രമത്തിൽ എല്ലാ കഴിവുകളും കേന്ദ്രീകരിക്കേണ്ടിയിരിക്കുന്നു. നിങ്ങളും ലോകത്തിന്റെ എല്ലാഭാഗങ്ങളിലുമുള്ള അനേകം ജീവിതങ്ങളെ അന്ധകാരത്തിലാഴ്ത്തുന്ന ദാരിദ്ര്യം, വിശപ്പ്, രോഗം എന്നിവയ്ക്കെതിരെയുള്ള സമരത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. കൂടുതൽ ഭക്ഷണത്തിനും വസ്ത്രത്തിനും ഭവനങ്ങൾക്കും വിദ്യാഭ്യാസത്തിനും ധനത്തിന്റെ ന്യായമായ വിതരണത്തിനും വേണ്ടി നിങ്ങളും പൊരുതുകയാണ്. ദൈവമക്കളായി ജീവിക്കുന്നതിനും മാനുഷികാവശ്യങ്ങൾ നടത്തുന്നതിനും വേണ്ട സാധനങ്ങൾ എല്ലാവർക്കും നൽകുന്നതിനുള്ള ശ്രമത്തിൽ, കൂടുതൽ മെച്ചമായ ഒരു ലോകത്തിനുവേണ്ടിയുള്ള സമരത്തിൽ നാമെല്ലാം ഒന്നല്ലേ?

ആധുനിക വാർത്താവിനിമയ മാർഗ്ഗങ്ങളിലൂടെ മാത്രം നാം അടുത്താൽ പോരാ. പരസ്പരമുള്ള ധാരണയിലും ബഹുമാനത്തിലും സ്നേഹത്തിലും കൂടെ നമ്മുടെ ഹൃദയങ്ങൾ ഒന്നാകേണ്ടിയിരിക്കുന്നു. നാം വെറും പര്യടകരായിട്ടല്ല, ദൈവത്തെ കണ്ടെത്തുന്നതിന് ഇറങ്ങിത്തിരിച്ചിട്ടുള്ള തീർത്ഥയാത്രക്കാരായിട്ടാണ് കണ്ടുമുട്ടേണ്ടതു്—കല്ലുകൊണ്ടുള്ള കെട്ടിടങ്ങളിലല്ല, ഹൃദയങ്ങളിൽ മനുഷ്യൻ മനുഷ്യനെയും രാഷ്ട്രം രാഷ്ട്രത്തെയും ദൈവത്തിന്റെ മക്കളായിട്ട് കാണണം. ഈ പരസ്പരധാരണയിലും സൗഹാർദ്ദത്തിലും മാനവസമുദായത്തിന്റെ പൊതുഭാവി പടുത്തുയർത്തുന്ന ശ്രമം നാം തുടങ്ങണം. രാഷ്ട്രങ്ങളുടെ യഥാർത്ഥമായ ഐക്യം നേടുന്നതിന് എല്ലാ സമ്പത്തും കൂട്ടിച്ചേർക്കുന്നതിനും എല്ലാ ശ്രമങ്ങളും ഏകീകരിക്കുന്നതിനുമുള്ള പ്രായോഗിക മാർഗ്ഗങ്ങളായ സംഘടനയും സഹകരണവും നാം കണ്ടെത്തണം. അത്തരം ഒരൈക്യം പരസ്പരഭീതിയിൽനിന്നും ഉണ്ടാകുകയില്ല; ദൈവത്തിൽനിന്ന് പുറപ്പെട്ട് എല്ലാവരെയും ആശ്ലേഷിക്കുന്ന പൊതുസ്നേഹത്തിൽനിന്നേ അതുണ്ടാകൂ

നമ്മുടെ സന്ദർശനത്തിന്റെ സന്ദർഭം ദിവ്യകാരുണ്യകോൺഗ്രസ് ആണ്. ദിവ്യകാരുണ്യം ക്രിസ്തുവിന്റെയും തനിക്ക് പിതാവായ ദൈവത്തോടും എല്ലാ മനുഷ്യരോടുമുള്ള സ്നേഹത്തിന്റെയും സ്മാരകമാണ്. യേശുവിന്റെ ഈ സ്നേഹം ഭൂതകാലത്തിന്റേതായ ഒരു കാര്യമല്ല; ഓരോ മനുഷ്യഹൃദയത്തിലും അതു് നിലനില്ക്കാൻ ഉദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഈ രാജ്യത്തു് ഒരു ന്യൂനപക്ഷമായ ക്രിസ്ത്യാനികൾക്ക് മാത്രമല്ല, തന്നെ അറിയുകയും സ്നേഹത്തിനും സ്വയപരിത്യാഗത്തിനുമുള്ള ഒരു പ്രചോദനമായി തന്നെ സ്നേഹിക്കുകയും ചെയ്യുന്ന അനേകർക്ക് ക്രിസ്തു പ്രിയങ്കരനാണ്. മനുഷ്യപുത്രൻ ശുശ്രൂഷിക്കപ്പെടുവാനായിട്ടല്ല, ശുശ്രൂഷിക്കുവാനും അനേകർക്കായി തന്റെ ജീവനെ നൽകുവാനുമായിട്ടാണ് വന്നിരിക്കുന്നതെന്ന അവന്റെ വാക്കുകൾ എല്ലാ നല്ല മനുഷ്യരുടെയും ഹൃദയങ്ങളിൽ എല്ലായ്പോഴും മുഴങ്ങും. മരിക്കാൻ പോകുന്നതിനുമുമ്പ് അവൻ തന്റെ ശിഷ്യന്മാരോട് പറഞ്ഞു: "നിങ്ങൾ അന്യോന്യം സ്നേഹിക്കണമെന്ന ഒരു പുതിയ കല്പന ഞാൻ നിങ്ങൾക്കു തരുന്നു". അവർ എല്ലാവരാലും അറിയപ്പെടുന്നതിനായി

# കവിത

## ദിവ്യശിശു

### ഫാ. വറുഗീസ്സ് കാരിക്കോട്ട്

(പാലും പഴവും എ—രീ.)

1. താരും തളിരും തെന്നലിലാടി
കൈവണങ്ങി കന്യകസുതനെ
ദ്യോവിൽ വാഴും വാനവദൂതർ
വന്നണഞ്ഞു വാഴ്ത്തിടുവാനായ് (താരും)

2. കേട്ട ഗീതിക അംബരവാനിൽ
ദൈവദൂതർ ആലപിച്ചൊന്നായ്
ഉന്നതത്തിൽ സ്തോത്രമതാകെ
ശാന്തി ഭൂവിൽ മാനവർക്കാകെ (താരും)

3. താരം ഫേലയിൽ ഉദിച്ചയന്നന്ന്
പുതിയ വാർത്ത പാരിനു നൽകാൻ
ബേത്‌ലഹേമിൽ കാലികൾ മദ്ധ്യേ
പള്ളികൊൾവോൻ പാപവിനാശൻ (താരും)

4. സൃഷ്ടജാലങ്ങൾ അണിനിരന്നൊന്നായ്
കാലിക്കൂട്ടിൽ കൈവല്യസുതനെ
കീററത്തുണിയിൽ ചുററിയ സുതനെ
മുത്തം ചെയ്‌വാൻ മുഴുന്നാൽമടക്കി (താരും)

5. ശീതം രാവിലേറവ പൊൻമേനി
പുല്ലിൻമീതെ ലാലസിച്ചാനെ
ആട്ടമേയ്പ്പോർ വന്നു നമിപ്പൂ
കുരിരുട്ടിൻ തെന്നലുമൊത്ത്. (താരും)

---

## അമലോത്ഭവ

### ചാരുംമൂട്

(പാന)

കന്യകാമേരീ, യത്യുന്നതൻ വന്നു
നിന്നിൽനിന്നു പിറന്നു മനുജനായ്!
നിന്നിൽനിന്നു പിറക്കാൻ പരിശുദ്ധൻ
നിന്നെ സൃഷ്ടിച്ചു പാപരഹിതയായ്!
സർവ്വശക്തൻെറ വാക്കുകളല്ലയോ
ഗബ്രിയേലിൻെറ "നന്മനിറഞ്ഞവൾ"!
ആദിയിൽത്താൻ വചനമുണ്ടായിരു—
ന്നാദിവ്യനാദം നിൻ പുത്രനാകയാൽ,
ആദിമാതാപിതാക്കൾക്കും മുൻ നിന്നെ—
യാദിയിൽത്തന്നെ സൃഷ്ടിച്ചു തമ്പുരാൻ!
എങ്കിലും കാലമാകവേ, യോവാക്കീം
അന്നമാർക്കു മകളായ് പിറന്നു നീ!
ജന്മപാപരഹിത!—തിരുസഭ—
യ്ക്കുമ്മ!—നീ, ഞങ്ങൾക്കായി പ്രാർത്ഥിക്കണേ!

---

ട്ട് അവൻ അവർക്കൊരു അടയാളവും നൽകി; പരസ്പരസ്നേഹം.

കോൺഗ്രസിൻെറ അർത്ഥം ഇതാണ്: യഥാർത്ഥസ്നേഹം നമ്മുടെയിടയിൽ പുനരുജ്ജീവിപ്പിക്കപ്പെട്ട് നമ്മുടെ എല്ലാ പ്രയത്നങ്ങൾക്കും പ്രചോദനം നൽകുന്ന ശക്തിയായിത്തീരണം. ലോകത്തിൽ ഉറപ്പും സമാധാനവും നമുക്കാവശ്യമുണ്ട്, അനേകായിരങ്ങൾക്ക് ഭക്ഷണവും വസ്ത്രവും ഭവനങ്ങളും നമുക്കാവശ്യമുണ്ട്, സത്യസന്ധതയും സമർപ്പണവും മനുഷ്യൻെറ സ്ഥിതി ഭേദമാക്കുന്നതിനുള്ള തളരാത്ത പരിശ്രമവും നമുക്കാവശ്യമുണ്ട്. പക്ഷെ, നമ്മുടെ ഈ യത്നങ്ങൾക്കെല്ലാം ജീവൻ നൽകുന്നത് യഥാർത്ഥ സ്നേഹമായിരിക്കണം.

"നിങ്ങളുടെ ജീവിതങ്ങൾ സ്നേഹത്തിൽ ക്രമീകരിക്കുക" എന്ന ഈ കോൺഗ്രസിൻെറ സന്ദേശം നിങ്ങളുടെ ഹൃദയങ്ങളിൽ പതിയട്ടെയെന്നും വളന്ന് ഫലം കായ്ക്കുന്ന ഒരു വിത്തായിത്തീരട്ടെയെന്നും ഞാൻ പ്രാർത്ഥിക്കുന്നു. ദൈവത്തിൻെറ സ്നേഹത്തിൽ അഭയം പ്രാപിച്ചിരിക്കുന്ന അനേകരെ ബന്ധിക്കുന്ന അദൃശ്യമെങ്കിലും അഭേദ്യമായ ബന്ധത്തിൽ ദൈവം നമ്മെ ഒന്നിപ്പിക്കുകയും ഈ സ്നേഹത്തെ നാമെല്ലാവരിലും ഉണർത്തുകയും ചെയ്യട്ടെ, അവൻ നമ്മെ എല്ലാവരെയും തൻെറ മക്കളാകുന്ന ഏക കുടുംബമാക്കിത്തീർക്കട്ടെ.

# ആരാധനക്രമം നമ്മുടെ ജീവിതത്തിൽ

## V

(ഫാദർ ജേക്കബ് ഞായല്ലൂർ)

ആരാധനക്രമം അഥവാ ലിററർജി എന്താണെന്നു നാം ഗ്രഹിച്ചു. ആരാധനക്രമത്തിലെ പ്രധാന കാർമ്മികൻ ക്രിസ്തുനാഥനാണെന്നു ദിങ്മാത്രമായിട്ടെങ്കിലും നാം ഗ്രഹിച്ചു. ഇക്കാര്യത്തെക്കുറിച്ചു അല്പം വിശദമായി പ്രതിപാദിക്കുകയാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം.

## ക്രിസ്തുവിന്റെ പൗരോഹിത്യം.

പഴയനിയമത്തിൽ യഹൂദന്മാരുടെ പരസ്യാരാധനയെക്കുറിച്ചും ബലികളെക്കുറിച്ചും നാം വായിക്കുന്നുണ്ട്. അവ നടത്തുന്നതിന് പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട പുരോഹിതന്മാരുണ്ടായിരുന്നു. യഹോവതന്നെ അഹറോനെയും പുത്രന്മാരെയും പൗരോഹിത്യകർമ്മങ്ങൾ അനുഷ്ഠിക്കുന്നതിനു തെരഞ്ഞെടുത്തു (പുറ. 28; 1) പൗരോഹിത്യകർമ്മങ്ങൾ അനുഷ്ഠിക്കുന്നതിനു ആ കുടുംബത്തിൽപെട്ടവർക്കു മാത്രമേ അനുവാദമുണ്ടായിരുന്നുള്ളു. ബാബേലിലെ അടിമത്തം കഴിഞ്ഞു മടങ്ങിവന്ന എസ്രാ (എസ്ദ്രാസ്) തന്റെ വംശാവലി അഹറോനിൽ ചെന്നുനില്ക്കുന്നതായി തെളിയിച്ചു. (എസ്രാ7;1–5,11) എന്നാൽ ഇങ്ങനെ രേഖാമൂലം തെളിയിക്കുവാൻ കഴിയാഞ്ഞവരെ പൗരോഹിത്യത്തിൽനിന്നു നീക്കിക്കളഞ്ഞു. (എസ്രാ 2; 62) പ്രത്യേക ചടങ്ങുകളോടും അഭിഷേകത്തോടും കൂടിയാണ് അഹറോനെയും പുത്രന്മാരെയും പൗരോഹിത്യപദവിയിലേക്കു പ്രവേശിച്ചതു്. (പുറ. 29; 1–37) അവരുടെ പിൻഗാമികളെയും അഭിഷേകംചെയ്തിരുന്നു. (ലേവ്യ 16; 32)

ഇങ്ങനെ യഹൂദമതത്തിലെ പുരോഹിതന്മാർ യഹോവയാൽതന്നെ വേർതിരിക്കപ്പെട്ടവരായിരുന്നു. യഹൂദജനതയുടെ ബലികളെക്കുറിച്ചും അവയുടെ അർപ്പണരീതികളെക്കുറിച്ചും യഹോവതന്നെ യഹൂദജനതയ്ക്കു അനുശാസനങ്ങൾ നല്കിയിരുന്നു. പഴയനിയമത്തിലെ ഈ പൗരോഹിത്യത്തിനും ബലികൾക്കും അവയിൽതന്നെ പ്രത്യേകവിലയൊന്നുമില്ലായിരുന്നു അവ പുതിയനിയമത്തിലെ പൗരോഹിത്യത്തിന്റെയും ബലിയുടെയും നിഴൽമാത്രമായിരുന്നു. ന്നു. ആ നിഴലിന്റെ പൊരുൾ പുതിയനിയമത്തിലാണു നാം കാണുക. പഴയനിയമത്തിലെ പൗരോഹിത്യവും ബലികളും യഹോവയ്ക്കു സ്വീകാര്യമായിരുന്നതു്, അവ ക്രിസ്തുനാഥന്റെ പൗരോഹിത്യത്തിന്റെയും ബലിയുടെയും സൂചന, നിഴൽ, ആയിരുന്നതുകൊണ്ടു മാത്രമാണ്. "നിയമത്തിൽ വരുവാനിരുന്ന നന്മകളുടെ നിഴൽ ഉണ്ടായിരുന്നു. കാര്യങ്ങളുടെ തനിരൂപം ഉണ്ടായിരുന്നില്ല. ഇതിനാൽ ആണ്ടുതോറും അതേബലികൾതന്നെ സമർപ്പിക്കപ്പെട്ടിരുന്നെങ്കിലും സമർപ്പിക്കുന്നവരെ പൂർണ്ണരാക്കുവാൻ അവയ്ക്കു ഒരിക്കലും കഴിഞ്ഞിരുന്നില്ല. അവ പൂർണ്ണരാക്കിയിരുന്നെങ്കിൽ ഒരിക്കൽ ശുദ്ധീകരിക്കപ്പെട്ടവരുടെ മനസ്സാക്ഷി പാപങ്ങൾനിമിത്തം പിന്നെ അവരെ അലട്ടാതിരിക്കുമായിരുന്നതുകൊണ്ടു്, തങ്ങളുടെ ബലികളിൽനിന്നു് അവർ പണ്ടേതന്നെ വിരമിക്കുമായിരുന്നു എന്നാൽ ആ ബലികൾമൂലം അവർ ആണ്ടുതോറും തങ്ങളുടെ പാപങ്ങൾ ഓർക്കുന്നു. കാളകളുടെയും കോലാടുകളുടെയും രക്തത്തിനു പാപങ്ങൾനീക്കി ശുദ്ധീകരിക്കുവാൻ സാധിക്കയില്ല." (എബ്രാ. 10; 1–4) ബലിസമർപ്പണത്തിൽ അവശ്യം ആവശ്യമായ ആന്തരിക ഭാവങ്ങൾ, സ്നേഹം, ആരാധനാമനസ്ഥാപം, കൃതജ്ഞത, അപേക്ഷ—ഇവയുടെ ആന്തരിക ചൈതന്യം ഇല്ലാതെയുള്ള ബലിസമർപ്പണമെന്ന ബാഹ്യാനുഷ്ഠാനത്തിൽ യഹോവ സംപ്രീതനാകുകയില്ലെന്നു കവിതാത്മകമായ രീതിയിൽ സങ്കീർത്തകൻ പ്രഘോഷിച്ചിട്ടുള്ളതു ശ്രദ്ധിക്കുക: "എന്റെ ജനമേ, കേൾക്കുക, ഞാൻ പറയാം........നിന്റെ ബലികളെക്കുറിച്ചു ഞാൻ നിന്നെ ശാസിക്കുകയില്ല. നിന്റെ ഹോമബലികൾ എല്ലാ സമയത്തും എന്റെ മുമ്പാകെ

ഉണ്ടായിരിക്കുന്നു. നിന്റെ വീട്ടിൽനിന്ന് കാളക്കിടാക്കളെയാകട്ടെ, നിന്റെ ആട്ടിൻകൂട്ടത്തിൽനിന്ന് മുട്ടാട്ടുകളെയാകട്ടെ, ഞാൻ സ്വീകരിക്കുകയില്ല. എന്തെന്നാൽ വനത്തിലെ എല്ലാ ജീവികളും, മലകളിലെ മൃഗങ്ങളും കാളകളും എന്റേതാകുന്നു .......എനിക്കു വിശക്കുന്നെങ്കിൽ ഞാൻ നിന്നോടു പറകയില്ല. കാരണം, ലോകം അതിന്റെ പൂർണ്ണതയിൽ എന്റേതാകുന്നു. മൂരികളുടെ മാംസം ഞാൻ ഭക്ഷിക്കണമോ? മുട്ടാട്ടുകളുടെ രക്തം ഞാൻ പാനംചെയ്യണമോ? ദൈവത്തിനു സ്തോത്രബലി അർപ്പിക്കുക" (സങ്കീ, 49.)

പഴയനിയമത്തിൽനിന്നു നമുക്കു പുതിയ നിയമത്തിലേക്കു കടക്കാം. പാപത്തിൽവീണുപോയ മനുഷ്യവർഗ്ഗത്തെ രക്ഷിക്കുന്നതിനു കാലത്തിന്റെ തികവിൽ പരിശുദ്ധതമ ത്രീത്വത്തിലെ രണ്ടാമത്തെ ആളായ പുത്രൻതമ്പുരാൻ കന്യകമറിയത്തിൽ ശരീരിയായി. വേറൊരു വിധത്തിൽ പറഞ്ഞാൽ ദൈവത്മാൾ മനുഷ്യനായി മനുഷ്യ സ്വഭാവം സ്വീകരിച്ചു. അവിടത്തേക്കു ദൈവസ്വഭാവവും മനുഷ്യസ്വഭാവവും ഉണ്ട്. ഈ രണ്ടു സ്വഭാവങ്ങളും ഒരു ആളിൽ തന്നെ വ്യത്യാസപ്പെടാതെയും സമ്മിശ്രപ്പെടാതെയുമാണ് സ്ഥിതിചെയ്യുന്നതു്. വിസ്മയകരമായ ഈ ഐക്യത്തെ സൂചിപ്പിക്കുന്നതിനു ദൈവശാസ്ത്രജ്ഞന്മാർക്കു ഒരു പുതിയ പദംതന്നെ വേണ്ടിവന്നു; Hypostatic union അഥവാ സാത്വികമായ ഐക്യം. സാധാരണ ഒരു വ്യക്തിയിൽ ആത്മാവിന്റെയും ശരീരത്തിന്റെയും സംയോജനത്തിനു മുമ്പ് ആൾ ഉണ്ടാകുന്നില്ല. പക്ഷേ, സാത്വികമായ ഈ ഐക്യത്തിലാകട്ടെ, ദൈവത്മാൾ, സംയോജനത്തിനു മുൻപുതന്നെ, നിത്യതയിൽ ഉണ്ടായിരുന്നു.

സാത്വികമായ ഈ ഐക്യവിശേഷതയാൽ ക്രിസ്തു സ്വഭാവത്താലെതന്നെ പുരോഹിതനാണ്. അഹറോനെപ്പോലെ എണ്ണകൊണ്ടുള്ള അഭിഷേകം അങ്ങു പ്രാപിച്ചിട്ടില്ല. മനുഷ്യസ്വഭാവം സ്വീകരിച്ചപ്പോൾതന്നെ അങ്ങ് പൗരോഹിത്യമുടി സ്വീകരിക്കുകയാണു ചെയ്തതു്. "ഇതിനാൽ അവൻ ലോകത്തിലേക്കു പ്രവേശിക്കവേ, ഇങ്ങനെ അരുളിച്ചെയ്തു. ബലികളിലും കാഴ്ചകളിലും നീ ഇഷ്ടപ്പെട്ടില്ല. എന്നാൽ നീ എന്നെ ശരീരം ധരിപ്പിച്ചിരിക്കുന്നു. പാപങ്ങൾക്കുവേണ്ടിയുള്ള ദഹനബലികൾ നീ ആവശ്യപ്പെട്ടുമില്ല അപ്പോൾ ഞാൻ, ദൈവമേ പുസ്തകങ്ങളുടെ ആരംഭത്തിൽ എന്നെക്കുറിച്ചു എഴുതപ്പെട്ടിരിക്കകൊണ്ടു് നിന്റെ ഇഷ്ടം ചെയ്യുവാൻ ഇതാ! ഞാൻ വരുന്നു എന്നു പറഞ്ഞു" (എബ്രാ. 10; 5-8) ക്രിസ്തു അഥവാ മശിഹാ എന്ന വാക്കിന്റെ അർത്ഥംതന്നെ അഭിഷിക്തൻ എന്നാണല്ലോ. സാത്വികമായ ഐക്യം സംഭവിച്ചവേളയിൽതന്നെ അങ്ങ് പ്രധാനാചാര്യനായി, ദൈവത്തിന്റെയും മനുഷ്യവർഗ്ഗത്തിന്റെയും ഇടയ്ക്കു മദ്ധ്യസ്ഥനുമായി. "ഇതിനാൽ നിന്റെ ദൈവമായ ദൈവം സന്തോഷത്തിന്റെ തൈലംകൊണ്ടു നിന്റെ കൂട്ടുകാരെക്കാൾ അധികമായി നിന്നെ അഭിഷേകം ചെയ്തു." (സങ്കീ. 44; 7)

വി. പൗലോസ് പ്രസ്താവിക്കുന്നതു്, ക്രിസ്തുനാഥൻ മെൽക്കീസദേക്കിന്റെ ക്രമപ്രകാരം, അതായതു്, മെൽക്കീസദേക്കിന്റെ സാദൃശ്യത്തിൽ പുരോഹിതനായിരുന്നുവെന്നാണ്. ഇദ്ദേഹത്തെക്കുറിച്ചു് വേദപുസ്തകത്തിൽനിന്നും നാം അധികമൊന്നും ഗ്രഹിക്കുന്നില്ല. അദ്ദേഹം ശാലേംരാജാവായിരുന്നു. ശാലേം എന്ന പദത്തിന്റെ അർത്ഥം സമാധാനം എന്നാണ്. മെൽക്കീസദേക്ക് എന്ന വാക്കിന്റെ അർത്ഥം നീതിയുടെ രാജാവ് എന്നും. അദ്ദേഹം ദൈവത്തിന്റെ പുരോഹിതനുമായിരുന്നു. ക്രിസ്തുനാഥൻ സമാധാനത്തിന്റെ രാജാവാണ്. (ഏശയ്യാ 9; 6) ദൈവവും മനുഷ്യനും തമ്മിൽ സമാധാനം പുനരുദ്ധരിക്കുന്നതിനാണ് അങ്ങുവന്നതു്. അങ്ങയുടെ ബലിമുഖേന ദൈവനീതി സംതൃപ്തമായി; സമാധാനം പുനരുദ്ധരിക്കപ്പെട്ടു. "നീതിയും സമാധാനവും തമ്മിൽ ചുംബിച്ചിരിക്കുന്നു. (സങ്കീ. 85; 11)

മനുഷ്യവർഗ്ഗത്തിനു വേണ്ടിയുള്ള അങ്ങയുടെ ബലിസമർപ്പണം സ്വമേധയാ ഉള്ള ഒന്നായിരുന്നു. "മനുഷ്യപുത്രൻ ശുശ്രൂഷചെയ്യുവാനും വളരെപ്പേരുടെ വീണ്ടെടുപ്പുവിലയായി തന്റെ

ജീവനെ കൊടുക്കുവാനുമല്ലാതെ ശുശ്രൂഷിക്കപ്പെടുവാൻ വന്നിട്ടില്ലാത്തതുപോലെതന്നെ" (മത്താ 20; 28"), "എൻെറ ജീവനെ വീണ്ടുംപ്രാപിക്കേണ്ടതിനായി ഞാൻ അതു സമർപ്പിക്കുന്നതുകൊണ്ടു് എൻെറ പിതാവു് എന്നെ സ്നേഹിക്കുന്നു". (യോഹ 10; 12) മനുഷ്യവർഗ്ഗം മുഴുവൻെറയും മദ്ധ്യസ്ഥനായിരിക്കുവാൻ, സ്വഭാവത്താലെതന്നെ പ്രധാനാചാര്യനായിരിക്കുവാൻ, സാത്വികമായ ഐക്യം മുഖേന മനുഷ്യസ്വഭാവം സ്വീകരിച്ച ക്രിസ്തുനാഥൻ പാപമൊഴികെ മററുള്ള സകലതിലും നമ്മെപ്പോലെ ആയിത്തീന്നു. "അവൻ മാലാഖമാരിൽ നിന്നല്ല സ്വഭാവം സ്വീകരിച്ചതു്. അബ്രഹാമിൻെറ സന്തതിയിൽ നിന്നാകുന്നു സ്വീകരിച്ചതു്. ഇതിനാൽ കരുണയുള്ളവനും ദൈവികകാര്യങ്ങളിൽ വിശ്വസ്തനായ പ്രധാനാചാര്യനും ആകുവാനും ജനത്തിൻെറ പാപങ്ങളെക്കുറിച്ചു പരിഹാരംചെയ്യുവാനും വേണ്ടി അവൻ സകലത്തിലും തൻെറ സഹോദരന്മാരോടു സദൃശ്യനാകുവാൻ ആവശ്യമായിരുന്നു" (എബ്രാ. 2; 16.17)

ഒരിക്കൽ മാത്രം നടന്ന ഈ ബലിമൂലം വസ്തുനിഷ്ഠമായ പരിത്രാണം (Objective Redemption) സാധിതമായി; മനുഷ്യവർഗ്ഗം സ്വർഗ്ഗത്തിനവകാശിയായി.

## സഭയിലെ പൗരോഹിത്യം

വസ്തുനിഷ്ഠമായ പരിത്രാണത്തിൻെറ ഫലങ്ങൾ മനുഷ്യക്കു വിതരണം ചെയ്യുന്നതിനാണ്, അങ്ങനെ ലോകാവസാനത്തോളം ഓരോ വ്യക്തിക്കും വ്യക്തിനിഷ്ഠമായ പരിത്രാണം സാധിതമാക്കുന്നതിനാണ്, മററൊരുവിധത്തിൽ പറഞ്ഞാൽ ക്രിസ്തുനാഥൻെറ രക്ഷാകരവ്യാപാരങ്ങൾ തുടൻകൊണ്ടുപോകുന്നതിനാണ് ദിവ്യരക്ഷകൻ സഭയെസ്ഥാപിച്ചതു്.

ആ സഭയിൽ പുരോഹിതന്മാർവഴിയാണ് അവിടന്നു തൻെറ രക്ഷാകരവ്യാപാരങ്ങൾ തുടൻകൊണ്ടുപോകുന്നതു്. വേദപുസ്തകം സശ്രദ്ധം വായിച്ചുനോക്കു. ക്രിസ്തുനാഥൻ പൗരോഹിത്യം സഭയിൽ സ്ഥാപിച്ചതായി നാമപ്പോൾ ഗ്രഹിക്കും. അന്തിമഅത്താഴവേളയിൽ ക്രിസ്തുനാഥൻ അപ്പവും വീഞ്ഞും ആശീർവദിച്ചു് തൻെറ തിരുശരീരരക്തങ്ങളാക്കിയതിനു ശേഷം "ഇതു് എൻെറ ഓർമ്മക്കായി ചെയ്യുവിൻ" എന്നു് അരുളു് ശ്ലീഹന്മാരോടരുളിച്ചെയ്തു. ഈ വാക്കുകൾ മൂലം അപ്പവും വീഞ്ഞും കർത്താവിൻെറ തിരുശരീരരക്തങ്ങളാക്കുവാനുള്ള അധികാരം അവിടുന്നു ശ്ലീഹന്മാക്കുനല്കി. ഉയർത്തെഴുന്നേല്പിനുശേഷം അവിടന്നു് ശ്ലീഹന്മാക്കു പ്രത്യക്ഷനായി അരുളിച്ചെയ്തു. "നിങ്ങൾക്കു സമാധാനം. എൻെറ പിതാവു് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു". പിതാവായ ദൈവം അങ്ങയെ അയച്ചതു് മനുഷ്യരക്ഷയ്ക്കായിരുന്നു; മനുഷ്യരെ ദൈവവുമായി ആദ്ധ്യാത്മികമായി സംയോജിപ്പിക്കുന്നതിനായിരുന്നു. പഠിപ്പിക്കുവാനും പാപങ്ങൾ മോചിക്കുവാനും വിശുദ്ധീകരിക്കുവാനും ബലിസമർപ്പിക്കുവാനും നയിക്കുവാനും ദൈവത്തിനു യഥാർത്ഥമായ ആരാധനയും മഹത്വവും നല്കുവാനും ക്രിസ്തുനാഥനുണ്ടായിരുന്ന അധികാരം ശ്ലീഹന്മാക്കു അങ്ങുനല്കി. ഈ അധികാരങ്ങളെല്ലാം ശ്ലീഹന്മാക്കുണ്ടായിരുന്നുവെന്നു വേദപുസ്തകം സാക്ഷ്യംവഹിക്കുന്നുണ്ടു്. "ഇവ അരുളിച്ചെയ്തിട്ടു് അവൻ അവരുടെമേൽ ഊതി. അവരോടു് നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെയെങ്കിലും പാപങ്ങൾ മോചിച്ചാൽ അവ മോചിക്കപ്പെടും, എന്നാൽ ആരുടേതെങ്കിലും ബന്ധിച്ചാൽ അവ ബന്ധിക്കപ്പെട്ടവയായിരിക്കും" (യോഹ 20; 22, 23) "സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. എൻെറ പിതാവു് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. അതുകയാൽ നിങ്ങൾപോയി സകല ജാതികളെയും ശിഷ്യപ്പെടുത്തി പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ അവക്കു മാമോദീസാ നല്കി, ഞാൻ നിങ്ങളോടു കല്പിച്ചിട്ടുള്ളതെല്ലാം ആചരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ. ഞാനോ ഇതാ! ലോകാവസാനംവരെ എല്ലാ നാളുകളിലും നിങ്ങളോടുകൂടെയുണ്ടു്" (മത്താ. 28; 18-20)

ശ്ലീഹന്മാക്കു നല്കിയ ഈ അധികാരവും ദൗത്യവും അവരുടെ മരണത്തോടുകൂടി നിന്നുപോ

യിരുന്നെങ്കിൽ സഭയുടെ സ്ഥാപനോദ്ദേശം തീർച്ചയായും വൃഥാവിലാകുമായിരുന്നു. ലോകാവസാനംവരെ ക്രിസ്തുനാഥന്റെ രക്ഷാകര വ്യാപാരങ്ങൾ തുടരുവാൻ അങ്ങു് കല്പിച്ചതായി ശ്ലീഹന്മാരും ഗ്രഹിച്ചിരുന്നു. അതിനാൽ അവർ തങ്ങൾക്കു പിൻഗാമികളെ നിശ്ചയിച്ചിരുന്നു. "അവർ എല്ലാ സഭയിലും അവരോടുകൂടെ ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തുകൊണ്ടു് അവർക്കായി പുരോഹിതന്മാരെ നിയമിച്ചു് അവർ വിശ്വസിച്ചിരുന്ന നമ്മുടെ കർത്താവിനു് അവരെ ഭരമേല്പിച്ചു" (നടപടി 14; 22) ശാവോലും ബർണബാസും പൗരോഹിത്യം സ്വീകരിച്ചുകൊണ്ടു് ക്രിസ്തുമതപ്രചരണാർത്ഥം പോയസംഭവം നടപടി 13-ൽ നാം വായിക്കുന്നുണ്ടു്. തിമോത്തിയോസിനെ എഫേസൂസിൽവച്ചു് വിശുദ്ധ പൗലോസ് പൗരോഹിത്യപദവിയിലേക്കുയർത്തി. ക്രേത്തയിൽ തീത്തൂസിനെയും വി. പൗലോസ് വാഴിച്ചു. "നീ പോരായ്കയുള്ളവ ക്രമപ്പെടുത്തുകയും ഞാൻ നിന്നോടു കല്പിച്ചിട്ടുള്ളതുപോലെ നഗരംതോറും പുരോഹിതന്മാരെ നിയമിക്കുകയും ചെയ്യേണ്ടതിനാകുന്നു ഞാൻ ക്രേത്തായിൽനിന്നെ ആക്കിയിട്ടുപോയതു്". (തീത്തു 1; 5) എന്ന വി. പൗലോസ് തീത്തുസിനെഴുതിയ ലേഖനഭാഗം ശ്രദ്ധിക്കുക. (ആകയാൽ ഞങ്ങൾ മിശിഹാക്കു വേണ്ടിയുള്ള പ്രതിപുരുഷന്മാരാകുന്നു.) (കോറി 5; 20) എന്നു് ശ്ലീഹാപ്രസ്താവിച്ചിട്ടുള്ളതും പഠനാർഹമായ വാചകമത്രെ. "നീ ആരുടെമേലും വേഗത്തിൽ കൈവയ്ക്കരുതു്" (2 തിമോ. 1; 6) എന്ന വാചകം പൗരോഹിത്യപദവി നല്കുന്നതിനെക്കുറിച്ചുണ്ടായിരിക്കേണ്ട സൂക്ഷ്മത വെളിവാക്കുന്നുണ്ടു്. ഇനിയും പല വേദവാക്യങ്ങളും ഉദ്ധരിക്കുവാനുണ്ടു്. സ്ഥലപരിമിതി അതനുവദിക്കുന്നില്ല.

തിരുവചനനാനുസാരമാണു് തങ്ങൾ മുമ്പോട്ടുപോകുന്നതെന്നു, കൂടെക്കൂടെ ഉൽഘോഷിക്കുന്ന ചില പ്രോട്ടസ്റ്റന്റു സഹോദരങ്ങൾ പൗരോഹിത്യം ക്രിസ്തുസ്ഥാപിച്ചിട്ടില്ലെന്നു് പഠിപ്പിക്കുന്നുണ്ടു്. അവർക്കു ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധിയാണു് വൈദികൻ അഥവാ മിനിസ്റ്റർ അഥവാ പാസ്റ്റർ. ഈ പ്രബോധനം വേദപുസ്തകത്തിനും സഭാപാരമ്പര്യത്തിനും എതിരാണെന്നുമാത്രം പറഞ്ഞുകൊള്ളുന്നു.


**For favours received. Inserted by**





Abraham, Charummoodu.

(EXEUSE DELAY)

# ചോദ്യോത്തരപംക്തി

(J. G.)

ചോദ്യം: 1

മനുഷ്യപുത്രൻ എന്നു് തന്നെക്കുറിച്ചു തന്നെ ക്രിസ്തുനാഥൻ പലപ്പോഴും പ്രസ്താവിക്കുന്നതിന്റെ കാരണം എന്താണു്?

ഉത്തരം:

പ്രവചനങ്ങളിൽ ക്രിസ്തുനാഥനെക്കുറിച്ചു് പല നാമങ്ങളും വിശേഷതകളും ഉപയോഗിച്ചിട്ടുണ്ടെന്നു നമുക്കറിയാം. മനുഷ്യപുത്രൻ എന്ന പദമാണു് രക്ഷകനെ സൂചിപ്പിക്കുവാൻ ഉപയോഗിച്ചിരിക്കുന്നതു്. "രാത്രിദർശനങ്ങളിൽ മനുഷ്യപുത്രനോടു സദൃശനായ ഒരുത്തൻ ആകാശമേഘങ്ങളോടെ വരുന്നതു കണ്ടു; അവൻ വയോധികന്റെ അടുക്കൽ ചെന്നു; അവർ അവനെ അവന്റെ മുമ്പിൽ അടുത്തു വരുമാറാക്കി. സകല വംശങ്ങളും ജാതികളും ഭാഷക്കാരും അവനെ സേവിക്കേണ്ടതിനു അവനു ആധിപത്യവും മഹത്വവും രാജത്വവും ലഭിച്ചു. അവന്റെ ആധിപത്യം നീങ്ങിപ്പോകാത്ത നിത്യാധിപത്യവും അവന്റെ രാജത്വം നശിച്ചുപോകാത്തതും ആകുന്നു". (ദാനി. 7: 13, 14.)

ഈ പ്രവചനത്തെക്കുറിച്ചു് സെൻഹെദ്രിൻ സഭയുടെ മുമ്പാകെ നടന്ന വിചാരണവേളയിൽ ക്രിസ്തുനാഥൻ വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ടു്. "ഇനിമേൽ മനുഷ്യപുത്രൻ ശക്തിയുടെ വലത്തുഭാഗത്തു് ഇരിക്കുന്നതും വാനമേഘങ്ങളിൽ വരുന്നതും നിങ്ങൾ കാണുമെന്നു ഞാൻ പറയുന്നു" (മത്താ. 26: 64.) ന്യായവിധിയെക്കുറിച്ചല്ലാ, പ്രത്യുത രക്ഷകന്റെ ആഗമനത്തെയാണു് ദാനിയേൽ സൂചിപ്പിച്ചതെന്നും നാം സ്മരിക്കുക.

ആദ്യത്തെ മൂന്നു സുവിശേഷങ്ങളിൽതന്നെ നാല്പതു പ്രത്യേക സന്ദർഭങ്ങളിലായി 69 പ്രാവശ്യം മനുഷ്യപുത്രൻ എന്ന പദം ഉപയോഗിഗിച്ചിട്ടുണ്ടു്. ഹീബ്രുഭാഷയിൽ മനുഷ്യപുത്രൻ എന്നു പറഞ്ഞാൽ മനുഷ്യൻ എന്നുമാത്രമേ വിവക്ഷയുള്ളു. നമ്മുടെ കർത്താവു സംസാരിച്ചിരുന്ന അറമായ ഭാഷയിൽ ഈ പദപ്രയോഗം ഞാൻ എന്നതിനു തുല്യമായ ഒരു ശൈലിയാണെന്നു ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നുണ്ടു്.

വി. മത്തായിയുടെ സുവിശേഷം 5-ാം അദ്ധ്യായം 11-ാം വാക്യത്തിൽ "ഞാൻ നിമിത്തം മനുഷ്യർ നിങ്ങളെ നിന്ദിക്കയും പീഡിപ്പിക്കുകയും..............."എന്നു നാം വായിക്കുന്നു. വിശുദ്ധ ലൂക്കോസാകട്ടെ, ഞാൻ എന്നതിനുപകരം മനുഷ്യപുത്രൻ എന്നാണുപയോഗിച്ചിരിക്കുന്നതു്. (ലൂക്കോ. 6: 22) അതുപോലെ തന്നെ വി. മത്തായി 8; 20-ഉം വി. ലൂക്കോസ് 9; 58-ഉം നോക്കുക. വി. യോഹന്നാന്റെ സുവിശേഷത്തിൽ 'ഞാൻ' എന്നും 'മനുഷ്യപുത്രൻ' എന്നും ഉള്ള രണ്ടു പദങ്ങളും ക്രിസ്തുനാഥൻ അങ്ങയെക്കുറിച്ചുതന്നെ ഉപയോഗിച്ചിട്ടുണ്ടു്.

സുപ്രസിദ്ധ വേദപുസ്തകപണ്ഡിതനായിരുന്ന ഫാദർ ലഗ്രാഞ്ചു് പ്രസ്താവിക്കുന്നതു് 'മനുഷ്യപുത്രൻ' എന്നു കർത്താവു സ്വയം വിളിക്കുമ്പോൾ ആ പദത്തിനു ഒരു പ്രത്യേക ഗാംഭീര്യവും നിഗൂഢതയും ഉണ്ടെന്നാണു്. "മനുഷ്യപുത്രൻ ആരാണെന്നാണു് മനുഷ്യർ പറയുന്നതു്" (മത്താ. 16: 13.)

തന്റെ എളിമ കാണിക്കുവാനും മനുഷ്യസ്വഭാവം പ്രകടിപ്പിക്കുന്നതിനും ദിവ്യരക്ഷകൻ ഈ പദം ഉപയോഗിച്ചതായിട്ടു കരുതുന്നതിൽ അസാംഗത്യമൊന്നുമില്ല.

ചോദ്യം 2.

യൂദാസ്കറിയോത്താ തന്റെ പാപങ്ങളെക്കുറിച്ചു് അനുതപിച്ചോ, സ്വർഗ്ഗത്തിൽ പോയോ?

ഉത്തരം:

വേദപുസ്തകം വായിച്ചുനോക്കിയാൽ ക്രിസ്തുനാഥനെ ഒററിക്കൊടുത്തതിന്റെ ശേഷം യൂദാസ് നിരാശയുടെ ചുഴിയിലാണു വീണതു്, അനുതാപത്തിന്റെ അലകളിലല്ലാ വീണതു് എന്നു കാണാം. അയാളുടെ ആത്മഹത്യ അതാണു സൂചിപ്പിക്കുന്നതു്. അവസാനവേളയിൽ അയാൾക്കു യഥാർത്ഥമായ അനുതാപചിന്തകളുണ്ടായോ, അങ്ങനെ ദൈവത്തിൽ നിന്നു ക്ഷമ സമ്പാദിച്ചു സ്വർഗ്ഗത്തിനവകാശിയായോ എന്നു നമുക്കറിഞ്ഞുകൂടാ. നാമെങ്ങനെ തീർത്തു പറയും?

# ലോകവാർത്തകൾ

## കത്തോലിക്കാവേദപുസ്തകം പഠിപ്പിക്കുന്നു

അമേരിക്കയിലെ ആസ്ബെറി ബാപ്റ്റിസ്റ്റ് പള്ളിയിലെ പാസ്റ്ററായ വേർണൻ ചാൾസ് ലിയോൺസ് തന്റെ ഇടവകയിലെ സൺഡേസ്കൂളിൽ കത്തോലിക്കാ വേദപുസ്തകം തെരഞ്ഞെടുത്തു പഠിപ്പിക്കുന്നുണ്ട്. കത്തോലിക്കർക്കും അകത്തോലിക്കർക്കും താല്പര്യമുള്ള വിഷയങ്ങൾ അദ്ദേഹം പാഠപദ്ധതിയിൽ കൊള്ളിച്ചിരിക്കുന്നു. എക്യൂമെനിക്കൽ അരൂപി നിലനിർത്താനാണ് താനിതു ചെയ്യുന്നതെന്ന് അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു.

## സ്പെയിനിലെ കന്യകാമഠങ്ങൾ

ഏകദേശം ആയിരം മഠങ്ങളിലായി ഇരുപതിനായിരം കന്യാസ്ത്രീകൾ സ്പെയിനിൽ ആവൃതിയിൽ (Cloister) കഴിഞ്ഞുകൂടുന്നുണ്ട്. ജനങ്ങളിൽനിന്നു ലഭിക്കുന്ന ധർമ്മമാണ് അവരുടെ ചിലവുകൾ വഹിച്ചുകൊണ്ടു പോരുന്നത്. ഇപ്പോൾ അവരെല്ലാവരും തന്നെ വിവിധ ജോലികൾ ചെയ്തു ഉപജീവനമാർഗ്ഗം തേടാൻ തുടങ്ങിയിരിക്കുന്നു. മഠത്തിലിരുന്നുകൊണ്ട് കരകൗശലസാധനങ്ങളും പള്ളികൾക്കാവശ്യമുള്ള സാധനങ്ങളും അവർ നിർമ്മിക്കുന്നു.

## പ്രോട്ടസ്റ്റന്റുവൈദികന്റെ സഹായം

പെറുവിൽ പൂണോ എന്ന സ്ഥലത്ത് മിഷൻജോലിയിൽ ഏർപ്പെട്ടിരിക്കുന്ന കത്തോലിക്കാ വൈദികനായ ഫാദർ ജോൺ ഓബ്രിയന് ഇംഗ്ലണ്ടിലെ ആൾഡ്രിൻഗ്ഹാമിലെ പ്രോട്ടസ്റ്റന്റു വൈദികനായ റവ. സി. ഈ. കൗളി തന്റെ ഇടവകയിൽനിന്നു ഒരു തുക പിരിച്ചെടുത്തു മിഷൻപ്രവർത്തനങ്ങൾക്കുവേണ്ടി അയച്ചുകൊടുത്തിരിക്കുന്നു. ആ ഇടവകയിൽപ്പെട്ട ഒരു കുടുംബം പെറുവിൽ യാത്രചെയ്തപ്പോൾ ഫാദർ ഓബ്രിയന്റെ പ്രവർത്തനങ്ങൾ നേരിട്ടു കാണാനിടയായതാണ് ഈ സംഭാവനയുടെ പിൻപിലുള്ള ചരിത്രം.

**For favours received**
**Inserted by**

Fr. THOMAS Irookuzhiyil,
Edathara, Kalanjoor.



# ക്രിസ്തുനാഥൻ

നമ്മുടെ കർത്താവിന്റെ ജീവചരിത്രഗ്രന്ഥങ്ങൾ മലയാളത്തിൽ പല രൂപങ്ങളിലും പേരുകളിലും പ്രചരിച്ചിട്ടുണ്ടു്. പിന്നെ എന്തിനു പുതിയൊരു ജീവചരിത്രം എന്നു ചിലർ ചിന്തിച്ചേക്കാം.

ദിവ്യരക്ഷകന്റെ ജീവചരിത്രഗ്രന്ഥങ്ങൾ മററു ഭാഷകളിലും പുതുതായി പ്രസിദ്ധപ്പെടുത്തുന്നുണ്ടു്. എത്ര ചിന്തിച്ചാലും എത്രയധികം എഴുതിയാലും പിന്നെയും പിന്നെയും ചിന്തിക്കാനും എഴുതാനുമുള്ള കാര്യങ്ങൾ നമ്മുടെ കർത്താവിന്റെ ജീവിതത്തിൽ കാണാമെന്നുള്ളതു് സംശയരഹിതമായ കാര്യമാണു്. നിത്യനൂതനമായ ആശയങ്ങൾ ആ ജീവിതം നമുക്കു നൽകുന്നുണ്ടു്.

സുപ്രസിദ്ധപണ്ഡിതനായ ഫാദർ ഓബ്രിയൻ O. F. M. രചിച്ചിട്ടുള്ള Life of Christ എന്ന വിശ്വവിഖ്യാതമായ ഗ്രന്ഥം സുന്ദരമായ ഭാഷയിൽ ഫാദർ ജേക്കബ് ഞായലൂർ വിവർത്തനം ചെയ്തിട്ടുള്ളതാണു് ക്രിസ്തുനാഥൻ എന്ന പേരിൽ ഞങ്ങൾ പ്രസിദ്ധപ്പെടുത്തുന്ന ഗ്രന്ഥം. 'ആളടുത്തറിയണം, ചോറുണ്ടറിയണം' എന്നാണല്ലോ പഴമൊഴി. ഈ ഗ്രന്ഥത്തിന്റെ ഹൃദ്യതയും ആസ്വാദ്യതയും വായിച്ചുതന്നെ അറിയണം എന്നാണു് ഞങ്ങൾക്കു പറയുവാനുള്ളതു്. ഒരു സാഹിത്യകൃതിയായിട്ടും ചരിത്രഗ്രന്ഥമായിട്ടും രസനിഷ്യന്ദിയായ നോവലായിട്ടും ഭക്തവികാരങ്ങൾ ഉതിരുന്ന ഉത്തമഗ്രന്ഥമായിട്ടും ഈ കൃതി നിങ്ങൾക്കുപകരിക്കും.

പ്രാചീനലോകചരിത്രം, യഹൂദചരിത്രം, റോമൻചരിത്രം—ഇവയെല്ലാം ഈ ഗ്രന്ഥത്തിൽ നിങ്ങൾ കാണും. അനുവാചകഹൃദയങ്ങളിൽ പഴയ നിയമത്തിലെ അനേകമനേകം സംഭവങ്ങൾ ആഴമായി പതിപ്പിക്കുന്ന ഭാഗങ്ങൾ ഈ ഗ്രന്ഥത്തിലുണ്ടു്. വേദപുസ്തകത്തിൽ അവഗാഹപാണ്ഡിത്യം നേടുന്നതിനു് ഈ ഗ്രന്ഥം നിങ്ങളെ സഹായിക്കും. പ്രതിപാദനരീതിയിൽ ഈ ഗ്രന്ഥം ഇതേവരെ മലയാളഭാഷയിലിറങ്ങിയിട്ടുള്ള ക്രിസ്തുവിന്റെ ജീവചരിത്രഗ്രന്ഥങ്ങളെയെല്ലാം അതിശയിക്കുന്ന ഒന്നാണു്. വായിക്കുംതോറും കൂടുതൽ കൂടുതൽ വായിക്കുവാനുള്ള കൗതുകം ഉണർത്തിവിടുന്ന ഈ ഗ്രന്ഥം ലൈബ്രറികൾക്കും വിദ്യാലയങ്ങൾക്കും ഗൃഹങ്ങൾക്കും ഒരലങ്കാരമല്ലാ, ആവശ്യം തന്നെയാണു്.

500-ൽ പരം പുറങ്ങളുള്ള ഈ ഗ്രന്ഥത്തിനു് അഞ്ചു രൂപാ മാത്രമാണു വിലവച്ചിരിക്കുന്നതു്. ജനുവരി 30-നു മുമ്പു് വില മുൻകൂറായി അയച്ചുതരുന്നവർക്കു 3 രൂപാ വിലയ്ക്കു ഈ പുസ്തകം അയച്ചുകൊടുക്കുന്നതാണു്. പത്തു പുസ്തകങ്ങൾക്കു ഒരു പുസ്തകം കമ്മീഷനായി നൽകപ്പെടും. ഉടൻ അപേക്ഷിക്കുക.

മാനേജർ, സെൻറ് മേരീസ് പ്രസ്സ്,
പട്ടം, തിരുവനന്തപുരം 4.

Registered No: K. 405.

# അതിരൂപതാവാർത്തകൾ

## സംയുക്തസമ്മേളനം

ക്രിസ്തുമസ്സ് സംബന്ധിച്ചുള്ള വിവിധ ക്രൈസ്തവവിഭാഗങ്ങളുടെ സമ്മേളനം ഇക്കഴിഞ്ഞ 1964 ഡിസംബർ 25-ാം തീയതി നെയ്യാററിൻകരയിൽവച്ചു നടത്തപ്പെട്ടിരിക്കുന്നു. ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമനസ്സുകൊണ്ടു യോഗത്തിൽ പ്രസംഗിച്ചു. ഈ സംയുക്തസമ്മേളനത്തോടനുബന്ധിച്ച് ഒരു റാലിയും നടത്തപ്പെട്ടു.

## പ്രഥമദിവ്യബലി.

ബോംബെയിൽവച്ച് വൈദികപദവിയിലേക്കുയർത്തപ്പെട്ട റവ. ഫാ. തോമസ് തെക്കേടത്ത് ഡിസംബർ 15-ാം തീയതി കാർമ്മല വച്ചും റവ. ഫാ. റെഗ്ഗീസ് ഇടത്തിൽ ഡിസംബർ 21-ാം തീയതി പ്രക്കാനത്തുവച്ചും റവ. ഫാദർ മത്തായി കടകംപള്ളിൽ ഡിസംബർ 28-ം തീയതി പുത്തൂർ വച്ചും റവ. ഫാ. തോമസ് പൊൻമേലിൽ ഡിസംബർ 31-ാം തീയതി കാട്ടൂർ വച്ചും പ്രഥമദിവ്യബലി അർപ്പിച്ചു.

## ദൈവാലയ കൂദാശ

പ്രക്കാനത്തു പുതുതായി പണിതിരിക്കുന്ന ചാപ്പലിന്റെ കൂദാശാകർമ്മം ഡിസംബർ 21-ാം തീയതിയും പിൻകുളത്തു പുതുതായി പണിതിരിക്കുന്ന ദൈവാലയത്തിന്റെ കൂദാശാകർമ്മം ഡിസംബർ 26-ാം തീയതിയും പാലവിളയിൽ പുതുതായി പണിതിരിക്കുന്ന ദൈവാലയത്തിന്റെ കൂദാശാകർമ്മം ഡിസംബർ 27-ാം തീയതിയും ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമനസ്സുകൊണ്ടു നിർവ്വഹിച്ചു.

## കാട്ടൂർ

വി. അൽബെർത്തോസിന്റെ നാമത്തിൽ കാട്ടൂരിൽ നവീനമായി പണികഴിപ്പിച്ചിട്ടുള്ള ദൈവാലയത്തിന്റെ കൂദാശാകർമ്മം 1964 ഡിസംബർ 30-ാം തീയതി തിരുവനന്തപുരം മെത്രാപ്പോലീത്താ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമനസ്സുകൊണ്ടു നിർവ്വഹിച്ചിരിക്കുന്നു. 30-ാം തീയതി വൈകിട്ട് 4 മണിയ്ക്കു് ഇടവക്കാരും പൊതുജനങ്ങളും ചേർന്ന് അഭിവന്ദ്യ തിരുമേനിക്ക് ഒരു സ്വീകരണം നൽകി.

## പുനരൈക്യം

1964 ഡിസംബർ 28-ാം തീയതി പുത്തൂരിനടുത്ത് കൈതക്കോട്ട് എന്ന സ്ഥലത്ത് അഞ്ചുകുടുംബങ്ങൾ കത്തോലിക്കാസഭയോടു പുനരൈക്യപ്പെട്ടു. ഇവരെ കത്തോലിക്കാസഭയിലേക്കു സ്വീകരിച്ചതു് അഭിവന്ദ്യ തിരുമേനിയാണു്.

## സ്വീകരണം

പനംപററ എന്ന സ്ഥലത്തുവച്ച് അവിടത്തെ പഞ്ചായത്തിന്റെ വകയായി ഡിസംബർ 28-ാം തീയതി തിരുവനന്തപുരം ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിക്ക് ഹാർദ്ദമായ ഒരു സ്വീകരണം നൽകപ്പെട്ടിരിക്കുന്നു്.

## സന്ദർശനം

ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമനസ്സുകൊണ്ട് ഡിസംബർ 29-ാം തീയതി പിടവൂർ മിഷ്യൻ സന്ദർശിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു.

## ആദ്യകുർബാന സ്വീകരണം

1965 ജനുവരി 1-ാം തീയതി അഭിവന്ദ്യ തിരുമേനി കുടശ്ശനാട്ട് പള്ളിയിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും അന്നേ ദിവസം 50-ൽപ്പരം കുട്ടികൾക്കു ആദ്യകുർബാന നൽകുകയും ചെയ്തു.

## കുരിശ്ശടി

പൂഴിക്കാട്ട് എന്ന സ്ഥലത്ത് പുതുതായി പണിയാൻ തീരുമാനിച്ചിരിക്കുന്ന കുരിശ്ശടിക്കു് ആർച്ചു് ബിഷപ്പു് തിരുമേനി ജനുവരി 1-ാം തീയതി ശിലാസ്ഥാപനം നടത്തി.

## ബിഷപ്പ് കോൺഫറൻസ്.

ജനുവരി 5-ാം തീയതി കോട്ടയത്തുവച്ച് അഖിലക്രൈസ്തവ ബിഷപ്പ്സ് കോൺഫറൻസ് നടത്തപ്പെട്ടിരിക്കുന്നു. തിരുവനന്തപുരം ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമനസ്സുകൊണ്ട് ഈ സമ്മേളനത്തിൽ സംബന്ധിച്ചു.

*Printed at the St. Mary's Press, Pattom, Trivandrum-4. and Published by Rt. Rev. Msgr. Philipose Remban.*